25

# ജനനം മുതൽ മരണം വരെയുള്ള ലളിതമായ ചടങ്ങുകളും മരണാനന്തര കർമ്മങ്ങളും

## ധന്യജീവിതത്തിനായി അനുശാസിക്കേണ്ടത്

ശാസ്ത്രജ്ഞന്മാരും, വേദപണ്ഡിതന്മാരും ആചാര്യന്മാരും
ചർച്ച ചെയ്ത് നവീകരിച്ച് ലളിതമാക്കി,
ക്രോഡീകരിച്ച് സമർപ്പിക്കുന്നത്


ഡോ. എൻ. ഗോപാലകൃഷ്ണൻ Ph. D., D.Litt.
(Scientist & Director IISH)



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018
www.iish.org Ph : 0471-2490149

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 115


Scanned with CamScanner

# ജനനം മുതൽ മരണം വരെയുള്ള
# ലളിതമായ ചടങ്ങുകളും
# മരണാനന്തര കർമ്മങ്ങളും

ധന്യജീവിതത്തിനായി അനുശാസിക്കേണ്ടത്.

ശാസ്ത്രജ്ഞന്മാരും, വേദപണ്ഡിതന്മാരും ആചാര്യന്മാരും
ചർച്ച ചെയ്ത് നവീകരിച്ച് ലളിതമാക്കി,
ക്രോഡീകരിച്ച് സമർപ്പിക്കുന്നത്

**ഡോ: എൻ. ഗോപാലകൃഷ്ണൻ** Ph.D., D.Litt
Scientist & Director IISH

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്**
**തിരുവനന്തപുരം – 695 018**
www.iish.org

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 115

Scanned with CamScanner

**ജനനം മുതൽ മരണം വരെയുള്ള ലളിതമായ ചടങ്ങുകളും മരണാനന്തര കർമ്മങ്ങളും**

**ധന്യജീവിതത്തിനായി അനുശാസിക്കേണ്ടത്.**


**Dr. N. Gopalakrishnan**

M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.

(Scientist & Director IISH)



Published by:

**Indian Institute of Scientific Heritage (IISH)**

**Registered Charitable Trust 328/99/IV**

Ushus, Estate Road, Pappanamcode

Trivandrum - 695 018 (Ph. 0471 - 2490149)

Website : www.iish.org

**Rs. 25/-**

*Printed at:*

Sree Printers

Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135



Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# മരണാനന്തര ചടങ്ങുകൾ

**ഒന്നു ശ്രദ്ധിക്കൂ ................ !**

നമുക്ക് ജന്മം നൽകി, വളർത്തി, വലുതാക്കി, സ്വന്തം ജീവിതത്തിന്റെ വലിയൊരുഭാഗം നമുക്കുവേണ്ടി ചെലവഴിച്ച്, അതിന്റെ ഒരു കണക്കും പറയാതെ, ലാഭനഷ്ടങ്ങൾ ചിന്തിക്കാതെ ഇഹലോകവാസം വെടിയുന്ന മാതാപിതാക്കളെ സ്മരിച്ചുകൊണ്ട് അനുഷ്ഠിക്കാനുള്ളതാണ് പിതൃകർമ്മം.

നമ്മുടെ ജീവിതത്തിൽ നമുക്കുവേണ്ടി മാത്രമായി നീക്കിവെക്കുന്ന 26,000ൽപരം ദിവസങ്ങളിൽ, 16 ദിവസം ശരാശരി 2 മണിക്കൂർ വീതവും, വർഷത്തിൽ കർക്കിടകത്തിലെ കറുത്തവാവിന് രണ്ട് മണിക്കൂറും, മാതാപിതാക്കൾക്ക് വേണ്ടി മാറ്റിവെച്ചുകൂടെ !

നമ്മുടെ ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രചിന്താധാരക്കും വിശകലനം ചെയ്യുവാൻ സാധിക്കുന്ന മനഃശാസ്ത്രം, കുടുംബബന്ധങ്ങളുടെ നരവംശ ശാസ്ത്രം, സമൂഹ ജീവിതത്തിന്റെ സാമൂഹിക ശാസ്ത്രം, ആത്മീയതയുടെ നന്മകളുടെ മൂല്യങ്ങൾ സമന്വയിപ്പിച്ച്, അടുത്ത തലമുറകൾക്കുകൂടി മാതൃപിതൃ ബന്ധത്തിന്റെ സന്ദേശ ചൈതന്യം പകരാനുതകുന്ന ഉത്തമ ആചാരങ്ങളുടേയും ചടങ്ങുകളുടേയും പ്രതീകാത്മക സംഗ്രഹമാണ്, ഭാരതീയ മരണാനന്തരക്രിയകളെല്ലാം.

ഭക്തി, ശ്രദ്ധ, സ്നേഹം, നന്മ നിറഞ്ഞ മനസ്സ്, ഇവയെല്ലാം സമന്വയിക്കുന്ന ചടങ്ങുകൾ, ആഡംബരങ്ങളും, ആർഭാടങ്ങളുമില്ലാതെ ആത്മസംതൃപ്തിക്കായി അനുഷ്ഠിക്കണം. ഭാരതീയ പൈതൃകസന്ദേശം ശാസ്ത്രീയമായി ജനസഹസ്രങ്ങളിലെത്തിക്കുന്ന പുണ്യ പവിത്ര ദൗത്യമേറ്റെടുത്തുകൊണ്ട്, ഈ പുസ്തകം നിങ്ങൾക്ക് സമർപ്പിക്കുന്നു. മറ്റുള്ളവരിലും ഈ സന്ദേശമെത്തിക്കുക.

20-10-2011 ഡോ: എൻ. ഗോപാലകൃഷ്ണൻ



Scanned with CamScanner

# കൃതജ്ഞത

ആചാരാനുഷ്ഠാനങ്ങളുടെ സംക്ഷിപ്തം ഉജ്ജ്വലമായി തയ്യാറാക്കി തന്നതിന് തൃശ്ശൂർ, ആറാട്ടുപുഴ, ചേന്ദമംഗലത്തില്ലത്തിലെ സംപൂജ്യ ശ്രീമതി. സുഭദ്രാ അന്തർജനത്തിന് കൃതജ്ഞതാപൂർവ്വം പ്രണാമമർപ്പിക്കുന്നു.

ഇന്നു നിലവിലുള്ള സമ്പ്രദായങ്ങളുടെ വിവിധ ഭാഗങ്ങൾ വിവരിച്ചു നൽകിയ അനവധി കർമ്മികളായ ആചാര്യന്മാർ അവിസ്മരണീയമാം വിധത്തിൽ ഈ ചടങ്ങുകൾക്കുള്ള നിർദ്ദേശങ്ങൾ എഴുതിയും ഉപദേശിച്ചും നൽകി. അവരെയും സ്മരിക്കട്ടെ, അതിൽ **ശ്രീവല്ലച്ചിറ കെ. മുരളീധരനെ** പ്രത്യേകം പ്രണമിക്കട്ടെ.....

നന്മനിറഞ്ഞ കർമ്മങ്ങൾക്കും, സനാതന ധർമ്മത്തിന്റെ നവീകരണത്തിനും ശുദ്ധീകരണത്തിനും സർവ്വാത്മനാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, തൃശ്ശൂർ, ചേർപ്പ്, പെരുവനം സ്വദേശി സംപൂജ്യനായ ശ്രീ. കെ.പി.സി. അനുജൻ ഭട്ടതിരിപ്പാട് അവർകൾ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് കൃതജ്ഞതാപൂർവ്വം പ്രണാമമർപ്പിക്കുന്നു.

ആധുനിക ന്യൂറോസർജനും രണ്ടുവേദങ്ങളുടെയും ആധികാരികമായ താത്വിക-പ്രായോഗിക ജ്ഞാനിയുമായ ഡോ: എം. സാംബശിവന് നന്ദി സ്മരിക്കുന്നു.

ഭാരതീയ പൈതൃകത്തിൽ, പിതൃകർമ്മാനുഷ്ഠാനങ്ങൾക്ക് രൂപരേഖ, സഹ്രാബ്ദങ്ങൾക്കു മുമ്പു തയ്യാറാക്കി വരുംതലമുറകൾക്ക് നൽകിയ ബൗധായനാചാര്യന്റേയും, കാത്യായനാചാര്യന്റേയും, ആപസ്തംബാചാര്യന്റേയും മാനവ കൽപശാസ്ത്രരചന നടത്തിയ മനുവിന്റേയും, വേദവ്യാസന്റേയും പാദങ്ങളിൽ (ഈ ലഘു കർമ്മപുസ്തകം) സമർപ്പിക്കുന്നു.



Scanned with CamScanner

# മരണം

ഈ ഭൂമിയിൽ ജന്മമെടുത്ത എല്ലാ ജീവജാലങ്ങൾക്കുമുള്ളതാണ് അന്ത്യയാത്ര, മരണം. മരണത്തിൽ മറ്റൊരു ജീവിയും മനുഷ്യനെപ്പോലെ ദുഃഖിക്കാറില്ല. കുടുംബ-സമൂഹ ബന്ധങ്ങൾ പരസ്പരം കോർത്തിണക്കിയിരിക്കുന്നതുകൊണ്ടാണ് മരണവേളയിലെ മനുഷ്യദുഃഖം. ഈ ബന്ധങ്ങളേയും, ദുഃഖത്തേയും, ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും ചരടുകൾ കൊണ്ട് കോർത്തിണക്കി, നന്മയ്ക്കായി ഉപയോഗിക്കുവാൻ വേണ്ടിയാണ് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന മരണാനന്തര ക്രിയകൾക്ക് ഭാരതീയ ഋഷിവര്യന്മാർ രൂപകൽപന നൽകിയത്. ഈശ്വരവിഗ്രഹം കുടികൊള്ളുന്ന ആലയം ദേവാലയമാണ്. അതുപോലെ പരമാത്മ ചൈതന്യഭാഗമായ ജീവാത്മചൈതന്യം കുടികൊള്ളുന്ന ആലയമാണ് മനുഷ്യശരീരം. ഈ ശരീരത്തിൽ നിന്നും ജീവാത്മ ചൈതന്യം എന്നെന്നേയ്ക്കുമായി യാത്രപോയാൽ അവശേഷിക്കുന്ന ശരീരമെന്ന ക്ഷേത്രാവശിഷ്ടത്തെ യാഗാഗ്നിയിൽ ഹോമിക്കുന്നതിനു സമാനമാണ് മൃതശരീരദഹനം.

**മനുഷ്യശരീരം ചീഞ്ഞളിഞ്ഞ്, പുഴുവരിച്ച്, വികൃതരൂപമായി ദശാബ്ദങ്ങൾ നിലനിൽക്കുന്ന അസ്ഥിപഞ്ജരമായി ഭൂമിക്ക് ദുർഗന്ധം വമിക്കുന്ന ഗതികേട് ഉണ്ടാകാതിരിക്കുക എന്ന ഉത്തമ ശാസ്ത്രീയ ആചാരം പിന്തുടരുവാൻ നമ്മുടെ ഋഷിവര്യന്മാർ പാരമ്പര്യമായി തലമുറകൾക്ക് കൈമാറിയ ചടങ്ങുകളാണ്. ജഡം അഗ്നിയിൽ ഹോമിക്കുക എന്നത്.**

അഞ്ചാമത്തെ വേദാംഗമായ കൽപശാസ്ത്രത്തിന്റെ ഭാഗമാണ് പിതൃമേധസൂത്രം. ഇതിലാണ് അന്ത്യേഷ്ഠി (അവസാനത്തെ യാഗം) എന്ന മരണാന്തരകർമ്മങ്ങൾ വൈദികാചാരപ്രകാരം വിവരിച്ചിരിക്കുന്നത്. ലളിതമായി, സാധാരണക്കാർക്ക് അനുഷ്ഠിക്കുവാൻ സാധിക്കുന്ന വിധത്തിൽ, ഗരുഡ പുരാണത്തിലെ രണ്ടാം ഭാഗത്തിൽ ഈ ചടങ്ങുകൾ വിവരിക്കുന്നുണ്ട്.

സുഹൃത്തുകൾക്കോ, ബന്ധുക്കൾക്കോ ഈ ചടങ്ങുകൾ ആചരിക്കാമെങ്കിലും മരണാന്തര കർമ്മാനുഷ്ഠാനം മക്കളുടെ ധർമ്മമാണ്. ഈ മരണാനന്തരകർമ്മം കൂടി അനുഷ്ഠിച്ചുകഴിയുമ്പോളാണ് **മകന് പുത്രസ്ഥാനവും മകൾക്ക് പുത്രീസ്ഥാനവും ലഭിക്കുന്നത്. പും നാമ നരകാത് ത്രായതേ ഇതി പുത്ര/പുത്രി.** ലഭ്യമായ സ്ഥലം, സൗകര്യം, സമയം ഇവയുപയോഗിച്ച് ദേശത്തോ വിദേശത്തോ, എവിടെയായാലും ഈ കർമ്മമനുഷ്ഠിക്കേണ്ടതാണ്.



Scanned with CamScanner

ആചാര്യനേയോ, പണ്ഡിതനേയോ, കാത്തിരിക്കേണ്ടതായ ആവശ്യമേയില്ല. നമ്മൾ കുറച്ചുപേർ ഈ പുസ്കത്തിലെ വിവരണം പല പ്രാവശ്യം വായിക്കുക. ഒരിക്കലും മനഃപാഠമാക്കേണ്ടതില്ല. പിന്നീട് നമ്മുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അനുഷ്ഠിക്കുവാനായി സാവധാനത്തിൽ വായിച്ചു നിർദ്ദേശങ്ങൾ നൽകി അനുഷ്ഠിപ്പിക്കുക. പിതൃകർമ്മാനുഷ്ഠാനത്തിന് സഹായിക്കുന്നത് മാതാപിതാക്കളുടെ അനുഗ്രഹത്തിന് തുല്യമായ പുണ്യകർമ്മമാണെന്ന് പ്രത്യേകം ഓർമ്മിക്കുക.

ചിലർ 10 ദിവസം, 12 ദിവസം, 16 ദിവസം എന്നിപ്രകാരം കർമ്മങ്ങളനുഷ്ഠിക്കാറുണ്ട്. യുക്തമായി, ഇതിലേതെങ്കിലും തെരഞ്ഞെടുക്കാം. ശ്രദ്ധയോടെ കർമ്മങ്ങളനുഷ്ഠിക്കണമെന്നുമാത്രം.

## ഇതും വായിച്ചിരിക്കണം

1. വിവിധ ചടങ്ങുകളുടെ സമാഹാരമാണ് മരണാനന്തര കർമ്മങ്ങൾ. അവയൊന്നും വാദിക്കാനോ ജയിക്കാനോവേണ്ടി ചർച്ച ചെയ്യപ്പെടേണ്ട ആവശ്യമില്ല. നാട്ടാചാരമനുസരിച്ച് ശാന്തമായി അനുഷ്ഠിക്കുക.
2. നല്ല രീതിയിൽ മാർഗ്ഗനിർദ്ദേശം നൽകാൻ സാധിക്കുന്ന വ്യക്തിയേയോ പുസ്തകത്തേയോ ആശ്രയിക്കുക. ഇതു രണ്ടുമില്ലാത്ത സ്ഥലമാണെങ്കിൽ സാധിക്കുന്ന വിധത്തിൽ അനുഷ്ഠിക്കുക.
3. ആധുനിക കാലഘട്ടത്തിനനുയോജ്യമാംവിധം തയ്യാറാക്കിയിരിക്കുന്ന വിവരണമാണ് ഇതിലുള്ളത്. ബ്രാഹ്മണരല്ലാത്തവർക്കുള്ള ചടങ്ങുകളാണിതിൽ വിവരിച്ചിരിക്കുന്നത്.
4. ഓരോന്നായി പറഞ്ഞുകൊടുത്ത് (വീട്ടിൽ മരണമുണ്ടാകുമ്പോൾ) അനുഷ്ഠിപ്പിക്കുവാൻ സഹപ്രവർത്തകർക്ക് പരസ്പരം സാധിക്കണം.
5. ആര് എന്നു മരിക്കുമെന്ന് നിശ്ചയിക്കുന്നത് ജഗദീശ്വരനാണ്. അതിനാൽ ഏതുദിവസം മരിച്ചാലും അതിലെ കരിനാളും, കരിയില്ലാത്ത നാളും അന്വേഷിച്ച് അന്ധവിശ്വാസത്തിലൂടെ പോകരുത്.
6. കരിനാളുണ്ടെന്ന് പറഞ്ഞനുഷ്ഠിക്കുന്ന ദുരാചാരങ്ങൾ ഒഴിവാക്കണം. ഏതു ദിവസം മരിച്ചാലും ഒരേ കർമ്മരീതി അനുഷ്ഠിക്കുക. ആഴ്ച, ദിവസം, ഒറ്റ-ഇരട്ട ദിവസം ഇതൊന്നും അന്വേഷിച്ചു പോകണമെന്ന് ഒരു ഗ്രന്ഥവും പറഞ്ഞിട്ടില്ല.
7. ആചരണവേളയിലെവിടേയെങ്കിലും കുറവുകളും തെറ്റുകളും സംഭവിക്കുന്നുണ്ടെങ്കിൽ അതിനുള്ള പ്രായശ്ചിത്തം കർമ്മത്തിൽ തന്നെ എഴുതിച്ചേർത്തിട്ടുണ്ട്.
8. ഒരു ചടങ്ങും മനപ്പാഠമാക്കേണ്ടതില്ല, ശ്രദ്ധയോടെ വായിക്കുന്നത് കേട്ട് അനുഷ്ഠിക്കുക.



Scanned with CamScanner

9. ജീവിച്ചിരുന്ന / ജീവിച്ചിരിക്കുന്ന കാലഘട്ടത്തിലും, മരിച്ചതിനുശേഷവും മക്കളെ ഒരിക്കലും മാതാപിതാക്കൾ ശപിക്കില്ല, മക്കളുടെ നന്മ മാത്രമേ അവർ കാംക്ഷിക്കുകയുള്ളൂ. അതിനാൽ തെറ്റുകൾ സംഭവിക്കുമോ എന്ന് ചിന്തിക്കേണ്ടതായ ആവശ്യമേയില്ല.

**ആസന്ന മരണവേളയിൽ അനുഷ്ഠിക്കാനുള്ളത്**

1. ശ്രദ്ധയോടെ പരിചരിക്കുക. ക്ഷേത്ര തീർത്ഥം, ഗംഗാജലം, തുള്ളിയായി നൽകുക.
2. ഭഗവദ്ഗീത, സഹസ്രനാമങ്ങൾ, കീർത്തനങ്ങൾ, എല്ലാ നേരവും കാസറ്റിലൂടെയെങ്കിലും കേൾപ്പിക്കുക.
3. മക്കളും ബന്ധുക്കളും സമീപത്തിലുള്ളവരും, ആശ്വാസവാക്കുകൾ പറഞ്ഞ്, ആത്മവിശ്വാസം നൽകി, മരണഭയത്തിൽ നിന്ന് മനസ്സിനെ കീഴടക്കാൻ സഹായിക്കണം.
4. ഇപ്രകാരം കട്ടിലിൽ അന്ത്യയാത്രക്കായി നാം സ്വയം കിടക്കുമ്പോൾ, എന്തെല്ലാം പ്രതീക്ഷിക്കുമെന്ന് ചിന്തിക്കുക. അതെല്ലാം നമ്മുടെ മാതാപിതാക്കൾക്കും അന്ത്യശ്വാസത്തിനു മുമ്പ് നൽകുക.
5. മക്കളുടെ മടിയിൽ തലവെച്ചുകൊണ്ട് അന്ത്യശ്വാസം വലിക്കാൻ സാധിക്കുന്ന മാതാപിതാക്കളുടെ ജന്മമാണ് പുണ്യമായ ജന്മം.
6. ജീവിതാന്ത്യത്തിൽ, വീട്ടിൽ വെച്ച് തന്നെ അന്ത്യശ്വാസം വലിക്കാൻ സാധിക്കണം. ഡോക്ടർമാരുടെ ഉപദേശം സ്വീകരിച്ച് പരിചരണം സ്വഗൃഹത്തിലാക്കണം.

**മരണസമയത്തിൽ അനുഷ്ഠിക്കാനുള്ളത്.**

1. പ്രിയ ബന്ധുജനങ്ങളും മക്കളും സമീപത്തുണ്ടാകണം.
2. ഗംഗാജലവും തീർത്ഥജലവും, ശ്വാസതടസ്സമുണ്ടാകാതെ ഓരോരുത്തരായി നൽകണം.
3. മരണാനന്തരം മക്കളും ചെറുമക്കളും കാൽതൊട്ട് വന്ദിക്കണം.

## മരണാനന്തര ചടങ്ങുകൾ (ഒന്നാം ഭാഗം)

ബന്ധുക്കളും, അയൽക്കാരും, സുഹൃത്തുക്കളും സമുദായാംഗങ്ങളുമാണ് ഈ കർമ്മഭാഗത്തിന് നേതൃത്വം നൽകേണ്ടത്.

**ആവശ്യമുള്ള ദ്രവ്യങ്ങൾ**

ഒരു ബക്കറ്റ് ചൂടുവെള്ളം, ചന്ദനം, ഭസ്മം, മഞ്ഞൾപൊടി ഒരു ഡബിൾ മുണ്ട്, വിളക്ക്, നാളികേരം, ഒരു മീറ്റർ വീതം നീളമുള്ള തുണി മുറിച്ച ചരട് (ഒരിഞ്ച് വീതിയിൽ), ചന്ദനത്തിരി, പൂവ്, ചെറിയ അരിക്കിഴി.



Scanned with CamScanner

**അനുഷ്ഠാനവിധി**

1. കട്ടിലിൽ നിന്ന് മൃതശരീരം തെക്ക് വടക്കായി കിടത്തി പുറത്തു വച്ച് ചൂടുവെള്ളം കൊണ്ട് ശരീരം ശുദ്ധമാക്കുക.
2. ശരീരത്തിൽ ഭസ്മം, ചന്ദനം ചാർത്തി, മൂക്കിൽ പഞ്ഞിവെച്ച്, കയ്യിലെ പെരുവിരൽ കൂട്ടിച്ചേർത്ത് കെട്ടി, കാലിലേയും പെരുവിരൽ ചേർത്ത്കെട്ടി, ഇലയിൽ കിടത്തുക. മാറിടം, അരക്കെട്ട്, കാൽമുട്ട് എന്നീ ഭാഗങ്ങളിൽ തുണിച്ചരടുകൊണ്ട് കെട്ടുക. ഡബിൾ മുണ്ട്/ പട്ട് കൊണ്ട് പുതക്കുക.
4. മൃതശരീരം തല തെക്കോട്ടായി പൊതുജന/ബന്ധുജന ദർശനത്തിനായി മുറിക്കുള്ളിൽ കിടത്തുക. കിഴക്കു പടിഞ്ഞാറായി വിളക്കിൽ തിരി കത്തിക്കുക. രണ്ടു നാളികേരമുറിയിൽ അരിക്കിഴി എണ്ണയൊഴിച്ച് കത്തിച്ച്, പാദത്തിനും ശിരസ്സിനും സമീപം വയ്ക്കുക, മൃതശരീരത്തിനു ചുറ്റും നിലത്ത് മഞ്ഞൾപൊടിയുടെ വലയം ഉണ്ടാക്കുക.
5. മുഖം മാത്രം കാണാവുന്ന വിധത്തിൽ, മുഖത്തെ തുണി ചുരുട്ടി പിന്നീട് പൂർണമായും മൂടുവാൻ പാകത്തിന് വെക്കുക.

**ചിതയൊരുക്കൽ കർമ്മം**

ബന്ധുക്കളൊ അയൽക്കാരോ, സുഹൃത്തുക്കളോ മുൻകൈയ്യെടുത്ത് പുരയിടത്തിലോ, ശ്മശാനത്തിലൊ, മൃതദേഹം സംസ്ക്കരിക്കുവാനാവശ്യമായതെല്ലാം സജ്ജമാക്കണം.

**ആവശ്യമായ ദ്രവ്യങ്ങൾ**

ചിരട്ട, മാവിന്റെ വിറക്, ഇലയും കടയും കളഞ്ഞ രണ്ടു വാഴ, അത്രതന്നെ നീളവും വീതിയുമുള്ള മാവിൻ തടി/തടിപിളർത്തി രണ്ടു കഷ്ണം, മൃതശരീരം ചുമലിൽ വെക്കാനായി പച്ചമുള ഏണി.

**അനുഷ്ഠാന വിധി**

1. ആറടി നീളം, മൂന്നടി വീതി ഒരടി താഴ്ചയിൽ മണ്ണുമാറ്റി വടക്കു-തെക്കായി കുഴിക്കുക. രണ്ടുവശത്തും നീളത്തിൽ മാവിൻതടി വെച്ച് ചിരട്ട, വിറക് ചിട്ടയായി അടുക്കി രണ്ടു വശത്തും വാഴത്തണ്ട് (മാവിൻ തടി വെച്ചിരിക്കുന്നതുപോലെ ക്രമീകരിക്കുക)
2. വിറകും, ശരീരവും കത്തിത്തുടങ്ങുമ്പോൾ, മൃതശരീരം വശങ്ങളിലേക്ക് മറിഞ്ഞു വീഴാതെ കത്തിത്താഴാൻ പാകത്തിനു, പരിചയമുള്ളവർ വേണം ചിതയൊരുക്കാൻ.

**ശ്മശാനത്തിലേക്കുള്ള (അന്ത്യ) യാത്ര**

(ഈ കർമ്മങ്ങൾക്ക് നേതൃത്വം നൽകേണ്ടത് സുഹൃത്തുക്കളും ബന്ധുക്കളുമാണ്. മാതാപിതാക്കളുടെ വേർപാടിൽ തളർന്ന മക്കൾക്ക് താങ്ങും തണലുമാകേണ്ടത് ബന്ധുമിത്രങ്ങളാണ്)



Scanned with CamScanner

### ആവശ്യമുള്ള ദ്രവ്യങ്ങൾ

ഒരു മൺകുടം ഒരു തരി സ്വർണം, ചന്ദനമുട്ടിയുടെ കഷണം, അരി, പൂവ്, കിണ്ടി വെള്ളം.

ശ്മശാനത്തിലേക്കുള്ള യാത്ര കാൽനടയായോ വാഹനത്തിലോ ആകാം. ബന്ധുക്കളും പരേതന്റെ മക്കളുടെ കൂടെയുണ്ടാകണം.

## ആനുഷ്ഠാനവിധി

1. മക്കളും കർമ്മികളായ ബന്ധുക്കളും കുളിച്ച്, പച്ചമുള ഏണിയിൽ മുഖം അടക്കം മൂടിയ മൃതശരീരം വെച്ച് യാത്രയാകണം.
2. മക്കളെല്ലാവരും, ബന്ധുക്കളും, മൂന്നു പ്രദക്ഷിണം വച്ച് പാദം സ്പർശിച്ച് നമസ്കരിച്ച്, മൂത്തമകൻ ശിരോഭാഗവും മറ്റുള്ളവർ യഥായുക്തം ഉയർത്തി ചുമലിൽ വച്ച് യാത്രയാകണം.
3. കുടവും കിണ്ടിയുമായി മക്കളിലാരെങ്കിലും എടുത്ത് കൂടെയുണ്ടാകണം.

### ശ്മശാനത്തിൽ / ചിതയ്ക്കരുകിൽ നടത്തുന്ന കർമ്മങ്ങൾ

മക്കൾ മാത്രമാണ് ഈ കർമ്മം നടത്തേണ്ടത്. ആൺമക്കളില്ലെങ്കിൽ അടുത്ത ബന്ധുക്കൾക്ക് ഈ കർമ്മം നടത്താം.

1. ശിരസ്സ് തെക്കോട്ടായി, ചിതയ്ക്കു പടിഞ്ഞാറുവശം മൃതശരീരം വെച്ച് മൃതശരീരവും ചേർത്ത് ചിതയ്ക്ക് മൂന്നു പ്രദക്ഷിണം വെക്കുക. (എല്ലാ മക്കളും) ചിതയുടെ വടക്കു നിന്ന് തെക്കോട്ടു നോക്കി പ്രാർത്ഥിക്കുക.
2. ഒരിക്കൽകൂടി പിതാവിന്റെ / മാതാവിന്റെ മൃതശരീരത്തിന്റെ പാദം തൊട്ട് വന്ദിച്ച്, തല തെക്കോട്ടു വരത്തക്കവിധത്തിൽ മൃതദേഹം ചിതയിലെ വിറകിനു മുകളിൽ കിടത്തുക. (ഏണി ചിതയിൽ വെക്കേണ്ടതില്ല) അന്ത്യപ്രണാമം അർപ്പിക്കുക.

   **വായുരനില മമൃത മഥേദം ഭസ്മാന്തം ശരീരം**
   **ഓം ക്രതോസ്മര കൃതംസ്മര ക്രതോസ്മര കൃതം സ്മര**
   (കഴിഞ്ഞകാല സ്മരണകൾ ഓർമ്മിക്കുക)
3. കുടത്തിലെ വെള്ളം അൽപാൽപം താഴെ വീഴത്തക്കവിധത്തിൽ ഒരുവശത്ത് ഒരു കത്തികൊണ്ടോ കല്ലുകൊണ്ടോ ദ്വാരമുണ്ടാക്കി കുടം തലയിൽ വച്ച് ചിതയെ മൂന്നു പ്രദക്ഷിണം വെച്ച്, ചിതയുടെ വടക്ക് ഭാഗത്ത് നിന്നുകൊണ്ട്, കുടം പുറകോട്ട് (തെക്കോട്ട്) ഇടുക് കുടക്കഷണങ്ങളിൽ അവശേഷിക്കുന്ന ജലത്തിന്റെ ഏതാനും തുള്ളികൾ കിണ്ടിയിലെ ജലത്തോടൊപ്പം ചേർക്കുക.

4. മൃതശരീരത്തിലെ മുഖം മറച്ചിരിക്കുന്ന തുണി അൽപ്പം മാറ്റി, ഒരു തരി സ്വർണവും, അരിമണിയും വായിലിടുക. എല്ലാ മക്കൾക്കും ബന്ധുക്കൾക്കും ദർശനത്തിന് അവസരം നൽകി മുഖം മൂടുക.

5. ചന്ദനമുട്ടിയുടെ ഒരു കഷണം, മൃതദേഹത്തിൽ വെച്ച്, ഓരോ വിറക്, മക്കൾ എല്ലാവരും വെച്ച്, ശരീരത്തിന്റെ പൂർണ്ണദഹനത്തിനാവശ്യ മായ വിറകും ചിരട്ടയും അടുക്കി വെയ്ക്കുക.

6. എല്ലാ മക്കളും ചേർന്ന് ചിതയിലേക്ക് നോക്കി പ്രാർത്ഥിക്കുക. മൂത്തമകൻ കൈയിൽ അഗ്നിയുമായി പ്രാർത്ഥിക്കണം.

**അഗ്നേ നയ സുപഥാ രായേ അസ്മാൻ**
**വിശ്വാനി ദേവ വയുനാനി വിദ്വാൻ**
**യുയോധ്യസ്മത് ജുഹുരാണ മേനോ**
**ഭൂയിഷ്ഠാം തേ നമ ഉക്തിം വിധേമ**
(അഗ്നിദേവാ ഈ ആത്മാവിനെ നല്ലവഴിക്കു നയിക്കേണമേ......)

ചിതയ്ക്ക് തീ കൊളുത്തുക.

7. ഈ സമയത്ത് ചിതക്കു സമീപം സന്നിഹിതരായവരെല്ലാം ഓരോ വിറകുകൊള്ളി, കത്തുന്ന ചിതയിലർപ്പിക്കണം. പ്രദക്ഷിണം വച്ച് നമസ്ക്കരിക്കണം.

(എല്ലാവർക്കും ഇങ്ങിനെയൊരു ദിവസം വരുന്നുണ്ടാകും എന്ന് പ്രത്യക്ഷദർശനത്തിലൂടെറിയുക.)

സ്വഗൃഹത്തിലേക്ക് മടങ്ങി, കുളിച്ച്, ഭക്ഷണം കഴിക്കാം. പരേതന്റെ മക്കൾ / ഭാര്യ / ഭർത്താവ് വ്രതതുല്യമായ ഭക്ഷണം മാത്രം കഴിക്കുക. ഇനിയുള്ള പത്തോ, പന്ത്രണ്ടോ, പതിനാറോ ദിവസത്തേക്ക് ആഡംബരങ്ങൾ പൂർണ്ണമായും ഒഴിവാക്കണം. വസ്ത്രധാരണത്തിലും ഭക്ഷണക്രമത്തിലും, ശയനാദികാര്യങ്ങളിലും, ഇഹലോകവാസം വെടിഞ്ഞ മാതാപിതാക്കളോട് / ഭാര്യയോട് / ഭർത്താവിനോട്) ഉള്ള തായ സ്നേഹം, ഭക്തി, വേർപാടിന്റെ ദുഃഖം നാം അനുഭവിക്കുന്നത്, അടുത്ത തലമുറകണ്ടും കേട്ടും അറിയാനുള്ള അവസരം ഒരുക്കിക്കൊടുക്കണം.

## മരണാനന്തര ദിവസങ്ങളിലെ കർമ്മങ്ങൾ

എല്ലാദിവസവും രണ്ടു പ്രത്യേക കർമ്മങ്ങളാണനുഷ്ഠിക്കുവാനുള്ളത്. ലളിതമായ ഈ കർമ്മങ്ങൾക്ക് വേണ്ടിയുള്ള എല്ലാ സാധനങ്ങളും ഒരുക്കിവെക്കുകയാണെങ്കിൽ ആത്മാർത്ഥമായും ചുരുങ്ങിയ സമയം കൊണ്ടും കർമ്മങ്ങൾ പൂർത്തിയാക്കാം. ബന്ധുക്കളോ, സുഹൃത്തുക്കളോ ഈ ആചരണ വിധി വായിച്ച് കൊടുത്ത് പരേതന്റെ മക്കളെ



Scanned with CamScanner

ക്കൊണ്ട് സാവധാനത്തിൽ അനുഷ്ഠിപ്പിക്കണം. **പുരോഹിതന്റേയോ ആചാര്യന്റേയോ അഭാവം ഒരു പ്രശ്നമേ ആക്കാതെ സ്വയം അനുഷ്ഠിക്കാവുന്നതാണ്.**


**ആവശ്യമുള്ള ദ്രവ്യങ്ങൾ (ഒന്നാം കർമ്മം)** ഇവയെല്ലാം ബന്ധുക്കളോ കുടുംബാംഗങ്ങളോ നേരത്തെ ഒരുക്കി വെക്കുക.

എള്ള്, പൂവ്, ചെറൂള, ഉണക്കലരി, വാഴയില, ഒരു കരിങ്കൽ കഷ്ണം ചെറുത്, കറുക, ചന്ദനം, ക്രിയാനുഷ്ഠാനവേളയിൽ മോതിരവിരലിൽ ധരിക്കാൻ മോതിരമോ അല്ലെങ്കിൽ പവിത്രമോ, കരിക്ക്, കിണ്ടി, വാഴയിലക്കുമ്പിൾ.

**ഒന്നാം കർമ്മം നടത്തേണ്ട സ്ഥലം**

കുളത്തിന്റെ / കിണറ്റിന്റെ / ആറിന്റെ / സമുദ്രത്തിന്റെ കരയിൽ അല്ലെങ്കിൽ സ്വന്തം പുരയിടത്തിൽ തുളസിത്തറക്കു സമീപം രണ്ടടി നീളം - വീതിയിൽ അരയടി പൊക്കത്തിൽ ഒരു മണൽത്തിട്ടയുണ്ടാക്കി അതിലായിരിക്കണം 10 /12/16 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന കർമ്മങ്ങളനുഷ്ഠിക്കേണ്ടത്.

**ക്രമീകരണം ചെയ്യുന്ന വിധം**




ത - ഇരിപ്പിടം ഥ - കിണ്ടി ദ - മണൽതിട്ട ധ - ഇല

ന - വിളക്ക് പ - എള്ള്, ചന്ദനം, ചെറൂള ........... വെച്ചിരിക്കുന്ന താമ്പാളം

**കർമ്മാചരണവിധി** (ആൺമക്കൾമാത്രം അനുഷ്ഠിക്കാനുള്ളത് ! ആൺമക്കളില്ലെങ്കിൽ പെൺമക്കൾക്കും അനുഷ്ഠിക്കാം.)



Scanned with CamScanner

1. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ക്രമീകരിച്ച്, കുളിച്ച്, വിളക്ക് തെക്കുവടക്കായി തിരി കത്തിച്ച് ക്രിയയ്ക്കിരിക്കുക.
2. മൺതിട്ടയിലെ ഇലയിൽ കരിക്കും, കല്ലും കഴുകി വെച്ച്, തെക്കോട്ടു നോക്കി പരേതാത്മാവിന് സമർപ്പിക്കുന്നു എന്നു സ്മരിക്കുക.
3. എള്ള്, ചന്ദനം, പൂവ്, കിണ്ടിയിലെ വെള്ളത്തിലിട്ട്, ഭാരതത്തിലെ പുണ്യനദീജലം ഇവിടെ സംഗമിക്കുന്നു എന്നു പ്രാർത്ഥിക്കുക. (ഗംഗേ ച യമുനേ ചൈവ ..... മന്ത്രമറിയാമെങ്കിൽ ചൊല്ലുക)
4. കരിക്കിൻമേലും കല്ലിൻമേലും, കിണ്ടിയിലെ ജലം, എള്ള്, പൂവ്, ചന്ദനം, ചെറൂള ഓരോന്നായി നാമം ജപിച്ച് അർപ്പിക്കുക.
5. കല്ലിനു മുകളിൽ (തെക്കു വടക്കായി) മൂന്നു കറുക സമർപ്പിക്കുക. ഇതിൽ എള്ള്, ചെറൂള, പൂവ്, ചന്ദനം, ജലം അർപ്പിക്കുക.
6. പരേതാത്മാവിനെ ധ്യാനിച്ച് ഒരു പിടിയരി, പിണ്ഡമായി കരുതി കറുകയുടെ മുകളിൽ സമർപ്പിക്കുക. അതിനു മുകളിൽ എള്ള്, ചന്ദനം, ചെറൂള, പൂവ്, ജലം (നാമം ജപിച്ച്) സമർപ്പിക്കുക.
7. എല്ലാമക്കളും കയ്യിൽ എള്ളും, കറുകയുമെടുത്ത് പിണ്ഡത്തിന് മൂന്ന് പ്രദക്ഷിണം വച്ച് പരേതാത്മാവിനെ ധ്യാനിച്ച് പിണ്ഡത്തിൽ സമർപ്പിച്ച് നമസ്ക്കരിക്കുക.
8. ബാക്കിയുള്ള പൂവ് ചെറുള, എള്ള്, ചന്ദനം, ഒരു വാഴയിലക്കുമ്പിളിലാക്കി കരിക്കിന്റെ സമീപം സ്ഥാപിക്കുക. അൽപം ജലം കരിക്കിനും, പിണ്ഡത്തിനും, കരിക്കിനും, കുമ്പിളിനും നൽകി ഒന്നാം ക്രിയ അവസാനിപ്പിക്കുക.

**മരണാനന്തര ദിവസങ്ങളിലെ രണ്ടാം കർമ്മം**


ഈ കർമ്മം നടത്തേണ്ടത് ചിതയുടെ സമീപത്തോ തുളസിത്തറയുടെ തെക്കുവശത്തോ, പുരയിടത്തിൽ തെക്കുഭാഗത്ത് സൗകര്യമുള്ള സ്ഥലത്തോ, ശുദ്ധമാക്കിയ ഒരു മൺതിട്ട ആദ്യചടങ്ങുപോലെയുണ്ടാക്കി നടത്താം.

**ആവശ്യമുള്ള ദ്രവ്യങ്ങൾ (മുൻകൂട്ടി തയ്യാറാക്കുക)**

കറുക, എള്ള്, ചന്ദനം, പൂവ്, കിണ്ടി, വിളക്ക്, ഉണക്കലരി, വാഴയില, വാഴയില കുമ്പിൾ, കറുക + ചെമ്പു മോതിരം / മറ്റൊരു കരിങ്കൽ കഷണം + എള്ളും ചേർത്ത് ഒരു വാഴയില പൊതി, പകുതി വേവിച്ച ഉണക്കലരി ചോറ് / അരി.



Scanned with CamScanner




ത - ഇരിപ്പിടം ഥ - കിണ്ടി ദ - മണൽതിട്ടയിൽ കറുക

ധ - വിളക്ക് ന - കറുക, പൂവ്, എള്ള് ............. എന്നിവയുള്ള താമ്പാളം.

**കർമ്മാചരണ വിധി (എല്ലാമക്കളും ചേർന്ന് അനുഷ്ഠിക്കേണ്ടത്)**

ആദ്യകർമ്മത്തിലെ കിണ്ടിയിലെ വെള്ളം കളഞ്ഞ്, കുളിച്ച്, വെള്ളവുമായി ക്രിയ ആരംഭിക്കണം. ചിത്രത്തിലേതുപോലെ ക്രമീകരണം.

1. കിണ്ടിയിൽ പൂവ്, എള്ള് ഇട്ട് ഭാരതത്തിലെ പുണ്യനദീജലം സംഗമിക്കുന്നു എന്ന് സങ്കൽപിക്കുക.
2. മണൽതിട്ടയിൽ (മൂത്തമകൻ) കിണ്ടിയിലെ ജലം തളിച്ച് ചെറിയ കുഴി ഉണ്ടാക്കി മോതിരപ്പൊതി കുഴിച്ചിടുക. തുടർന്നുള്ള ദിവസങ്ങളിൽ ഈ പൊതി തിരിച്ചെടുത്ത്, അതിലെ മോതിരം അഥവാ കല്ല് കഴുകി മറ്റൊരു പൊതിയാക്കി വേണ്ടതെല്ലാം ചേർത്ത് വീണ്ടും കുഴിച്ചിട്ടിട്ടുവേണം ഓരോ ദിവസവും ക്രിയ ആരംഭിക്കാൻ.
3. തിട്ടയിൽ കറുക വടക്കു തെക്കായിവെച്ച് എള്ള്, ചന്ദനം, പൂവ്, ജലം യഥാക്രമം സമർപ്പിക്കുക. കറുകയുടെ തലക്കൽ - 3, നടുക്ക് - 5, കടക്കൽ - 7 വീതം പ്രാവശ്യം ജലം സമർപ്പിക്കുക.
4. പരേതാത്മാവിനെ സ്മരിച്ച് എള്ള് കറുകയുടെ നടുക്ക് സമർപ്പിക്കുക.
5. ഒരു ഗ്ലാസ് ഉണക്കലരി + എള്ള് + പൂവ് ഇവ ഒരുമിച്ച് ചേർത്ത് അതിൽ അൽപംവീതം, ഓരോ മക്കളും വലത്തേകയ്യിലെടുത്ത് പിണ്ഡമായി (ഇടത്തേ കൈ നെഞ്ചത്തുവച്ച്) കറുകയിലെ എള്ളിന്റെ മുകളിൽ സമർപ്പിക്കുക. (ഈ ഉണക്കലരിക്കുപകരം പകുതി വേവിച്ച ചോറ് പിണ്ഡമുരുട്ടിത്തന്നെ സമർപ്പിക്കുന്നത് ഉത്തമം)
6. നാമം ജപിച്ചുകൊണ്ട് എള്ള്, ചന്ദനം, പൂവ്, ചെറൂള യഥാക്രമം ഓരോന്നായി പിണ്ഡത്തിനുമുകളിൽ സമർപ്പിക്കുക.



Scanned with CamScanner

7. എള്ള്, പൂവ്, കറുക, കയ്യിലെടുത്ത് എല്ലാ മക്കളും, ബന്ധുക്കളും പിണ്ഡത്തിന് പ്രദക്ഷിണം വെച്ച്, സമർപ്പിച്ച് (തെക്കോട്ടായി) പിണ്ഡത്തെ നമസ്ക്കരിക്കുക.

8. താമ്പാളത്തിൽ അവശേഷിക്കുന്നതെല്ലാം ചേർത്ത്, ഒരു ഇലക്കുമ്പിളിലാക്കി പിണ്ഡത്തിനു സമീപം സമർപ്പിച്ച് കർമ്മമവസാനിപ്പിച്ച് നമസ്ക്കരിക്കുക. (നാമം ജപിച്ച്)

**പ്രത്യേകം ശ്രദ്ധിക്കുക.**

1. മേൽ വിവരിച്ച രണ്ടു ചടങ്ങുകളും എല്ലാ പുത്രന്മാരും പ്രത്യേകം പ്രത്യേകം അനുഷ്ഠിക്കേണ്ടതാണ്.
2. ബുദ്ധിമുട്ടുതോന്നുന്നപക്ഷം മൂത്തമകൻ എല്ലാക്രിയകളും യഥാവിധി അനുഷ്ഠിച്ച്, പിണ്ഡസമർപ്പണം മാത്രം മറ്റുമക്കളും ചേർന്ന് നടത്താവുന്നതാണ്.
3. ഒരാളെങ്കിലും ആചാരമനുസരിച്ച് 10, 12, 16 ദിവസത്തോളം (അവസാന ദിവസമൊഴികെ) ഈ കർമ്മങ്ങൾ അനുഷ്ഠിക്കണം. പൂർണമായി എല്ലാ ദിവസങ്ങളിലും അനുഷ്ഠാനത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത മക്കൾക്ക്, ബാക്കിയുള്ള ദിവസങ്ങൾക്കുള്ള പിണ്ഡം (ദിവസത്തിന്നൊന്ന് എന്ന ക്രമത്തിൽ) ഒരുമിച്ച് സമർപ്പിച്ച് അവസാനിപ്പിക്കാം. ഒരേ ചടങ്ങിൽ പിണ്ഡത്തിന്റെ എണ്ണം മാത്രം വർദ്ധിപ്പിക്കുന്നു എന്നർത്ഥം.
4. ദഹനദിവസം 1-ാം ദിവസമായി ഗണിക്കുന്നതാണുത്തമം. മരണ ദിവസം 1 എന്ന് ഗണിക്കുകയാണെങ്കിൽ അതനുസരിച്ച് ആകെ സംഖ്യ തികയ്ക്കാൻ ഒരു ദിവസം രണ്ടു സ്ഥലത്തും രണ്ടു പിണ്ഡം വീതം വെക്കുക. (ഒരേ ചടങ്ങിൽ പിണ്ഡത്തിന്റെ എണ്ണം മാത്രം കൂട്ടുക എന്നർത്ഥം - എണ്ണം കൃത്യമാക്കാൻ.)
5. ദഹനം നടന്ന ദിവസം മുതൽ 16 ദിവസത്തേക്കും സായം സന്ധ്യയിൽ ഒരു ഗ്ലാസിൽ പാലും മറ്റൊന്നിൽ ജലവും, വിളക്കും വീടിന്റെ തെക്കുഭാഗത്ത് വെച്ച് പ്രാർത്ഥിക്കുക.

**ശ്മശാനാനല ദഗ്ദ്ദോസി പരിത്യക്തോ *f* സി ബാന്ധവൈഃ**

**ഇദം ക്ഷീരം ഇദം നീരം ആഹാരായ പ്രകൽപ്യതാം**

(അർത്ഥം സ്വയം ചിന്തിക്കുക) നമസ്ക്കരിക്കുക.

## അസ്ഥി സഞ്ചയനം

മരിച്ച് 5,7,9, ദിവസങ്ങളിൽ ഏതെങ്കിലുമൊരു ദിവസം അസ്ഥി സഞ്ചയന ചടങ്ങ് നടത്താം. നാട്ടാചാരമനുസരിച്ച് പരിചയമുള്ളവർ നിർദ്ദേശിക്കുന്ന ദിവസം സ്വീകരിക്കാം.



Scanned with CamScanner

## ആവശ്യമുള്ള ദ്രവ്യങ്ങൾ

കരിക്ക്, 3 ചെറിയ കവുങ്ങിൻ പാള, പ്ലാശിന്റെ (ലഭ്യമല്ലെങ്കിൽ പ്ലാവിന്റെ) 6 ഇഞ്ച് നീളമുള്ള മൂന്ന് കമ്പ് (ചമത) ഒരു കോടിവസ്ത്രം, ഒരു കലം കുടത്തിനൊരു മൺ പാത്രമൂടി, കടകളഞ്ഞ ഒരു ചെറിയ വാഴ, നവധ്യാനം,

## അസ്ഥിസഞ്ചയന ആചരണ വിധി

1. സഞ്ചയന ദിവസത്തിന്റെ മുമ്പിലത്തെ ദിവസം മക്കൾ കുളിച്ച് ചിതക്ക് സമീപം തലയ്ക്കൽ വടക്ക്-തെക്ക് തിരിയിട്ട് വിളക്ക് കത്തിച്ച് മൂന്നു പ്രദക്ഷിണം വെച്ച് നമസ്ക്കരിക്കണം.
2. അടുത്ത ദിവസം, തലഭാഗത്ത് വിളക്ക് കത്തിച്ച്, മൂത്ത മകൻ കിണ്ടിയിൽ വെള്ളമെടുത്ത്, കയ്യിലൂടെ ജലം ചിതയുടെ കാൽക്കൽ ഒഴിക്കുക. പ്രദക്ഷിണം വെച്ച് നമസ്ക്കരിക്കുക. ബന്ധുക്കൾക്കും തൊഴുത് പ്രദക്ഷിണം വെച്ച് കാൽക്കൽ നമസ്ക്കരിക്കാം.
3. മൂന്ന് കവുങ്ങിൻ പാളക്കഷണം ചിതയുടെ പടിഞ്ഞാറു ഭാഗത്ത് കാൽക്കൽ, നടുഭാഗത്ത്, തലയ്ക്കൽ വെയ്ക്കുക. അതിൽ ഓരോ പ്ലാശിന്റെ ചമതയും (കമ്പ്) വെയ്ക്കുക.
4. മൂത്ത മകൻ, തലഭാഗത്ത് നിന്ന് മൂന്ന് അസ്ഥികൾ, ഓരോന്നും സൂര്യനെക്കാണിച്ച് പാളയിൽ ഇടുക. ഇപ്രകാരം നടുഭാഗത്തും, കാൽക്കലും ആവർത്തിക്കുക. മറ്റു മക്കളും ഇതാവർത്തിക്കണം.
5. ഈ അസ്ഥികൾ ജലം കൊണ്ടു കഴുകി ജലം ചിതയിലേക്കു തന്നെ ഒഴിക്കുക. (വീണ്ടും) എണ്ണ കൊണ്ടും ജലംകൊണ്ടും, കരിക്കിൻ വെള്ളം കൊണ്ടും (വീണ്ടും ജലം കൊണ്ടും) അസ്ഥികൾ കഴുകുക.
6. ഒരു കോടി വസ്ത്രം വിരിച്ച്, അതിൽ ഒരു കലം (കുടം) വെച്ച്, കാലിന്റെ ഭാഗത്തുള്ള അസ്ഥി ഒന്നാമതായി, പിന്നെ നടുഭാഗത്തേയും, തുടർന്ന് തലഭാഗത്തേയും അസ്ഥിയും കുടത്തിലിടുക. അതിനെ മൂടിക്കൊണ്ട് പൊതിഞ്ഞു കെട്ടുക.
7. ചിതയുടെ നടുക്ക് വാഴ ഉറപ്പിച്ച് മണ്ണിട്ട് തിട്ടകെട്ടി നവധാന്യങ്ങൾ വിതറുക.
8. അസ്ഥിക്കലം തുളസിത്തറക്കു സമീപം വെച്ച്, എല്ലാ കർമ്മങ്ങളും കഴിഞ്ഞ് സൗകര്യമുള്ള ദിവസം, അസ്ഥിക്കലം ജലത്തിൻ നിക്ഷേപിക്കുക. (കടൽ/നദി/ജലാശയം) സമീപപ്രദേശത്താണെങ്കിൽ സഞ്ചയന ദിവസം തന്നെ അസ്ഥി ജലത്തിൽ നിക്ഷേപിക്കാം. (നാട്ടാചാരം പാലിക്കുക)



Scanned with CamScanner

## അവസാനത്തെ ദിവസം അനുഷ്ഠിക്കാനുള്ള ചടങ്ങുകൾ


(അതതുപ്രദേശത്തെ ആചാരമനുസരിച്ച് 10, 12, 16 ദിവസങ്ങളിൽ ഇതു നടത്താം. ഒരേ ദിവസം നടത്തുന്നതിന് വിഷമമുണ്ടെങ്കിൽ അവസാനത്തെ രണ്ടു ദിവസങ്ങളിലായും ഈ മൂന്നു ചടങ്ങുകൾ നടത്താം)

## അവസാനദിവസത്തെ ഒന്നാം ചടങ്ങ് - കിഴക്കോട്ട് ബലി

മക്കളെല്ലാം ചേർന്ന് പ്രത്യേകംപ്രത്യേകമായോ മൂത്തമകന്റെ കൂടെ ചേർന്ന് ഒറ്റക്കർമ്മമായോ അനുഷ്ഠിക്കാം. ഈ ചടങ്ങിൽ പ്രധാനമായും പ്രായശ്ചിത്തഭാഗമാണ് അനുഷ്ഠിക്കുക.

## ആവശ്യമുള്ള ദ്രവ്യങ്ങൾ (മുൻകൂട്ടി ഒരുക്കിവെക്കേണ്ടത്)

എള്ള്, പൂവ്, ചന്ദനം, ചെറൂള, കറുക ഇവ വലതു വശത്തെ ഇലയിലും, വെറ്റില, അടക്ക, നാണയം ഇവ ഇടതുവശത്തെ ഇലയിലും വെയ്ക്കുക. കൂടാതെ കിണ്ടി, പലക, താമ്പാളം, കോടിവസ്ത്രം, രണ്ടു ഗ്ലാസ്സ് അരി, നാളികേരം എന്നിവയും തയ്യാറാക്കുക.




ത - ഇരിപ്പിടം ഥ - കിണ്ടി ദ - ഇടത്തേ ഇല

ധ - പലക ന - വലത്തേ ഇല പ - വിളക്ക് ഫ - താമ്പാളം

ആചരണ വിധി (വീടിനുള്ളിൽ ഒരു മുറിയിലോ തുളസിത്തറയ്ക്കു സമീപം പന്തലിട്ടോ അനുഷ്ഠിക്കാം) ദിശ - കിഴക്ക്

കുളിച്ച് ശുദ്ധമായി, വിളക്കു കത്തിച്ച്, കിണ്ടിയിലെ ജലത്തിൽ



Scanned with CamScanner

പുണ്യനദീതീർത്ഥ സംഗമം പ്രാർത്ഥിച്ച്, ഗണപതി വിളക്കിന് പൂവിടുക.

1. രണ്ട് ഇലകളും പലകയും, ചിത്രപ്രകാരം സജ്ജമാക്കുക.

(ക) അൽപം എള്ള്, ജലം, പൂവ്, ചന്ദനം കയ്യിലെടുത്ത് (എല്ലാ മക്കളും) പലകയിൽ (ധ) വെക്കുമ്പോൾ പറയുക

**ശ്മശാന പ്രായശ്ചിത്തം സമർപ്പയാമി**

(ഖ) വീണ്ടും അപ്രകാരം തന്നെ അനുഷ്ഠിക്കുക.

**ദശാഹപ്രായശ്ചിത്തം സമർപ്പയാമി**

(ഗ) വീണ്ടും മൂന്നു നാണയവും കൂടിചേർത്ത് ആവർത്തിക്കുക

**ശ്മശാന, സഞ്ചയന, ദശാഹ കർമ്മലോപ പ്രായശ്ചിത്തം സമർപ്പയാമി** - പലകയിൽ വെക്കുക.

(ഘ) വെറ്റില - അടക്ക - നാണയം - പൂവ്, ചേർത്ത് **സമസ്തകർമ്മലോപ പ്രായശ്ചിത്തം സമർപ്പയാമി** എന്നു പറഞ്ഞ് പലകയിൽ സമർപ്പിച്ച് തൊഴുതു പ്രാർത്ഥിക്കുക.

2. (മൂത്ത മകൻ മാത്രം) വസ്ത്രം, അരി, വെറ്റില, അടക്ക, 15 നാണയം, നാളികേരം, ഒരു താമ്പാളത്തിലെടുത്ത് കിണ്ടിയുടെ മുകളിൽ വെച്ച് നാളികേരത്തിലേക്ക് എള്ള്, പൂവ്, ചന്ദനം, ജലം സമർപ്പിക്കുക.

3. തിരിനൂൽ എണ്ണ നനച്ച്, കത്തിച്ച്, നാളികേരത്തിൽ വെയ്ക്കുക.

4. എല്ലാ ബന്ധുക്കളും നാമം ജപിച്ചുകൊണ്ട് പ്രദക്ഷിണം വെച്ച് നമസ്ക്കരിക്കുക. നാളികേരത്തിലെ ജ്വാല ഉഴിയുകയുമാകാം

## അവസാന ദിവസത്തെ രണ്ടാം ചടങ്ങ്

ആവശ്യമുള്ള ദ്രവ്യങ്ങൾ പ്രത്യേകം തറ വൃത്തിയാക്കി ഒരുക്കേണ്ടതാണ്. മക്കൾ പ്രത്യേകമായും മൂത്തമകൻ മാത്രമായും അനുഷ്ഠിക്കാം. പിണ്ഡസമർപ്പണം എല്ലാമക്കളും നിർബന്ധമായും അനുഷ്ഠിക്കണം.


**ആവശ്യമുള്ള ദ്രവ്യങ്ങൾ**

1. ഇടത്തേ ഇലയിൽ ആവശ്യത്തിന് അരി വേവിച്ചത്, വലത്തെ ഇലയിൽ എള്ള്, പൂവ്, കറുക, ചന്ദനം, തുളസി, നാണയം, നെല്ല്, അരി, കോടി വസ്ത്രം, അഞ്ജനമുണ്ടെങ്കിൽ അത്, വെറ്റില, അടക്ക.



Scanned with CamScanner

## ക്രമീകരണം




ത - ഇരിപ്പിടം ഥ - കിണ്ടി ദ - ഇടത്തേ ഇല

ധ - പിതൃസ്ഥാനം (ക - ആദിപിതൃസ്ഥാനം, ഖ - പരേതാത്മാവിന്റെ സ്ഥാനം,
ഗ - വിശ്വദേവന്മാരുടെ സ്ഥാനം)

ന - വലത്തേ ഇല പ - ഗണപതി വിളക്ക് ഫ - പലക

## ആചരണവിധി

കുളിച്ച് ശുദ്ധമായി, ക്രമീകരണത്തിൽ കാണുന്നതുപോലെ ദ്രവ്യങ്ങളടുക്കി, ഗണപതി വിളക്കിന് പൂവിട്ട്, കിണ്ടിയിൽ പുണ്യതീർത്ഥങ്ങൾ സംഗമിക്കുന്നു എന്നു പ്രാർത്ഥിച്ച് കർമ്മം ആരംഭിക്കുക.

1. രണ്ട് ഇലകൾക്കിടക്ക് തറയിൽ (ധ) ജലം തളിച്ച് എള്ളു വിതറി, തെക്കു വടക്കായി കറുക വിരിച്ച്, എള്ള്, പൂവ്, ചന്ദനം, ജലം എന്നിവ (എല്ലാ മക്കളും മൂന്നുപ്രാവശ്യം വീതം) എടുക്കണം.

(യ) അതിൽ ഒന്നാമതെടുത്ത് **ആദി പിതൃഭ്യോനമഃ അവാഹയാമി** എന്നു പറഞ്ഞ് 'ക' സ്ഥാനത്ത് സമർപ്പിക്കുക.

(ര) രണ്ടാമതെടുത്ത് പ്രാർത്ഥിച്ച് പരേതാത്മാവിനെ സ്മരിച്ച് 'ഖ' സ്ഥാനത്ത് സമർപ്പിക്കുക.

(ല) മൂന്നാമതെടുത്ത് പ്രാർത്ഥിച്ച് **വിശ്വേദേവേഭ്യോ നമഃ അവാഹയാമി** എന്നു പറഞ്ഞ് 'ഗ' സ്ഥാനത്ത് സമർപ്പിക്കുക.

ഓരോ സ്ഥാനത്തും പ്രത്യേകം പ്രത്യേകം, ജലം, ചന്ദനം - ജലം, പുഷ്പം - ജലം, സാവധാനത്തിൽ **നാരായണായ നമഃ / നമഃ ശിവായ** ജപിച്ച് സമർപ്പിക്കുക.

2. നാണയം, പൂവ്, ചന്ദനം, ജലം, കോടിവസ്ത്രം, വെറ്റില, അടക്ക, (മറ്റു മക്കൾ കോടിവസ്ത്രം ഒഴികെ ബാക്കിയെല്ലാം) എടുത്ത്



Scanned with CamScanner

പലകയിൽ (ഫ) പ്രാർത്ഥിച്ച് സമർപ്പിക്കുക.

**പിതൃപിണ്ഡ ദാനം സമർപ്പയാമി** എന്നു പറയുക.

3. ഇടതുവശത്തെ ഇലയിലെ ചോറ് ഓരോ പിണ്ഡമാക്കുക, (മൂത്തയാൾ ചെറിയ 16 പിണ്ഡം കൂടി ഉണ്ടാക്കണം) ബാക്കി ചോറ് ഇലയിൽ തന്നെ നിലനിർത്തുക.
4. വലത്തെ കൈയിൽ പിണ്ഡമെടുത്ത് ഇടത്തേ കൈ നെഞ്ചത്ത് വെച്ച് ഭക്ത്യാദരവോടെ കറുകയുടെ മധ്യത്തിൽ 'ഖ' സ്ഥാനത്ത് സമർപ്പിക്കുക.
5. എല്ലാവരുടെയും സമർപ്പണം കഴിഞ്ഞാൽ മൂത്തയാൾ 16 ചെറിയ പിണ്ഡങ്ങൾ നാമം ജപിച്ച് മറ്റു പിണ്ഡങ്ങളോടൊപ്പം വെക്കുക. **(പ്രത്യേകം പ്രത്യേകമായി മക്കൾ അനുഷ്ഠിക്കുന്നെങ്കിൽ അവരവരുടെ മുന്നിൽ ഒരേ സമയം പിണ്ഡം സമർപ്പിക്കണം)**
6. എള്ള്, ജലം, ചന്ദനം, ജലം, പൂവ്, ജലം, അഞ്ജനം, ജലം, യഥാക്രമം സമർപ്പിക്കുക.
7. ഒരു കോടിത്തോർത്ത് അല്ലെങ്കിൽ ഉടുത്തിരിക്കുന്ന മുണ്ടിൽ നിന്ന് ഒരു നൂല് പിണ്ഡത്തിനു മുകളിൽ വെക്കുക. ജലം, പൂവ്, എള്ള് സമർപ്പിച്ച് ബാക്കിയുള്ള ചോറ് പിണ്ഡത്തിനു ചുറ്റും വിതറുക. (പ്രത്യേകം അനുഷ്ഠിക്കുന്നെങ്കിൽ അവരവരുടെ മുന്നിലുള്ള പിണ്ഡത്തിനു ചുറ്റും അവരവർ ചോറ് വിതറണം)
8. പൂവിട്ട്, തൊഴുത് പ്രാർത്ഥിക്കുക. എള്ള്, കറുക, പൂവ് ...... കയ്യിലെടുത്ത് ആദിപിതൃക്കൾക്കായി 'ക'യിൽ സമർപ്പിക്കുക. ജലം കൊടുക്കുക.
9. ബാക്കിയുള്ള എള്ള്, പൂവ്, ചോറ് എല്ലാമെടുത്ത് ആദിപിതൃക്കൾക്കായി 'ക' യിൽ സമർപ്പിക്കുക. ജലം കൊടുക്കുക.
10. വെറ്റില, അടക്ക, നാണയം, ജലം എടുത്ത് തൊഴുത് ദക്ഷിണയായി പലകയിൽ സമർപ്പിക്കുക.
11. പിണ്ഡത്തിന്റെ മുകളിൽ നിന്നും എള്ളും പൂവും എടുത്ത് മുകളിലേക്ക് (ഉയരത്തിലേക്കിടുക)

**ആദിപിതൃഭ്യോ നമഃ, പിതൃദേവതാഭ്യോ നമഃ**

**വിശ്വദേവേഭ്യോനമഃ ഉദ്വാസയാമി.**

ഗണപതിക്ക് ഒരു പൂവിട്ട് തൊഴുത് (അറിയാമെങ്കിൽ ചൊല്ലുക)

**സർവേ ഭവന്തു സുഖിനഃ സർവേ സന്തു നിരാമയ**

**സർവേ ഭദ്രാണി പശ്യന്തു മാകശ്ചിത് ദുഃഖഭാഗ്ഭവേത്**

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

**ലോകാഃ സമസ്താ സുഖിനോ ഭവന്തുഃ**



Scanned with CamScanner

പരേതാത്മാവിന് നിത്യശാന്തി ലഭിക്കേണമേ എന്നു പ്രാർത്ഥിച്ച് പിണ്ഡസ്ഥാനത്തുള്ളതെല്ലാം ശുദ്ധമായി വാരിയെടുത്ത്, പശുവിനു കൊടുക്കുയോ തെങ്ങിന്റെ ചുവട്ടിൽ കുഴിച്ചിടുകയോ ചെയ്യുക.

ആചാര്യദക്ഷിണ കൊടുത്ത്, പലകയിൽ വെച്ചിരിക്കുന്നതെല്ലാം സമർപ്പിക്കുകയോ, ക്ഷേത്രത്തിൽ സമർപ്പിക്കുകയോ ചെയ്യുക.


## അവസാന ദിവസത്തെ അവസാന ചടങ്ങ് (സപിണ്ഡീകരണം)

ഇത് 10-ാം ദിവസമോ 12-ാം ദിവസമോ 16-ാം ദിവസമോ സ്ഥലത്തെ ആചാരമനുസരിച്ച് അനുഷ്ഠിക്കുക. ക്രമം മാറ്റിയും അചരിക്കാം.

**ആവശ്യമുള്ള ദ്രവ്യങ്ങൾ** (മുൻകൂട്ടി തയ്യാറാക്കി വെക്കുക)

ഇടത്തേ ഇലയിൽ ചോറ്, എള്ള്, അൽപം എള്ളെണ്ണ, പഴം മുറിച്ചത്, നെയ്യ്, വലത്തെ ഇലയിൽ പൂവ്, ചന്ദനം, കോടിവസ്ത്രം, ചെറൂള, എള്ള്, തുളസി, തുമ്പപ്പൂവ്, കറുക, വെറ്റില, അടയ്ക്ക, നാണയം, നാളികേരം. രണ്ടു താമ്പാളം, പലക, വിളക്ക്, കിണ്ടി. വൃത്തിയാക്കി തുടച്ച നിലത്തിൽ തന്നെ ഈ കർമ്മവുമനുഷ്ഠിക്കാം.

**ക്രമീകരണം**




ത - ഇരിപ്പിടം ഥ - കിണ്ടി ദ - ഇടത്തേ ഇല
ധ - പലക ക - ആദിപിതൃസ്ഥാനം, ഖ - പരേതാത്മാവിന്റെ സ്ഥാനം, ഗ - വിശ്വദേവന്മാരുടെ സ്ഥാനം)
ന - വലത്തേ ഇല പ - ഗണപതി വിളക്ക്

**അനുഷ്ഠാനവിധി** (എല്ലാ മക്കളും പ്രത്യേകം അനുഷ്ഠിക്കണം)

ഗണപതി വിളക്കിന് പൂവിട്ട്, കിണ്ടിയിലെ വെള്ളത്തിൽ പവിത്ര ജലം സംഗമിക്കുന്നു എന്നു സങ്കൽപിച്ച്, ആരംഭിക്കുക.

1. രണ്ടു ഇലകളുടേയും മധ്യത്തിലായി ജലം തളിച്ച് കറുക വിരിച്ച്



Scanned with CamScanner

ക - ഖ - ഗ സ്ഥാനങ്ങളിൽ കറുക + ചെറൂള + ചന്ദനം + ജലം ആദ്യമെടുത്ത് **വംശപിതൃഭ്യോനമഃ അവാഹയാമി** എന്നു പറഞ്ഞ് 'ക' സ്ഥാനത്ത് വെക്കുക. രണ്ടാമതെടുത്ത് പരേതാത്മാവിനെ ധ്യാനിച്ച് 'ഖ' സ്ഥാനത്ത് വെക്കുക. മൂന്നാമതെടുത്ത് **വിശ്വദേവേഭ്യോനമഃ ആവാഹയാമി** എന്നു പറഞ്ഞ് 'ഗ' സ്ഥാനത്ത് സ്ഥാപിക്കുക.

2. മൂന്നു സ്ഥാനത്തും പ്രത്യേകം പ്രത്യേകം എള്ള്, ജലം, പൂവ് - ജലം, ചന്ദനം - ജലം, തുമ്പപ്പൂവ് - ജലം ഇവ സാവധാനത്തിൽ യഥാക്രമം സമർപ്പിക്കുക. (ശ്രദ്ധയോടെ)

3. ഒരു താമ്പാളത്തിൽ ഒരു ഗ്ലാസ്സ് അരിയും നാളികേരവും എടുത്ത് നാളികേരത്തിലേക്ക് യഥാക്രമം എള്ള്, പൂവ്, ചന്ദനം, ജലം മൂന്നു വീതം നൽകുക. പിന്നീട് താമ്പളം ('ഖ') സ്ഥാനത്ത് വെക്കുക.

4. വസ്ത്രം, വെറ്റില, അടക്ക, നാണയം, പൂവ്, എന്നിവ പലകയിൽ വെക്കുക. അത് സ്പർശിച്ച്, ഒരു പൂവിട്ട് തൊഴുക.

**വൈകല്യപ്രായശ്ചിത്തം സമർപ്പയാമി**

വീണ്ടും എള്ള്, പൂവ്, ചന്ദനം, ജലം, 6 നാണയം, വെറ്റില, അടക്ക എന്നിവ കയ്യിലെടുത്ത് പറയുക.

**കർമ്മ വൈകല്യപ്രായശ്ചിത്ത, ദ്രവ്യശുദ്ധി ലോപ പ്രായശ്ചിത്ത, ദ്രവ്യം സമർപ്പയാമി** - പലകയിൽ വെക്കുക

5. (ഖ) സ്ഥാനത്തെ താമ്പാളം ഇടത്തേക്ക് അൽപം നീക്കി (ഖ) സ്ഥാനം പിണ്ഡ സമർപ്പണത്തിന് തയ്യാറാക്കുക.

6. ഇടത്തേ ഇലയിൽ വെച്ചിരിക്കുന്നതെല്ലാം ഒരുമിച്ച് ചേർത്ത് മൂന്നു പിണ്ഡം തയ്യാറാക്കുക. (യ) **വംശപിതൃഭ്യോ നമഃ** എന്നു പറഞ്ഞ്, ഒരു പിണ്ഡമെടുത്ത് ഇടത്തേകൈ നെഞ്ചത്ത് വെച്ച് 'ക' സ്ഥാനത്ത് സമർപ്പിക്കുക. (ര) പരേതാത്മാവിനെ ധ്യാനിച്ച്, മേൽവിവരിച്ചപ്രകാരം രണ്ടാം പിണ്ഡം 'ഖ' സ്ഥാനത്ത് സമർപ്പിക്കുക. (വ) **വിശ്വദേവേഭ്യോ നമഃ** എന്നു പറഞ്ഞ് മൂന്നാം പിണ്ഡം 'ഗ' സ്ഥാനത്ത് സമർപ്പിക്കുക.

7. ശ്രദ്ധയോടെ എള്ള് - ജലം, ചന്ദനം - ജലം, പൂവ് - ജലം ചെറൂള - ജലം, മൂന്നുപ്രാവശ്യം യഥാക്രമം പ്രത്യേകം പ്രത്യേകം മൂന്നു പിണ്ഡത്തിനു മുകളിലും സമർപ്പിക്കുക.

8. മടക്കിയ ഒരു കോടിത്തോർത്ത് അല്ലെങ്കിൽ ഒരു വസ്ത്രനൂൽ പിണ്ഡത്തിനു മുകളിൽ സമർപ്പിച്ച് എള്ളും പൂവും അർച്ചിക്കുക.

9. വളരെ ഭക്തി-ശ്രദ്ധയോടെ പരേതാത്മാവിനേയും, ആദി പിതൃക്കളേയും വിശ്വദേവന്മാരേയും ഒരുമിച്ചു ചേർക്കുക (സ + പിണ്ഡീകരണം - സപിണ്ഡീകരണം = ഒരുമിച്ചു ചേർക്കൽ)



Scanned with CamScanner

ഇടത്തേ കൈ കൊണ്ട് 'ക' സ്ഥാനത്തുള്ളതും, വലത്തേ കൈകൊണ്ട് 'ഗ' സ്ഥാനത്തുള്ളതും ഒരുമിച്ച്, സാവധാനത്തിൽ 'ഖ' സ്ഥാനത്തോട് ചേർത്ത് നാമം ജപിച്ചുകൊണ്ട് ഒറ്റപ്പിണ്ഡമാക്കുക. കറുക, പൂവ്, ചന്ദനം അർച്ചിക്കുക. തൊഴുതു പ്രാർത്ഥിക്കുക. തുളസിയും പൂക്കളും പിണ്ഡത്തിലർപ്പിക്കുക.

10. കൈകഴുകി, വെറ്റിലയും നാണയവും കൈയിലെടുത്ത് ജലം ചേർത്ത് **അലങ്കാരദാനം സമർപ്പയാമി** എന്നു പറഞ്ഞ് പലകയിൽ സമർപ്പിക്കുക. പിണ്ഡത്തിൽ പൂവർച്ചിക്കുക.

11. (ചില സ്ഥലങ്ങളിൽ പ്രതീകാത്മകമായി പിണ്ഡസമർപ്പണത്തിന് കാശിയാത്ര പതിവുണ്ട്. അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ ആചാരവിധി:

കൈയിൽ എള്ള്, കറുക, ജലം, എടുത്ത്, **നമഃശിവായ** നാമം ജപിച്ച്, മക്കളും ബന്ധുക്കളും പുറത്തിറങ്ങി തുളസിത്തറക്ക് മൂന്ന് പ്രദക്ഷിണം വെച്ച്, വടക്കോട്ട് ഏഴ് അടി നടന്ന് കാശിവിശ്വനാഥസ്ഥാനം (വടക്കോട്ട്) നോക്കി കയ്യിലുള്ളത് വടക്കോട്ടിട്ട്, നമസ്ക്കരിച്ച് തിരിച്ച് കർമ്മ മുറിയിലേക്കു വരുക)

12. ഒരു കോടിവസ്ത്രം, എള്ള്, പൂവ്, ചന്ദനം, നാണയം, വെറ്റില, അടയ്ക്ക എന്നിവയെടുത്ത് **അപസർപകദാനം സമർപ്പയാമി** എന്നു പറഞ്ഞ് പലകയിൽ വെച്ച് തൊഴുക.

13. 'ഖ' സ്ഥാനത്തു വെച്ചിരുന്ന താമ്പാളം എടുത്ത്, അതിലെ നാളികേരത്തിനു മുകളിൽ, എണ്ണയിൽ മുക്കിയ തിരി കത്തിച്ച് വച്ച് പിതൃക്കൾക്കുഴിഞ്ഞ്, തൊഴുത് നമസ്ക്കരിച്ച് ജ്വാല ഉഴിയുക.

14. എല്ലാവരും തെക്കോട്ടു തൊഴുതു പ്രാർത്ഥിച്ച് നമസ്ക്കരിക്കുക.

**അപരാധ സഹസ്രാണി ക്രിയന്തേ അഹർനിശം മയാ ] pt. [X ന്ന്ഹം ഇതിമാം ജ്ഞാത്വാ ക്ഷമസ്വ മാതൃ–പിതൃദേവാ**

15. ഒരിക്കൽകൂടി തൊഴുത് തെക്കോട്ട് നമസ്ക്കരിക്കുക. പിണ്ഡസ്ഥാനത്തു നിന്ന് എള്ളെടുത്ത് മുകളിലേക്ക് നോക്കി മുകളിലേക്കിടുക. **സ്വർഗ്ഗം ഗച്ഛസ്വഃ**

16. പിണ്ഡസ്ഥാനത്തുള്ളതെല്ലാം വാരിയെടുത്ത്, ദഹിപ്പിച്ച സ്ഥലത്ത് (പാദത്തിൽ) / ശുദ്ധമായ സ്ഥലത്ത് തെങ്ങിന്റെ ചുവട്ടിലോ കുഴിച്ചിടുക.

17. പലകയിൽ വെച്ചിരിക്കുന്നതെല്ലാം ആചാര്യനോ, ക്ഷേത്രത്തിലേയ്ക്കോ, പാവപ്പെട്ടവർക്കോ കൊടുക്കുക.

എണ്ണ തേച്ച് കുളി കഴിഞ്ഞുവന്ന്, എല്ലാകർമ്മങ്ങളും ഭംഗിയായി നടന്നതിന്റെയും, കുടുംബത്തിലേയും, സമുദായത്തിലേയും, സമൂഹത്തിലേയും ജനങ്ങൾ നൽകിയ സഹകരണത്തിനും അനുഗ്രഹത്തിനും നന്ദിസൂചകമായി ഭക്ഷണം നൽകി യാത്രയാക്കുക.

### ദേശവിദേശങ്ങളിലുള്ളവർ കർക്കിടകമാസത്തിലെ കറുത്തവാവിന് സമൂഹമായി അനുഷ്ഠിക്കാവുന്ന ശാസ്ത്രീയമായ

# പിതൃകർമ്മം

**ഇത് വായിച്ചതിനുശേഷം പിതൃകർമ്മം വായിച്ചു പഠിക്കുക.**

പതിനായിരത്തിലധികം വർഷങ്ങളായി സചേതനമായി, ഇന്നും ലോകത്തിന് പ്രഭ ചൊരിഞ്ഞുകൊണ്ടു നിലകൊള്ളുന്ന ഭാരതീയ പൈതൃകത്തിന്റെ അത്യുജ്ജ്വലമായ പ്രായോഗിക ജീവത സന്ദേശ മാണ് സുദൃഢമായ കുടുംബബന്ധം. മാതൃ-പിതൃ-പുത്ര-പുത്രീ ബന്ധം ഇതാണ് കുടുംബബന്ധത്തിന്റെ അടിസ്ഥാന ശിലകൾ. ഈ സുദൃഢ മായ ബന്ധം സാദ്ധ്യമാക്കുന്നതിന്, ഉപദേശങ്ങളും, ഗ്രന്ഥങ്ങളും, നൽകിയതുകൂടാതെ പ്രായോഗിക ജീവിതചര്യയും നമുക്ക് നൽകിയ വരാണ് ഭാരതീയ ഋഷിവര്യന്മാർ. ആധുനീക ശാസ്ത്ര ഭാഷയിൽ വേണമെങ്കിൽ ഇത് applied sociology / applied anthropology ആയി വ്യാഖ്യാനിക്കാം.

വൈദീകഗ്രന്ഥങ്ങളിൽ, വേദാംഗങ്ങളുള്ളതിൽ അഞ്ചാമത്തെ വേദാംഗമായ കൽപശാസ്ത്രത്തിലെ നാലു പ്രധാന ഭാഗങ്ങളിൽ ഒരു ഭാഗമാണ് പിതൃമേധസൂത്രം. നാം അനുഷ്ഠിക്കുന്ന പിതൃകർമ്മങ്ങ ളെല്ലാം വിവരിക്കുന്നത് പിതൃമേധ സൂത്രത്തിലാണ്. ദേശവും, കാല വും, കർമ്മവും ആധാരമാക്കി വ്യത്യസ്ഥ ജനങ്ങൾക്ക് അനുഷ്ഠിക്കാ വുന്ന വിധത്തിലാണ് പിതൃകർമ്മത്തിലെ സദാചാരങ്ങൾ രചിച്ചിരി ക്കുന്നത്. എല്ലാ രീതികളുടേയും സന്ദേശവും ഉദ്ദേശവും ഒന്നു തന്നെ യാണ്.

**പിതൃകർമ്മം കർക്കിടക മാസത്തിലെ കറുത്തവാവിന്റെ ദിവസം നടത്തുവാൻ കാരണമെന്ത്?**

ഭാരതീയമായ എല്ലാ ആചാരങ്ങളും ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. സൂര്യ-ചന്ദ്രന്മാരുടേയും ഭൂമിയുടേയും ഭ്രമണവും പ്രദക്ഷിണവുമാണ് സമയത്തിനും കാലത്തിനും നാം ആധാരമായി എടുത്തിരിക്കുന്നത്. എല്ലാ കറുത്തവാവു ദിവസങ്ങളിലും പിതൃ ക്കൾക്കായി തർപ്പണാദികൾ നടത്തുന്നതിന് ഒരു കാരണം ഒരു വിശ്വാ സമാണ്. ചന്ദ്രമണ്ഡലത്തിൽ നിന്ന്, ഈ ദിവസം നമ്മുടെ പിതൃ ക്കൾ അവരുടെ തലമുറകളെ വീക്ഷിക്കുന്നുവത്രെ. മക്കൾ അവരെ ഓർമ്മിക്കുന്നുണ്ടോ എന്നായിരിക്കും അവർ ചിന്തിക്കുന്നത്! ഈ പിതൃ ക്കൾക്കും പിതൃദിനം, പിതൃമാസം, പിതൃവർഷം എന്നിവയുണ്ട്. കർക്കി



Scanned with CamScanner

ടകമാസത്തിലെ കറുത്തവാവിൽ ചന്ദ്രൻ സ്വക്ഷേത്രമായ കർക്കിട രാശിയിലും, സൂര്യനും അതേ രാശിയിൽ തന്നെയും നിൽക്കുന്നു. ഈ പ്രത്യേകതയായിരിക്കാം കർക്കിടകത്തിലെ കറുത്തവാവിനുള്ളത്. സൂര്യ-ചന്ദ്രന്മാർ ഒരേ ലാറ്റിട്യൂഡിലും, ലോഞ്ചിറ്റ്യൂഡിലും നിൽക്കുന്നു എന്നർത്ഥം.

**മരിച്ചുപോയവർ നാം നൽകുന്ന പിതൃകർമ്മ ദ്രവ്യങ്ങൾ സ്വീകരിക്കുമോ?**

പിതൃകർമ്മത്തിന് ഒരു ഉജ്ജ്വലമായ ലക്ഷ്യമുണ്ട്. നമുക്ക് ജന്മം നൽകിയ, നമ്മുടെ ശരീരത്തിന്റെ യഥാർത്ഥ ഉടമസ്ഥരായ നമ്മുടെ മാതാപിതാക്കളെയും, അവരുടെ മാതാപിതാക്കളെയും, അങ്ങിനെ പുറകോട്ടുള്ള തലമുറകളേയും സ്മരിക്കുക. അവരോട് ഈ മനുഷ്യരൂപത്തിൽ ജന്മം തന്നതിന് നന്ദിപറയുക. ആ നന്ദിപ്രകടനം പ്രായോഗിക ആചാരങ്ങളിലൂടെ വളരുന്ന അടുത്ത തലമുറയ്ക്ക് കാണിച്ചുകൊടുത്ത് "അച്ഛനമ്മമാർ അവരുടെ അച്ഛനമ്മമാരോട് എത്രത്തോളം സ്നേഹ ബഹുമാനാദി ബന്ധങ്ങൾ ഉള്ളവരായിരുന്നു" എന്നറിയിക്കുക. ഒരു practical demonstration of family bondage ആയി ഈ ഉജ്ജ്വല ആത്മബന്ധവും - ഭൗതീക ബന്ധവും ഉറപ്പിക്കുന്ന ചടങ്ങിനെ വിശേഷിപ്പിക്കാം. ഇവിടെ നാം നൽകുന്നത്. പിതൃക്കൾ സ്വീകരിക്കുന്നതിലല്ല, അവർ സ്വീകരിച്ചനുഗ്രഹിക്കേണമേ എന്നു പ്രാർത്ഥിക്കുന്നതിലാണ് പിതൃകർമ്മം. അവരുടെ മക്കൾ സത്യം - ധർമ്മം - നീതി - ന്യായം ഈ പന്ഥാവിലൂടെ ചരിക്കുന്നു എന്ന് അവരെ അറിയിക്കുന്നതുകൂടി ഇതിന്റെ സന്ദേശമാണ്.

**പിതൃകർമ്മത്തിന്റെ സന്ദേശമെന്ത്?**

സർ ഐസക് ന്യൂട്ടന്റെ വരികളോർക്കുമല്ലോ! For every action there is an equal and opposite reaction! സ്വന്തം മാതാപിതാക്കളോട് നാം എപ്രകാരം പെരുമാറിയിട്ടുണ്ടോ, അതേപോലെയായിരിക്കും നമ്മുടെ മക്കൾ നമ്മോട് പെരുമാറുന്നത്. മാതാപിതാക്കളോട് സ്വയം നന്മനിറഞ്ഞ ധർമ്മം അനുഷ്ഠിക്കാത്തവന്, മക്കളിൽനിന്ന് അത് പ്രതീക്ഷിക്കുവാൻ സാധ്യമല്ലല്ലോ. പ്രതീക്ഷിച്ചാലും ലഭിക്കുകയുമില്ല. **ജീവിച്ചിരിക്കുമ്പോഴും, അതിനുശേഷവും മാതാപിതാക്കളോടു നാം അനുവർത്തിക്കുന്ന മാനസികബന്ധം, കർമ്മബന്ധം അത് മക്കൾ കണ്ടറിയുന്നതിലാണ് പിതൃകർമ്മം. തനിക്ക് ജന്മം നൽകി, ഭക്ഷണം നൽകി, കൈപിടിച്ച് പിച്ച നടത്തിച്ച്, കരഞ്ഞപ്പോൾ കണ്ണീരു തുടച്ച്, നമ്മുടെ വളർച്ചയിൽ ആനന്ദം കണ്ടെത്തി, സ്വയം സഹിച്ച ത്യാഗത്തിനു ഒരിക്കലുമൊരിക്കലും കണക്കു പറയാത്ത അച്ഛനമ്മമാരുടെ**



Scanned with CamScanner

അനുഗ്രഹമാണ് ലോകത്തിലെ ഏറ്റവും വലിയ അനുഗ്രഹം. അവരെ വേദനിപ്പിക്കുമ്പോൾ (അവർ ഒരിക്കലും മക്കളെ ശപിക്കില്ല) നീറിപ്പുകയുന്ന മനസ്സിൽ നിന്നു പുറത്തുവരുന്ന തരംഗങ്ങളാണ് (വാക്കുകൾ വേണമെന്നില്ല) മക്കൾക്കു ലഭിക്കുന്ന ഏറ്റവും ഭയാനകമായ ശാപം. ജീവിതത്തിലെന്നും ഈ അനുഗ്രഹം / ശാപം അവരെ പിന്തുടരും.

ജീവിതാന്ത്യത്തിൽ, തന്നെ കൈപിടിച്ചു വളർത്തിയ മാതാപിതാക്കളെ, കൈപിടിച്ചു നടത്തിച്ചാശ്വസിപ്പിച്ച് മരണം എന്ന ശാശ്വത സത്യത്തിന്റെ അടുത്തെത്തുമ്പോൾ 'അച്ഛാ ഞാനുണ്ട് - അമ്മേ അമ്മയുടെ പ്രിയമകനുണ്ട് കൂടെ' എന്ന് അവരെ തലോടിക്കൊണ്ട് പറയുവാൻ സാധിക്കുമ്പോളാണ് മകൻ - പുത്രസ്ഥാനീയനാകുന്നത്! മകൾ പുത്രിസ്ഥാനീയയാകുന്നത്!

ഇത് നാം ഓർമ്മിക്കണം - ഓരോ മകനും മകളും മരുമകനും മരുമകളും ഇതോർക്കണം - നമ്മുടെ മാതാപിതാക്കൾക്ക് കൊടുത്തതേ നമ്മുടെ മക്കളിൽ നിന്നും പ്രതീക്ഷിക്കാനാകൂ! ജീവിച്ചിരിക്കുമ്പോഴും, മരിച്ചതിനുശേഷവും! ഇതാണ് പിതൃകർമ്മസന്ദേശം

*******************

## ........ ഇനി നമുക്ക് പിതൃകർമ്മത്തിലേക്ക് കടക്കാം.

പിതൃകർമ്മത്തിനു മുമ്പുള്ള ദിവസങ്ങളിൽ ഈ പുസ്തകം പല ആവർത്തി വായിച്ച് ക്രിയകൾ പഠിക്കുക. (മനപ്പാഠമാക്കേണ്ടതില്ല)

അക്ഷരശുദ്ധിയോടെ മന്ത്രങ്ങൾ ചൊല്ലിക്കൊടുക്കുവാനും, അനുഷ്ഠാനങ്ങൾ വിവരിച്ചുകൊടുക്കുവാനും കുറേ വ്യക്തികളെ തയ്യാറാക്കുക. (ബ്രാഹ്മണർ വേണമെന്നില്ല)

കരയോഗങ്ങൾ, ക്ഷേത്രങ്ങൾ, ശുദ്ധമായ മൈതാനം, പുഴക്കടവ്, കടൽത്തീരം, ആൽമരചുവട്, ആശ്രമങ്ങൾ, സ്വന്തം ഗൃഹം, കിണറിന്റെ ചുറ്റുപാട്, ശുദ്ധീകരിച്ച പൊതു മൈതാനങ്ങൾ, ടെറസ് ഇവിടങ്ങളിൽ ശ്രദ്ധയോടെ പിതൃകർമ്മം അനുഷ്ഠിക്കാവുന്നതാണ്. (ദേശ-വിദേശങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് നടത്തണം)

**പിതൃകർമ്മത്തിനാവശ്യമായ വസ്തുക്കൾ**

ഒരു ചെറിയ ഗ്ലാസുപോലുള്ള പഞ്ചപാത്രം, സ്പൂൺ, ശുദ്ധജലം, എള്ള്, ഒരു പിടി പച്ചരി (ഉണക്കലരി), കറുക, തുളസി, ദർഭപുല്ല് (കുശപ്പുല്ല്) ചന്ദനം (ഒരേ പ്ലേറ്റിൽ എല്ലാം വേറെ വെറെ വയ്ക്കുക) വിളക്ക്, എണ്ണ, തിരി, വെറ്റില + അടക്ക + നാണയം. എണ്ണയൊഴിച്ച്




Scanned with CamScanner

വിളക്കിൽ തെക്ക് - വടക്കായി രണ്ടു തിരി കത്തിച്ചുവെക്കുക.

**പിതൃകർമ്മം ആരംഭിക്കുന്നത്**

കുളിച്ച്, ഈറനുടുത്ത്, ശുദ്ധിയും വൃത്തിയുമുള്ള സ്ഥലത്ത് മുട്ടു മടക്കി തെക്കോട്ടഭിമുഖമായി നിലത്തിരിക്കുക. മണ്ണിൽ / നിലത്ത് വൃത്തിയാക്കി, അൽപം ജലം തളിച്ച് (ഒരു സ്ക്വയർ അടിസ്ഥലം) അതിൽ തെക്കു വടക്കായി മുക്കാൽ അടി നീളത്തിൽ മുറിച്ച, ഏകദേശം 15-20 ദർഭ പുല്ല് വിരിക്കുക. പുല്ലിന്റെ കൂർത്തഭാഗം തെക്കോട്ട് വരണം.




(1) വൃത്തിയാക്കിയ ഒരു സ്ക്വയർ അടിസ്ഥലം (2) വിളക്ക്
(3) ദർഭപുല്ല് (4) ശുദ്ധജലപാത്രം (5) ചന്ദനം അരച്ചത്
(6) എള്ള്, കറുക, അരി ........ എന്നിവയുള്ള പ്ലേറ്റ് (7) ഇരിപ്പിടം

**പിതൃക്കളെ ആവാഹിക്കുന്ന ചടങ്ങ് (ഇരുന്നുകൊണ്ട്)**

ദർഭപുല്ലിന്റെ കടഭാഗം തൊട്ടു തൊഴുത്, അൽപം എള്ള് കയ്യിലെടുത്ത് ദർഭയുടെ നടുക്ക് വെച്ചു തൊട്ടുകൊണ്ട് ഇപ്രകാരം ചൊല്ലുക.

**വസു - രുദ്ര - ആദിത്യ സ്വരൂപാൻ അസ്മത്** (ഒറ്റയ്ക്കാണെങ്കിൽ **- മമ) പിതൃ - പിതാമഹ - പ്രപിതാമഹാനാം, മാതാമഹ - മാതു പിതാമഹ - മാതു പ്രപിതാമഹാനാം, മാതൃപിതാമഹീ - മതൃപ്രപിതാമഹീനാം ധ്യായാമി, അസ്മിൻ കൂർച്ചെ ഉഭയവംശ പിതൃണാം ആവാഹയാമി, സ്ഥാപയാമി, പൂജയാമി.** (ഒരിക്കൽകൂടി



Scanned with CamScanner

എള്ളിൽ തൊട്ടുകൊണ്ട് ഭക്തിയോടെ പറയുക)

**മമ വർഗദ്വയ പിതൃഭ്യോ നമഃ**

ഇടത്തേകയ്യിൽ സ്പൂണിൽ ജലമെടുത്ത് വലത്തെ കയ്യിലേക്കൊഴിച്ച്, ചൂണ്ടാണി വരലിൽകൂടി മൂന്നുപ്രാവശ്യം ഈ എള്ളിലേക്ക് (**ഓം നമോ നാരായണായ** എന്നു ചൊല്ലികൊണ്ട്) ജലത്തുള്ളികൾ വീഴ്ത്തുക.

മൂന്നുപ്രാവശ്യം പൂവിടുക - **ഓം നമോ നാരായണായ**

രണ്ടുപ്രാവശ്യം ജലം - **ഓം നമോ നാരായണായ**

മൂന്നുപ്രാവശ്യം തുളസിയിലകൊണ്ട് ചന്ദനം - **ഓം നമോ നാരായണായ**

മൂന്നുപ്രാവശ്യം പുഷ്പം - **ഓം നമോ നാരായണായ**

(നമ്മുടെ പിതൃക്കളെ എള്ളിലൂടെ ആവാഹിച്ച് ദർഭയുടെ മദ്ധ്യത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന് സങ്കൽപം)

**ഇനി ആദി പിതൃക്കളുടെ ആവാഹനമാണ്.**

കറുക, ചന്ദനം, എള്ള് ഇവ രണ്ടു കയ്യിലും തുല്യമായി എടുക്കുക. കൈകളുയർത്തി ആകാശത്തുനിന്ന് ആവാഹിക്കുന്നതായി സങ്കൽപിച്ച്, സാവധാനത്തിൽ കൈകൾ താഴ്ത്തി, രണ്ടു കയ്യിലുമുള്ളത് വലത്തേകൈയ്യിലാക്കി നിലത്തുവിരിച്ചിരിക്കുന്ന ദർഭപുല്ലിന്റെ മുകളറ്റത്തു, ഈ മന്ത്രം ചൊല്ലികൊണ്ട് വെയ്ക്കുക.

**ആദി പിതൃണാം ആവാഹയാമി സ്ഥാപയാമി പൂജയാമി.**

**അടുത്തത് പിണ്ഡ സമർപ്പണം.**

അരി വേവിച്ചത് ഉണ്ടെങ്കിൽ അത് ഉരുട്ടി ഗോളാകൃതിയിൽ പിണ്ഡ രൂപത്തിൽ അതില്ലെങ്കിൽ ഉണക്കലരി എടുത്ത് കൈയ്യിൽ വെച്ചുകൊണ്ട് ഈ മന്ത്രം ചൊല്ലുക.

**മാതൃവംശേ മൃതായേശ്ച പിതൃവംശേ തഥൈവ ച**
**ഗുരു ശ്വശുര ബന്ധുനാം യേ ച അന്യേ ബാന്ധവാ മൃതാ**
**തിലോദകം ച പിണ്ഡം ച പിതൃണാം പരിതുഷ്ടയേ**
**സമർപയാമി ഭക്ത്യാ അഹം പ്രാർത്ഥയാമി പ്രസീദമേ**

ഇത്രയും ഭക്തിയോടെ അക്ഷരശുദ്ധിയോടെ ചൊല്ലി, വിരിച്ചിരിക്കുന്ന ദർഭപുല്ലിന്റെ മധ്യത്തിൽ പിണ്ഡം / അരി വയ്ക്കുക. തൊട്ടുകൊണ്ട് പിതൃക്കളെ സ്മരിക്കുക. അല്പം എള്ള് എടുത്ത് വെള്ളവും ചേർത്ത് **തിലോദകം സമർപ്പയാമി** എന്നു പറഞ്ഞ് പിണ്ഡത്തിലേക്കൊഴിക്കുക.

ഈ പിണ്ഡത്തിലേക്ക് ഓം **നമോ നാരായണായ** എന്നു ചൊല്ലി



Scanned with CamScanner

മൂന്നുപ്രാവശ്യം കയ്യിലൂടെ വെള്ളത്തുള്ളിൽ ഒഴിക്കുക, പിന്നെ മൂന്ന് പ്രാവശ്യം പുഷ്പം, മൂന്ന് പ്രാവശ്യം ചന്ദനം, മൂന്ന് പ്രാവശ്യം ജലം. ഇനി തൊഴുതുകൊണ്ട് ചൊല്ലേണ്ട മന്ത്രം

**ദേവതാഭ്യ പിതൃഭ്യശ്ച മഹായോഗീഭ്യ ഏവ ച**

**നമ സ്വധായൈ സ്വാഹായൈ നിത്യമേവ നമോ നമഃ**

**ആ ബ്രഹ്മണോ യേ പിതൃവംശജാതാ**

**മാതു സ്തദാ വംശ ഭവാ മദീയാ**

**മിത്രാണി സഖ്യ പശവശ്ച വൃക്ഷാ:**

**ദൃഷ്ടാശ്ച അദൃഷ്ടാശ്ച കൃതോപകാരാഃ**

**ജന്മാന്തരേ യേ മമ സംഗതാശ്ച**

**തേഭ്യ സ്വയം പിണ്ഡബലിം ദദാമി.**

**ഭൂമൗ ദത്തേന ബലിനാ തൃപ്താ യാന്തു പരാംഗതിം.**

**അതീത കുലകോടീനാം സപ്ത ദ്വീപ നിവാസിനാം**

**പ്രാണീനാം ഉദകം ദത്തം അക്ഷയ്യമുപതിഷ്ഠതു**

ജലം കയ്യിലൂടെ അവസാനീയാഘ്യമിദം എന്നു ചൊല്ലി തർപ്പണം ചെയ്യുക.

ആചാര്യസ്ഥാനത്തിരുന്ന് ചൊല്ലിത്തന്ന വ്യക്തിക്കു വെറ്റില, അടയ്ക്ക ദക്ഷിണയും ചേർത്ത് കൊടുക്കുക. ഒരു തൂശനിലയിൽ (വാഴയില) അല്ലെങ്കിൽ പ്ലേറ്റിൽ എല്ലാം എടുത്ത് കൂട്ടിചേർത്ത് തലയിൽ വച്ച് കടൽ / പുഴ / കുളം ഇതിൽ മുങ്ങുക അല്ലെങ്കിൽ വലിയ പാത്രത്തിലെ ജലത്തിൽ അർപ്പിക്കുക. അർപ്പിക്കുന്ന സമയത്ത് ഇദം പിണ്ഡം ഗയാർപിതോ അസ്തു (ഈ പിണ്ഡം ഞാൻ ഗയയിൽ അർപിക്കുന്നു എന്നർത്ഥം) എന്നു ചൊല്ലുക.

പിണ്ഡം വച്ചിരുന്ന സ്ഥലത്തുള്ള കുറച്ച് എള്ള് എടുത്ത് മുകളിലേക്കിട്ട് 'സ്വർഗം ഗച്ഛ സ്വ' എന്ന് പ്രാർത്ഥിക്കുക.

**ഇനി ദേവ-ഋഷി-ആചാര്യ-പിതൃ തർപ്പണമാണ്**

***(സാധാരണക്കാർക്ക് അൽപംകൂടി തർപ്പണകർമ്മം എളുപ്പമാക്കുവാൻ ആചാര്യന്മാരുടെ നിർദ്ദേശമനുസരിച്ച് ഈ പതിപ്പുമുതൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.)*** മേൽവിവരിച്ച ക്രിയ കഴിഞ്ഞ് കയ്യും കാലും മുഖവും ഒരിക്കൽകൂടി കഴുകിയതിനുശേഷം ഇനിപറയുന്ന തർപ്പണം, ഇടത്തേകയ്യിലെ സ്പൂണിൽ നിന്ന് ഓരോ തുള്ളി ജലം വലത്തേ കയ്യിലൂടെ ഒഴുക്കി തർപ്പണമാക്കി കൊടുക്കാവുന്നതാണ്. (ഇതൊന്നും മനപ്പാഠമാക്കേ



Scanned with CamScanner

ണ്ടതില്ല. പുസ്തകം നോക്കി വായിച്ചുതരുന്നതനുസരിച്ച് കേട്ട് അതാവർത്തിച്ച് തർപ്പണം ചെയ്യുക.) പ്രകൃതി ശക്തികൾക്കും ദേവതകൾക്കുമുള്ളതർപ്പണമാണ് ആദ്യം. ഓരോ പ്രാവശ്യം ഒരു തുള്ളിജലം വീതം നൽകികൊണ്ട് ചെയ്യണം.

| | | | |
|---|---|---|---|
| 1. ഓം അഗ്നിഃ | തൃപ്യതു | 2. ഓം വിഷ്ണുഃ | തൃപ്യതു |
| 3. ഓം പ്രജാപതിഃ | തൃപ്യതു | 4. ഓം ബ്രഹ്മാ | തൃപ്യതു |
| 5. ഓം വേദാഃ | തൃപ്യന്തു | 6. ഓം ദേവാഃ | തൃപ്യന്തു |
| 7. ഓം ഋഷയഃ | തൃപ്യന്തു | 8. ഓം ഓംകാരഃ | തൃപ്യതു |
| 9. ഓം വഷട്കാര | തൃപ്യതു | 10. ഓം വ്യാഹൃതയഃ | തൃപന്തു |
| 11. ഓം സാവിത്രീ | തൃപ്യതു | 12. ഓം യജ്ഞാഃ | തൃപ്യന്തു |
| 13. ഓം ദ്യാവാപൃഥിവീ | തൃപ്യതു | 14. ഓം അന്തരീക്ഷം | തൃപ്യതു |
| 15. ഓം അഹോരാത്രാണി | തൃപ്യന്തു | 16. ഓം സാംഖ്യാഃ | തൃപ്യന്തു |
| 17. ഓം സിദ്ധാഃ | തൃപ്യന്തു | 18. ഓം സമുദ്രാഃ | തൃപ്യന്തു |
| 19. ഓം നദ്യഃ | തൃപ്യന്തു | 20. ഓം ഗിരയഃ | തൃപ്യന്തു |

21. ഓം ക്ഷേത്ര-ഔഷധി-വനസ്പതി-ഗന്ധർവ-അപ്സരസഃ തൃപ്യന്തു

| | | | |
|---|---|---|---|
| 22. ഓം നാഗാഃ | തൃപ്യന്തു | 23. ഓം വയാംസി | തൃപ്യന്തു |
| 24. ഓം ഗാവഃ | തൃപ്യന്തു | 25. ഓം വിപ്രാഃ | തൃപ്യന്തു |
| 26. ഓം സാദ്ധ്യാഃ | തൃപ്യന്തു | 27. ഓം രക്ഷാംസി | തൃപ്യന്തു |
| 28. ഓം യക്ഷാഃ | തൃപ്യന്തു | 29. ഓം ഭൂതാനി | തൃപ്യന്തു |

**സനാതനധർമ്മത്തിന്റെ ആധാരഗ്രന്ഥങ്ങൾ രചിച്ച അതി പ്രഗത്ഭരായ ഋഷിവര്യന്മാർക്കുള്ളതാണ് അടുത്ത ജലതർപ്പണം. ഈ ഋഷിവര്യന്മാർക്കുള്ള തർപ്പണം രണ്ടുപ്രാവശ്യം വീതം നൽകണം.**

| | | | |
|---|---|---|---|
| ഓം ശതർച്ചിനഃ | തൃപ്യന്തു | ഓം ഗൃത്സമദഃ | തൃപ്യതു |
| ഓം വിശ്വാമിത്രഃ | തൃപ്യതു | ഓം വാമദേവഃ | തൃപ്യതു |
| ഓം അത്രിഃ | തൃപ്യതു | ഓം ഭരദ്വാജഃ | തൃപ്യതു |
| ഓം വസിഷ്ഠഃ | തൃപ്യതു | ഓം പ്രാഗാഥാഃ | തൃപ്യന്തു |
| ഓം പാവമാന്യഃ | തൃപ്യന്തു | ഓം ക്ഷുദ്രസൂക്താഃ | തൃപ്യന്തു |
| ഓം മഹാസൂക്താഃ | തൃപ്യന്തു | ഓം സനകഃ | തൃപ്യതു |
| ഓം സനന്ദനഃ | തൃപ്യതു | ഓം സനത് കുമാരഃ | തൃപ്യതു |
| ഓം കപിലഃ | തൃപ്യതു | | |

**ഭാരതീയ ദർശനങ്ങളും ആചാരങ്ങളും ഇതിഹാസങ്ങളുമെഴു**



Scanned with CamScanner

തിയ ആചാര്യന്മാർക്കുള്ളതാണിനിയുള്ള തർപ്പണം. മൂന്നുപ്രാവശ്യമുള്ള തർപ്പണം ആചാര്യന്മാർക്കുള്ളത്.

ഓം സുമന്തു - ജൈമിനി - വൈശംപായന - പൈല - സൂത്രഭാഷ്യകാര - ഭാരത - മഹാഭാരത - ധർമ്മാചാര്യാഃ തൃപ്യന്തു

ഓം ജാനന്തി - ബാഹവീ - ഗാർഗ്യ - ഗൗതമ - ശാകല്യ - ബാഭ്രവ്യ - മാണ്ഡവ്യ - മാണ്ഡുകേയ - തൃപ്യന്തു

ഓം കഹോളം തർപ്പയാമി ഓം കൗഷീതകം തർപ്പയാമി
ഓം മഹാകൗഷീതകം തർപ്പയാമി ഓം പൈംഗ്യം തർപ്പയാമി
ഓം മഹാപൈംഗ്യം തർപ്പയാമി ഓം സൂയജ്ഞം തർപ്പയാമി
ഓം സാംഖ്യായനം തർപ്പയാമി ഓം ഐതരേയം തർപ്പയാമി
ഓം മഹൈതരേയം തർപ്പയാമി ഓം ശാകലം തർപ്പയാമി
ഓം ബാഷ്കളം തർപ്പയാമി ഓം ഔദവാഹീം തർപ്പയാമി
ഓം മഹൗദവാഹീം തർപ്പയാമി ഓം ശൗനകം തർപ്പയാമി
ഓം ആശ്വലായനം തർപ്പയാമി

യേ ച അന്യേ ആചാര്യാഃ തേ സർവേ തൃപ്യന്തു

ഇനി നമ്മുടെ പിതൃക്കൾക്കുള്ള തർപ്പണമാണ് (പേരറിയാമെങ്കിൽ പേര് ചേർത്ത് തർപ്പണം ചെയ്യാം. ഉദാഹരണം - പിതരം നാരായണ വർമ്മാണം/ശർമ്മാണം തർപ്പയാമി. പ്രപിതാമഹീം ജാനകീദാം തർപ്പയാമി... പുരുഷന്മാർക്ക് വർമാണം/ശർമ്മാണം ചേർത്തും, സ്ത്രീപേരിനോടൊപ്പം ദാം ചേർത്തും രണ്ടു പ്രാവശ്യം വീതം തർപ്പണം കൊടുക്കണം. വിഷമം തോന്നുന്നു എങ്കിൽ ചുവട്ടിൽ നൽകിയിരിക്കുന്നതു പ്രകാരം മാത്രം ചൊല്ലി തർപണം നൽകുക.

ഓം പിതരം തർപ്പയാമി ഓം പിതാമഹം തർപ്പയാമി
ഓം മാതരം തർപ്പയാമി ഓം പിതാമഹീം തർപ്പയാമി
ഓം പ്രപിതാമഹീം തർപ്പയാമി ഓം മാതാമഹം തർപ്പയാമി
ഓം മാതൃപിതാമഹം തർപ്പയാമി ഓം മാതൃപ്രപിതാമഹം തർപ്പയാമി

ഓം ജ്ഞാതാജ്ഞാത ഉഭയകുല പിതൃൻ തർപയാമി

ഇത്രയും കഴിഞ്ഞതിനുശേഷം വേണം തർപ്പണം ചെയ്യുന്നവർ ദക്ഷിണ കൊടുക്കുവാൻ. അതോടുകൂടി പിതൃകർമ്മം രണ്ടാം ഭാഗവും കഴിഞ്ഞു. പിതൃകർമ്മം കഴിഞ്ഞ് ക്ഷേത്രദർശനം നടത്തുക. പാവപ്പെട്ടവർക്ക് ഭക്ഷണം / ദ്രവ്യങ്ങൾ ദാനം കൊടുക്കുക. ഈ ദിവസം അത്താഴം അരിയൊഴിച്ചുള്ള മറ്റു വിഭവങ്ങളാക്കുക.



Scanned with CamScanner

ഈ ദിവസം സായം സന്ധ്യയ്ക്ക് വീടിന്റെ തെക്കേമുറിയിൽ / തെക്കേവരാന്തയിൽ ഒരു വിളക്ക് രണ്ടു തിരികളിട്ട്, തെക്കോട്ടും വടക്കോട്ടും തിരി കത്തിക്കുക. വിളക്കിനടുത്ത് അര ഗ്ലാസ്പാലും മറ്റൊരു ഗ്ലാസിൽ വെള്ളവും വച്ച് തെക്കോട്ടു നോക്കി പ്രാർത്ഥിക്കുക.

**ശ്മശാന അനല ദഗ്ധോസി പരിത്യക്തോസി ബാന്ധവൈഃ**
**ഇദം നീരം ഇദം ക്ഷീരം ആഹാരായ പ്രകൽപ്യതാം** ( തൊഴുതു കൊണ്ടു ചൊല്ലണം)

**കൈക്കൂലി, മദ്യം, അവിഹിത കർമ്മങ്ങൾ, അസത്യം, അധർമ്മം, അനീതി, അന്യായം എന്നീ മാർഗത്തിലൂടെ സഞ്ചരിച്ചിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ മുമ്പിൽ അർപ്പിച്ചതെന്തോ അതു മനസ്സിൽ വച്ചു കൊണ്ട് സത്യം, ധർമ്മം, നീതി, ന്യായം എന്നീ പന്ഥാവിലേയ്ക്ക് മാറുവാൻ ഈ ദിവസം മുതൽ സാധിക്കണം. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്ക്, തിന്മയിൽനിന്ന് നന്മയിലേയ്ക്ക്, ഞങ്ങളുടെ മക്കൾ മാറുന്നു എന്ന് നമ്മുടെ മരിച്ചുപോയ മാതാപിതാക്കൾ സന്തോഷിക്കുന്ന ദിവസമാകട്ടെ ഈ പിതൃകർമ്മദിനം.**



Scanned with CamScanner

# ജാതകർമ്മം

## നിഷ്ക്രമണം – നാമകരണം ചൂഡാകർണം – അന്നപ്രാശനം വിദ്യാരംഭം – ഉപനയനം – സമാവർത്തനം (ആചരണ വിധി)

### ഇതു വായിച്ചതിനുശേഷം ആചാരങ്ങൾ പാലിക്കുക

ഭാരതീയ ആചാരങ്ങൾ എല്ലാംതന്നെ ആയുസ്സും ആരോഗ്യവും ഐശ്വര്യവും ലക്ഷ്യമിട്ടുള്ളതാണ്. ഈ ആചാരങ്ങളിൽ ശാസ്ത്രം, ഭൗതീകത, സാമൂഹിക ബന്ധങ്ങൾ, കുടുംബ ബന്ധങ്ങൾ, മനഃശാസ്ത്രം ഇവയെല്ലാം ആത്മീയതയുടെ ചൈതന്യം കൊണ്ട് ഒരുമിച്ചു ചേരുന്നു.

ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് സാധിക്കാവുന്നത്രയും ശ്രദ്ധയോടെയും മനഃശുദ്ധിയോടെയും, ഭക്തിയോടെയും അനുശാസിക്കേണ്ടതാണ് ഈ ആചാരങ്ങൾ. അറിവില്ലായ്മകൊണ്ടു തെറ്റുകൾ സംഭവിക്കുകയാണെങ്കിൽ അതൊരിക്കലും 'തെറ്റ്' എന്ന വീക്ഷണത്തിൽ വരുന്നില്ല. തെറ്റായിട്ട് ഏതെങ്കിലും ആചാരങ്ങളനുഷ്ഠിച്ചാൽ ദൈവകോപം, പാപം, ശാപം, കുഴപ്പം, പ്രശ്നങ്ങൾ, ഇവയൊന്നും ഉണ്ടാകില്ല. ആചാരങ്ങൾ തെറ്റുന്നതുകൊണ്ടും കുറയുന്നതുകൊണ്ടും സങ്കീർണമായ ഒരു കുഴപ്പവും ഉണ്ടാകുന്നില്ല എന്നു പ്രത്യേകം ഓർമ്മിക്കുക. **ആചാരങ്ങൾ തെറ്റിയാൽ ലഭിക്കേണ്ടതായ പൂർണ്ണഫലം അൽപം കുറഞ്ഞുപോകാൻ സാധ്യതയുണ്ട് എന്നുമാത്രം.**

ദേശവിദേശങ്ങളിൽ ലഭ്യമാകുന്ന സൗകര്യം കൊണ്ട് എത്രത്തോളം ആചാരങ്ങൾ അനുഷ്ഠിക്കുവാൻ സാധിക്കുമോ അതുമാത്രമാണ് വേണ്ടത്. അതിന് പൂർണ്ണഫലം ലഭ്യമാകുകതന്നെ ചെയ്യും. ഒരേ ആചാരം വ്യത്യസ്ത രീതിയിൽ യുക്തിക്കനുസരിച്ച് അനുഷ്ഠിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്.

അന്ധമായി കാര്യങ്ങൾ അറിയാമെന്നു നടിക്കുന്നവരോടോ, വെറുതെ ഉപദേശിക്കുന്നവരോടോ അറിയുന്നവരെപോലെ അഭിനയിച്ച് അശാസ്ത്രീയമായ ഉപദേശങ്ങൾ നൽകുന്നവരോടോ, വേണ്ടതിനും വേണ്ടാത്തതിനും **ഉപദേശം തേടാതിരിക്കുക.** ആരെന്തുപറഞ്ഞാലും ശാസ്ത്രം, യുക്തി, ബുദ്ധി, ചിന്ത ഇവകളിലൂടെ വിശകലനം ചെയ്തു മാത്രം സ്വീകരിക്കുക.

സ്വയം ശാസ്ത്രീയമായി വിശകലനം ചെയ്ത്, ഓരോ ആചാ



Scanned with CamScanner

രാനുഷ്ഠാനത്തിലുമുള്ള നന്മകൾ സ്വയം അറിയാനും ശാസ്ത്രം അറിയാവുന്നവരോട് ആചാരത്തിന്റെ ശാസ്ത്രം അന്വേഷിച്ചറിയാനും സാധിക്കണം.

ജ്യോതിഷം ഗഹനമായി അറിയാത്ത അനവധി മുറി വൈദ്യന്മാരോട് പ്രശ്നം വയ്ക്കാനും, ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള മാർഗമന്വേഷിച്ചുപോകാനും തയ്യാറാകുന്നവർ ഇന്ന് ധാരാളമുണ്ട്. അതിസങ്കീർണമായ പ്രശ്നങ്ങളിൽ, ഇതിലൂടെ, ചെന്ന് പതിക്കുന്നവരും ധാരാളമുണ്ട്. ഏതു സംശയത്തിനും പരിഹാരമന്വേഷിച്ചു പോകുമ്പോഴും നാം ബന്ധപ്പെടുന്ന വ്യക്തിയുടെ ശുദ്ധസയൻസിലുള്ള അറിവിന്റെ നിലവാരം കൂടി കണക്കിലെടുത്തുവേണം അവരിൽനിന്നും ഉപദേശം സ്വീകരിക്കാൻ.

ആത്മീയതയും മതവും തിരിച്ചറിയാൻ സാധിക്കണം. അതുപോലെ നന്മനിറഞ്ഞ ആചാരങ്ങളും അന്ധവിശ്വാസങ്ങളും തമ്മിലുള്ള വ്യത്യാസവും തിരിച്ചറിയണം. **പഴയതെല്ലാം അന്ധവിശ്വാസവും പുതിയതെല്ലാം ശാസ്ത്രവുമാണെന്ന് ഒരിക്കലും തെറ്റിദ്ധരിക്കരുത്. ശാസ്ത്രമായതെല്ലാം നന്മകളാണെന്നും തെറ്റിദ്ധരിക്കരുത്. ആത്മീയതയും ഭക്തിയും, ആചാരവും, ഈശ്വരവിശ്വാസവുമെല്ലാം അന്ധവിശ്വാസമാണെന്നും തെറ്റിദ്ധരിക്കരുത്.**

നമ്മുടെ കൂട്ടത്തിലുള്ളവരിൽ മൂന്നോ നാലോ വ്യക്തികൾ ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ആചാരങ്ങൾ ഭംഗിയായി പഠിക്കണം. അവരിലൂടെ അത് മറ്റുള്ളവരിലേക്കെത്തണം. അൽപം മന്ത്രതന്ത്രങ്ങളുടെ പിൻബലമുള്ളവർക്ക് ഈ ആചാരങ്ങൾ പഠിക്കാനെളുപ്പമാണ്. ആചരിക്കാനും ആചരിപ്പിക്കാനും എളുപ്പമാണ്. അവരിൽ നിന്ന് മറ്റു കുറേപേരും പഠിക്കണം, പ്രചരിക്കണം, പ്രചരിപ്പിക്കണം.

ഈ പുസ്തകത്തിൽ വിവരിക്കുന്ന എല്ലാ ആചാരങ്ങളും അനുഷ്ഠിക്കുന്നതിനുമുമ്പ് ഗുരുപൂജയും ഗണപതി പൂജയും നടത്തിയിരിക്കണം.

**മഴുവഞ്ചേരി മഹാദേവക്ഷേത്രപ്രസാദമായി ഈ ആചാരാനുഷ്ഠാനത്തിന്റെ ലഘുപുസ്തകം പ്രകാശനം ചെയ്യുന്നു.**

**പ്രഗത്ഭരായ ആചാര്യന്മാരുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ചത്.**

**ഡോ. എൻ. ഗോപാലകൃഷ്ണൻ**

## ഗുരുപൂജയും ഗണപതിപൂജയും

ഗുരുപൂജയും, ഗണപതി പൂജയും, സാധിക്കുന്ന വിധത്തിൽ ലളിതമായി നടത്തിയതിനുശേഷം വേണം എല്ലാ ചടങ്ങുകളും സംസ്കാരങ്ങളും വീട്ടിലോ ക്ഷേത്രത്തിലോ ആചരിക്കേണ്ടത്.

ലളിതമായ എല്ലാ പൂജകളും ഒരു വിളക്കിൽ, കിഴക്കു പടിഞ്ഞാറായി രണ്ടു ജ്വാല വരത്തക്കവിധത്തിൽ തിരി കത്തിച്ച് വേണം നടത്താൻ. അഞ്ചു തിരിയിട്ടുള്ള വിളക്കിലേക്കും പൂജ നടത്താവുന്നതാണ്. ദേശത്തിലും വിദേശത്തിലും ലഭ്യമായ സ്ഥല സൗകര്യങ്ങളനുസരിച്ച് പൂജ നടത്തേണ്ടതാണ്. പൂവ്, കർപ്പൂരം, ചന്ദനത്തിരി (ബത്തി), പഴങ്ങൾ ഇവ അവശ്യം വേണ്ട വസ്തുക്കളാണ്.

## ഗുരുപൂജാനുഷ്ഠാനം

ആചാര്യ സ്ഥാനത്തിരിക്കാൻ യോഗ്യതയുള്ള വ്യക്തികളുണ്ടെങ്കിൽ അവർ ഈ പൂജ നടത്തണം. ഈ ചടങ്ങ് ഭാര്യാഭർത്താക്കൻമാർക്ക് ഒരുമിച്ചിരുന്നും, സ്വയം സ്വന്തം ഗൃഹത്തിൽ നടത്താവുന്നതുമാണ്.

കത്തിച്ചു വെച്ചിരിക്കുന്ന വിളക്കിന് മൂന്നു പ്രാവശ്യം **ശ്രീ.** ഗുരുഭ്യോ നമ : എന്നു ചൊല്ലി പുഷ്പാർച്ചന നടത്തുക.

**ഗുരുർ ബ്രഹ്മ ഗുരുർ വിഷ്ണു ഗുരുർ ദേവോ മഹേശ്വര:**

**ഗുരു സാക്ഷാത് പരംബ്രഹ്മ തസ്മൈ ശ്രീ ഗുരവേ നമ:**

ഈ മന്ത്രം ചൊല്ലി പ്രാർത്ഥിക്കുക.

**ഓം ഗുരു ദേവായ വിദ്മഹേ പരബ്രഹ്മണേ ധീമഹി** തന്നോ ഗുരു **പ്രചോദയാത്** മൂന്നു പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കുക.

**ശ്രീ ഗുരുഭ്യോ നമഃ** എന്നു ചൊല്ലി പുഷ്പാർച്ചന നടത്തുക.

നമ്മുടെ പൂർവീകാചാര്യന്മാരേയും ഗുരുക്കന്മാരേയും സ്മരിച്ച്, പൂജിച്ച് അനുഗ്രഹം വാങ്ങുന്നതിനാണ് ഗുരുപൂജ നടത്തുന്നത്.

## ഗണപതി പൂജ

ഗുരു പൂജ നടത്തിയ അതേ വിളക്കിലേക്ക് തന്നെ ഗണപതി പൂജയും നടത്താവുന്നതാണ്. ഗുരുവിളക്കിന്റെ വലത്തു വശത്ത് ഗണപതി വിളക്ക് പ്രത്യേകം വെച്ച് പൂജ നടത്തണമെങ്കിൽ അപ്രകാരവും ചെയ്യാവുന്നതാണ്.

**ശ്രീ ഗണപതയേ നമഃ** എന്ന് മൂന്നു പ്രാവശ്യം പുഷ്പാർച്ചന നടത്തുക.

**ഓം ഏകദന്തായ വിദ്മഹേ വക്രതുണ്ഡായ ധീമഹി**
**തന്നോ ദന്തി പ്രചോദയാദ്.**



Scanned with CamScanner

മൂന്നു പ്രാവശ്യം ചൊല്ലി പുഷ്പാർച്ചന നടത്തുക.

**ഏക ദന്തം മഹാകായം കോടി സൂര്യ സമപ്രഭം**

**ശ്രീ ഗണേശം പ്രാർത്ഥയാമി. നിർവിഘ്നം**

**കുരു മേ ദേവ സർവകാര്യേഷു സർവദാ**

**ക്ഷിപ്ര പ്രസാദായ നമഃ പ്രാർത്ഥനാം സമർപ്പയാമി-** തൊഴുതു പ്രാർത്ഥിക്കുക.

നിവേദിക്കാനുള്ള പഴങ്ങളും മറ്റും വിളക്കിന്റെ മുന്നിൽ വെച്ച് പൂവ് ഇട്ട് പ്രാർത്ഥിക്കുക.

**ശ്രീ ഗണപതയേ നമഃ മഹാനിവേദ്യം സമർപ്പയാമി**

ഈ നിവേദ്യം സ്വീകരിക്കേണമെ എന്നു പ്രാർത്ഥിക്കുക.

അറിയാവുന്ന ഗണേശ മന്ത്രങ്ങൾ ചൊല്ലി അർച്ചന നടത്താവുന്നതാണ്. ഗണപതി പൂജ പരിസമാപ്തിയിലെത്തുന്നത് കർപ്പൂരാരാധനയോടെയാണ്. കർപ്പൂരത്തട്ടിൽ കർപ്പൂരമിട്ട് കത്തിച്ച് ദീപാരാധന നടത്തുക. കർപ്പൂരത്തട്ടിലെ ജ്വാല ഉഴിഞ്ഞ് പൂവ് വിളക്കിലേക്കിടുക.

**മംഗള നീരാഞ്ജനം സമർപ്പയാമി**

**സുവർണ്ണ പുഷ്പം സമർപ്പയാമി**

എല്ലാവരും ഈ ദീപാരാധനാജ്വാല യഥാവിധി സ്വീകരിക്കുക. എല്ലാ കർമ്മങ്ങളും, സംസ്കാരങ്ങളും ആരംഭിക്കുന്നതിനു മുമ്പ് അനുഷ്ഠിക്കേണ്ടതായ ഈശ്വരാരാധനാ ക്രമമാണിത്.

## I ജാതകർമ്മ വിവരണം

1. ഭൂമിയിൽ നിന്നും പ്രപഞ്ചത്തെ വീക്ഷിക്കുമ്പോൾ നമുക്ക് ഏറ്റവും അടുത്തുള്ള ഗ്രഹങ്ങളും, സൂര്യനും, ചന്ദ്രനും, ഭൂമിയുടെ ഭ്രമണമണ്ഡലത്തിലെ രണ്ടു നോഡുകളായ രാഹു കേതുക്കളും, ഒരു ശിശുവിന്റെ ജനനസമയത്ത് എവിടെ കാണപ്പെടുന്നു എന്നു ജ്യോതിശാസ്ത്രപരമായി-astronomy-രേഖപ്പെടുത്തുന്ന ശാസ്ത്രീയ ചടങ്ങാണ് ജാതകർമ്മം

2. ഭൂമിക്കു ചുറ്റുമുള്ള പ്രപഞ്ചഗോളത്തെ celestial sphere- 360 ഡിഗ്രിയായി (ഏതൊരു വൃത്തവും/ഗോളവും വിഭജിച്ചിരിക്കുന്നതു പോലെ) വിഭജിച്ചിരിക്കുന്നു. ഇതിനെ ഭാരതീയരും ആധുനികശാസ്ത്രജ്ഞന്മാരും, 30 ഡിഗ്രി വീതം (ഏകദേശം) വരുന്ന 12 രാശികളായി തിരിച്ച് (ഇംഗ്ലീഷിലും) ഭാരതീയർ സംസ്കൃതത്തിലും തദ്ദേശ ഭാഷയിലും കൊടുത്തതാണ് മേട-ഇടവ- മിഥുന.... രാശി നാമങ്ങൾ

3. പ്രപഞ്ചഗോളത്തിലെ 360 ഡിഗ്രിയുടെ ആരംഭം മേട രാശിയുടെ ആരംഭ ബിന്ദുവാണ്. ഇതിലേക്ക് സൂര്യൻ പ്രവേശിക്കുന്ന രേഖ



Scanned with CamScanner

യാണ് മേട സംക്രാന്തി രേഖ. അവിടെ നിന്നും അളക്കുമ്പോൾ എവിടെയാണ് സൂര്യൻ-ചന്ദ്രൻ-കുജൻ-ബുധൻ-ഗുരു-ശുക്രൻ-ശനി എന്നിവയും രണ്ട് നോഡുകളും എന്ന് കൃത്യമായി ഗണിതശാസ്ത്രമുപയോഗിച്ച് ഗണിച്ചെഴുതിക്കുവാൻ വേണ്ടി ചെയ്യുന്ന ആചാരമാണ് ജാതകർമ്മം. ഭാരതീയമായ എല്ലാ കർമ്മങ്ങളിലും ആത്മീയതയും, ശാസ്ത്രവും (അതുപോലെ മറിച്ചും) ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ കുഞ്ഞിന്റെ ജനന സമയത്തെ ജ്യോതിർഗോള സ്ഥാന രചന എന്ന ശാസ്ത്രം ഒരു ആചാരബന്ധിതമായ ആത്മീയ ചടങ്ങു കൂടി ചേർത്തൊരു സംസ്കാര ചടങ്ങാക്കി ഭാരതീയർ ആചരിക്കുന്നു.

4. കൃസ്ത്യൻ-മുസ്ലീം-കമ്മ്യൂണിസ്റ്റ് രാജ്യങ്ങളടക്കം എല്ലാ ദേശങ്ങളിലും ജാതക വാരഫലം എന്നിവ വളരെ പ്രചാരത്തിലുണ്ടെന്ന് ഓർക്കുക.

5. വളർന്നു വരുന്ന വ്യക്തിക്ക് ഭാവിയെക്കുറിച്ച് ഒരു മാർഗ നിർദ്ദേശം വേണമെന്നു തോന്നുകയാണെങ്കിൽ ആധുനിക ശാസ്ത്രത്തിന് നൽകാൻ പറ്റാത്ത ഒരറിവാണിത്. ആവശ്യമുള്ളവർക്ക് ഉപയോഗിക്കാനോ, തിരസ്കരിക്കാനോ, ചെയ്യണമെങ്കിൽ പിന്നീട് ഒരു ജാതകക്കുറിപ്പ് അന്വേഷിച്ചു പോകേണ്ടി വരാറുണ്ട്. അപ്പോൾ ഉണ്ടാകുന്ന പശ്ചാത്താപം ഒഴിവാക്കാൻ, യുക്തിവാദികളും, നിരീശ്വരവാദികളും പുരോഗമനവാദികളുമടക്കം എല്ലാവരും, അവരുടെ മക്കൾക്കും കുഞ്ഞുമക്കൾക്കും ഇപ്രകാരമൊരു തലക്കുറി എഴുതിവയ്ക്കുന്നത് നല്ലതാണെന്ന് സാന്ദർഭീകമായി സൂചിപ്പിക്കുന്നു.

## ജാതകർമ്മം അനുഷ്ഠിക്കുന്ന വിധം

1. ജനനശേഷം ഒന്നര ദിവസത്തിനുള്ളിൽ തേനും, വയമ്പും, നെയ്യും, സ്വർണവും തീർത്തും വൃത്തിയായ ഒരു ചാണയിൽ ഒരു തുള്ളിയിൽ ചാലിച്ച്, നവജാതശിശുവിന്റെ നാക്കിൽ വെയ്ക്കുന്നതാണ് ജാതകർമ്മത്തിലെ പ്രധാന ചടങ്ങ്. ജനനശേഷം ആറുമാസത്തിനുള്ളിൽ ഒരു നല്ലദിവ സവും സമയവും നോക്കി ജാതക രചന നടത്താവുന്നതാണ്. (മുൻപതിപ്പു കളിൽ നിന്ന് മാറ്റം വരുത്തിയിട്ടുണ്ട്)

2. ശിശുവിന്റെ അച്ഛനമ്മമാർ രാവിലെ ആറു മണിക്കു മുമ്പ് എഴുന്നേറ്റ്, കുളിച്ച്, പൂജാമുറിവൃത്തിയാക്കി, വിളക്കു കത്തിച്ച്, രണ്ടു പേരും ചേർന്ന് നടത്തുന്ന ചെറിയ പൂജാവിധിയാണ് ആദ്യ ചടങ്ങ്.

3. ഗുരു പൂജയും ഗണപതി പൂജയും ലളിതമായി നടത്തുക.

ഗണപതി പൂജയുടെ പൂവ്, ഭസ്മം, ചന്ദനം ഇവ കുഞ്ഞിന്റെ നെറ്റിയിൽ ചാർത്തുക. കുഞ്ഞിനെ അമ്മയുടെ മടിയിൽ കിടത്തി, ഗണപതി വിളക്കിന്റെ മുമ്പിൽ ഇരുന്ന്, ഒരു പേപ്പറിൽ **ഓം ശ്രീ ഗുരുഭ്യോ നമഃ ശ്രീ**



Scanned with CamScanner

മഹാഗണപതയേ നമഃ എന്ന് അച്ഛൻ എഴുതണം. അതിനു താഴെ കുമാര/കുമാരി ജനന ദിവസം, ആഴ്ച, കൃത്യസമയം, ജനിച്ച സ്ഥലം, അച്ഛന്റേയും അമ്മയുടേയും പേര് എഴുതണം.(കുട്ടിക്ക് പേരിട്ടിട്ടുണ്ടെങ്കിൽ അതും എഴുതാം). ഇത്രയും എഴുതി പൂജാ വിളക്കിനു ചുവട്ടിൽ പൂവിനുമുകളിൽ വച്ച് പ്രാർത്ഥിക്കുക. എഴുതിയ കടലാസ് പിന്നീട് ഭദ്രമായി ഒരു കവറിൽ ഇട്ട് ഏറ്റവും ഉത്തമനെന്നു ബോധ്യമുള്ള ഒരു ജ്യോതിശ്ശാസ്ത്രജ്ഞന് തപാൽ വഴി അയയ്ക്കുകയോ നേരിട്ടു കൊടുക്കുകയോ ചെയ്യുക. ഇത്രയുമാണ് ജാതകർമ്മ ചടങ്ങുകൾ. അന്നേ ദിവസം ക്ഷേത്രദർശനം നടത്തുന്നതും ഉത്തമമാണ്. മറ്റു കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യാവുന്നതാണ്.

## II നിഷ്ക്രമണ വിവരണം

1. അമ്മയുടെ ഗർഭത്തിൽ, പ്രകാശവും, വായുവും ഏൽക്കാതെ 10 മാസക്കാലം കഴിഞ്ഞ കുഞ്ഞ് ജനന ദിവസം മുതൽ ഈ സസ്യശ്യാമളമായ ഭൂമിയെക്കാണുന്നു. പിന്നെ കുറെ ദിവസങ്ങൾ മുറിയിൽ അമ്മയോടൊപ്പമായിരിക്കും കിടക്കുക. വ്യക്തമായി കണ്ണു തുറന്ന് നോക്കാറാകുന്ന ദിവസം വേണം നിഷ്ക്രമണ ചടങ്ങ് നടത്തുവാൻ. മുറിയിൽ നിന്ന് പുറത്തു കൊണ്ടു പോകുക എന്ന അർത്ഥമാണ് ഈ ചടങ്ങിനുള്ളത്. ബാഹ്യലോകവുമായി പ്രത്യക്ഷബന്ധം സ്ഥാപിക്കുന്ന ദിവസമാണിത്.

2. നല്ല ദിവസം, നല്ല സമയം സൂര്യോദയം കഴിഞ്ഞ് ഒന്നു രണ്ടു മണിക്കൂറിനകം, പ്രഭാതമാണ്, ഉത്തമ സമയം.

3. പ്രഭാതത്തിൽ 6 മണിക്കു മുമ്പ് എഴുന്നേറ്റ്, കുളി കഴിഞ്ഞ് പൂജാമുറിയിൽ വിളക്കു കത്തിച്ച് ഭംഗിയായി പൂജാമുറി ഒരുക്കി വെയ്ക്കുക.

### നിഷ്ക്രമണാനുഷ്ഠാനം

4. ഗുരുപൂജ നടത്തി, മാതാപിതാക്കളേയും, ഗുരുജനങ്ങളേയും നമസ്കരിച്ച് (സ്മരിച്ച്) നന്മവരണമേ എന്നു പ്രാർത്ഥിക്കുക.

5. ഗണേശ പൂജ നടത്തി, ഞങ്ങളുടെ കുഞ്ഞിന്റെ ജീവിതത്തിൽ വിഘ്നങ്ങൾ അനായാസേന അഭിമുഖീകരിച്ച് തരണം ചെയ്യുവാൻ സാധിക്കണമേ എന്നു പ്രാർത്ഥിക്കുക.

6. പൂജയുടെ പ്രസാദം കുഞ്ഞിനെ അണിയിച്ച്, കുഞ്ഞിന്റെ മാതാപിതാക്കളും മറ്റു ബന്ധുജനങ്ങളും ഒരുമിച്ച് വീടിനു പുറത്തിറങ്ങി, (ഫ്ളാറ്റിലാണ് താമസമെങ്കിൽ ടെറസ്സിൽ കൊണ്ടു പോയി) തുളസിത്തറയുണ്ടെങ്കിൽ പ്രദക്ഷിണം വെച്ച്, സൂര്യദർശനം നടത്തി, പശുക്കളെ കാണിക്കു



Scanned with CamScanner

വാൻ സാധിക്കുമെങ്കിൽ അതും ചെയ്ത്, തിരിച്ച് വീടിനകത്ത് പ്രവേശിപ്പിക്കുന്നതോടെ നിഷ്ക്രമണ ചടങ്ങുകൾ പൂർത്തിയായി.

പൂജാമുറിയിൽ കുഞ്ഞും മാതാപിതാക്കളും ഇരുന്ന് അൽപ്പ സമയം കൂടി പ്രാർത്ഥിച്ച്, മധുര പദാർത്ഥങ്ങൾ സുഹൃത്തുക്കൾക്കും മറ്റു കുട്ടികൾക്കും വിതരണം ചെയ്യുക. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് സാധിക്കുന്നതുമാത്രം ചെയ്യുക

## III നാമകരണ വിവരണം

വളർന്ന് വലുതാകുമ്പോൾ എല്ലാവരും അറിയപ്പെടേണ്ടതും വിളിക്കേണ്ടതുമായ പേര് കുഞ്ഞിന് നൽകാൻ ഭാഗ്യം ലഭിച്ച മാതാപിതാക്കൾ, മക്കൾക്ക് ഏറ്റവും അനുയോജ്യമായ പേരാണ് നൽകേണ്ടത്. നല്ല ദിവസം നല്ല സമയം തിരഞ്ഞെടുക്കണം. ശിശുവിന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളും രാവിലെ 6 നു മുമ്പ് എഴുന്നേറ്റ് കുളിച്ച്, പൂജാമുറിയിൽ വിളക്കു കത്തിച്ച് പൂജാ സംവിധാനങ്ങളുണ്ടാക്കുക.

### നാമകരണാനുഷ്ഠാനം

ഗുരു പൂജയും ഗണേശപൂജയും നടത്തണം

ആചാര്യ സ്ഥാനത്തിരിക്കാൻ യോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെക്കൊണ്ട് വേണം നാമകരണ കർമ്മം ചെയ്യിക്കുവാൻ. പൂജാ പ്രസാദങ്ങൾ കൊടുത്ത് പ്രാർത്ഥിക്കണം. കുഞ്ഞും അമ്മയും കിഴക്കോട്ടു മുഖമായിട്ടിരിക്കണം. കുഞ്ഞിന്റെ തലയിൽ തൊട്ട് അനുഗ്രഹിച്ചതിനുശേഷം, അച്ഛൻ കുഞ്ഞിന്റെ വലത്തെ ചെവിയിൽ മൂന്നു പേരുകൾ പറഞ്ഞു വിളിക്കണം. ഒന്നാമത്തെ പേര് കുഞ്ഞിന്റെ മുത്തച്ഛന്റേതോ/ മുത്തശ്ശിയുടേതോ, രണ്ടാമത്തെ പേര് കുഞ്ഞിന്റെ ജനന നക്ഷത്രവുമായി ബന്ധപ്പെട്ടത്. (നേരത്തെ ചോദിച്ചറിഞ്ഞു വയ്ക്കുക.) മൂന്നാമത്തെ പേര് കുഞ്ഞിന്റെ ഔദ്യോഗിക നാമം(കുഞ്ഞിന്റെ യഥാർത്ഥ പേര്). മൂന്നാമത്തെ പേര് മൂന്നു പ്രാവശ്യം വലത്തെ ചെവിയിൽ പറയുക. പിന്നീട് അമ്മയും മറ്റു ബന്ധുക്കളും, മൂന്നാമത്തെ പേര് മൂന്നു പ്രാവശ്യം വീതം കുഞ്ഞിന്റെ വലത്തെ ചെവിയിൽ കുഞ്ഞിനെ വിളിക്കണം, (അഭിസംബോധന ചെയ്യണം) അനുഗ്രഹിക്കണം. അതിനു ശേഷം ആചാര്യനുണ്ടെങ്കിൽ ആചാര്യ ദക്ഷിണ കൊടുക്കുക. മറ്റുള്ളവർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുക.

## IV ചൂഡാ കർണ വിവരണം

ഏതൊരു മൃഗത്തേയുംപോലെ (ആകൃതിയിൽ വ്യത്യാസമുണ്ടെങ്കിലും) ഭൂമിയിൽ വന്ന മനുഷ്യന് ആടയാഭരണങ്ങളോട് തനതായ ആസക്തിയുണ്ട്. അത് അണിയുവാൻ ആരംഭിക്കുന്നത് ഒരു ശുഭകർമ്മമാ



Scanned with CamScanner

യിട്ടാണ് നാം ആചരിച്ചുപോരുന്നത്. ഇതിന് മനുഷ്യന്റെ സൗന്ദര്യ ബോധമെന്ന സാമൂഹ്യശാസ്ത്രം ഉണ്ട്. മാതാപിതാക്കളിലൂടെ ഈ കർമ്മാനുഷ്ഠാനം നടക്കുന്നു എന്ന കുടുംബ ബന്ധ സന്ദേശവുമുണ്ട്. ചെവി തുളച്ച് കമ്മലിടുമ്പോൾ ശരീരത്തിൽ പ്രവേശിക്കുന്ന അല്പം രോഗാണുക്കൾ, ശിശുവിന് ആദ്യത്തെ വാക്സിനേഷൻ ആയി പ്രവർത്തിക്കുന്നു എന്ന ശാസ്ത്രവശവുമുണ്ട്.

2. മുൻ വിവരിച്ച കർമ്മങ്ങളിൽ സൂചിപ്പിക്കുന്നതുപോലെ നല്ല ദിവസം, നല്ല സമയം, ഇവ തെരഞ്ഞെടുത്ത് രാവിലെ കുളിച്ച് പൂജാമുറി വൃത്തിയാക്കി, വിളക്കു കത്തിച്ച് ഈ ശുഭകർമ്മം ആരംഭിക്കേണ്ടതാണ്.

## ചൂഡാ കർണാനുഷ്ഠാനം

3. ഗുരുപൂജ നടത്തി ഗുരുവിനേയും, നമ്മുടെ മാതാപിതാക്കളേയും ഗുരുജനങ്ങളേയും സ്മരിക്കുക. അവരുടെ സാന്നിദ്ധ്യമുണ്ടെങ്കിൽ അവരെ നമസ്കരിക്കുക. ഗണേശപൂജയും നടത്തുക.

4. രണ്ടാമതൊരു വിളക്കുണ്ടെങ്കിൽ അതിൽ അഞ്ചു ദിശയിലേക്ക് തിരിയിട്ട്, കത്തിച്ച്, കുങ്കുമം ചാർത്തി, അലങ്കരിച്ച്, ലക്ഷ്മീദേവിയെ മനസ്സിൽ ധ്യാനിച്ച്, കുഞ്ഞിന്റെ ജീവിതത്തിൽ എല്ലാവിധ ഐശ്വര്യസമൃദ്ധിയുമുണ്ടാകണമേ എന്നു പ്രാർത്ഥിക്കുക.

ഒരിലയിൽ കർണാഭരണം (കമ്മൽ) വിളക്കിന്റെ സമീപത്ത് വെയ്ക്കുക.

**ശ്രീ ലക്ഷ്മീ ദേവ്യൈ നമഃ**

**വിഷ്ണു പത്നൈ്യ നമഃ**

**രാജരാജേശ്വര്യൈ നമഃ** എന്നു അർച്ചന നടത്തുക.

**കാത്യായനൈ്യ വിദ്മഹെ കന്യാകുമാര്യൈ ധീമഹി**

**തന്നോ ദേവീ പ്രചോദയാത്** എന്ന് മൂന്നു പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കുക.

പഴവും മധുരപലഹാരങ്ങളും വിളക്കിനു മുമ്പിൽ നിവേദ്യമായി അർപ്പിക്കുക.

**മഹാ നിവേദ്യം സമർപ്പയാമി** എന്നു പ്രാർത്ഥിക്കുക.

കർപ്പൂരത്തട്ടിൽ, കർപ്പൂരം വെച്ച് **മഹാദേവ്യൈ നമഃ** എന്ന് പല പ്രാവശ്യം ചൊല്ലി ദീപാരാധന നടത്തുക. **മംഗള നീരാഞ്ജനം സമർപ്പയാമി, സുവർണ പുഷ്പം സമർപ്പയാമി** എന്നു പുഷ്പങ്ങളർപ്പിക്കുക. ഗൃഹത്തിലാണ് കമ്മൽ ഇടുന്ന കർമ്മം നിർവഹിക്കുന്നതെങ്കിൽ, കുഞ്ഞിനെ അമ്മയുടെ മടിയിലിരുത്തി യഥാവിധി നിയോഗിക്കപ്പെട്ട വ്യക്തിയുടെ കയ്യിലൂടെ ചെവി കുത്തി കമ്മലിടുവിക്കുക.



Scanned with CamScanner

സ്വർണ്ണക്കടയിൽ വെച്ചാണ് ഈ കർമ്മം നിർവഹിക്കുന്നതെങ്കിൽ, മേൽ വിവരിച്ച കർമ്മങ്ങളും ക്ഷേത്രദർശനവും കഴിഞ്ഞ്, അവിടത്തെ സമയവും/മുഹൂർത്തവും നോക്കി കടയിൽ വെച്ച് അണിയുവാൻ വേണ്ടതു ചെയ്യുക.

ആചാര്യന്/ കമ്മലണിയിക്കുന്ന വ്യക്തിക്ക് ദക്ഷിണയും കൊടുക്കുക. ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും ചിഹ്നമായ ആഭരണം ധരിക്കാൻ ആരംഭം കുറിച്ച വ്യക്തിയെ നമസ്കരിക്കുക. അച്ഛനമ്മമാരും കുഞ്ഞിന്റ തലയ്ക്ക് കൈ വെച്ചനുഗ്രഹിക്കുക. കമ്മൽ ധരിച്ചതിനു ശേഷവും പൂജാമുറിയിൽ വിളക്കിനു മുന്നിൽ നമസ്കരിക്കുക. അടുത്ത വീട്ടിലെ കുട്ടികൾക്കും സന്നിഹിതരായവർക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്യുക.

## V അന്ന പ്രാശന വിവരണം

പൊക്കിൾ കൊടിയിലൂടെ ആദ്യത്തെ പത്തു മാസങ്ങൾ അമ്മയിൽ നിന്ന്, വായുവും ആഹാരവും സ്വീകരിച്ച് വളർന്ന്, നാം ഭൂമിയിലേക്കു വന്നു. തുടർന്ന് അമ്മയുടെ പാൽ കുടിച്ച് വളർന്നു. ഏതാനും മാസങ്ങൾ കൂടി കഴിഞ്ഞാൽ സ്വയം ഭൂമാതാവിന്റെ ജലവും ഭക്ഷണവും കഴിക്കുവാൻ തയ്യാറാകണം. നമ്മുടെ ശിശുവിനെ ബാഹ്യമായ ഭക്ഷണസ്വീകരണത്തിലേക്ക് പ്രവേശിപ്പിക്കുന്നതാണ്, അന്ന പ്രാശനം

ശാരീരിക വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ശരീരത്തിനാവശ്യമായ പോഷകമൂല്യങ്ങൾ ലഭിക്കുന്നതിന് തുടക്കം കുറിക്കുന്ന ആചാരമാണിതെന്നതിനാൽ അതിലൊരു ഭക്ഷ്യശാസ്ത്രമുണ്ട്.

ക്ഷേത്രത്തിലോ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലോ ചെയ്യുന്നതിനാൽ അതിനൊരു സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലമുണ്ട്. കുടുംബബന്ധത്തിന്റെ നരവംശശാസ്ത്രവുമുണ്ട്.

പലരും ചെറിയ ചെറിയ അംശം അന്നം കൊടുക്കുന്നു എന്നതിനാൽ അവരുടെ കൈകളിൽ നിന്നു വരാവുന്നതുൾപ്പടെയുള്ളത് ചേരുമ്പോൾ അത്യാധുനിക ശാസ്ത്രം പറയുന്ന ഒരു ഇനോക്കുലേഷൻ ശാസ്ത്രവുമതിലുണ്ട്.

സർവ്വോപരി **'അന്നം ബ്രഹ്മേതി വിജാനാത്'**- അന്നം ബ്രഹ്മമാണ്, അത് സ്വീകരിക്കുന്നത് ആചാരമാണെന്ന ആത്മീയതയുമടങ്ങിയതാണ് അന്ന പ്രാശനം

### അന്നപ്രാശന അനുഷ്ഠാനം

1. രാവിലെ ആറു മണിക്കു മുമ്പ് ഉണർന്നെഴുന്നേറ്റ്, പൂജാമുറിയിൽ വിളക്കു വെയ്ക്കുക. ഗുരു പൂജ യഥാവിധി നടത്തി ഗണേശപൂജയും മുൻ വിവരണം പോലെ നടത്തുക.



Scanned with CamScanner

2. ആചാര്യന്മാരോ, ഗുരുസ്ഥാനത്തിലിരിക്കാവുന്നവരോ, ഉണ്ടെങ്കിൽ അവരെ ആചാര്യ സ്ഥാനത്തിരുത്തി അനുഷ്ഠിക്കാവുന്നതാണ് ഈ ചടങ്ങുകൾ.

3. മൂന്നോ നാലോ കുട്ടികൾക്ക് തുമ്പില (തൂശനില)യിട്ട് അതിൽ പരിപ്പ്, തോരൻ, ചെറുകറികൾ, ചോറ്, പപ്പടം, ഉപ്പേരി, നെയ്യ്, പായസം എന്നിവ വിളമ്പിക്കൊടുത്ത് (ക്ഷേത്രത്തിലാണെങ്കിൽ ഈ ഒരു ഭാഗം വേണ്ടെന്നു വയ്ക്കാം.) ഊണു കഴിപ്പിക്കുക.

6. അതേ പോലൊരിലയിൽ അതേ വിഭവങ്ങൾ വിളമ്പി കുഞ്ഞിനെ അമ്മയുടെ മടിയിൽ ഇരുത്തി, അമ്മ കിഴക്കോട്ട് മുഖമായി ഇരിക്കുക. ഈശ്വര പ്രാർത്ഥന നടത്തുക.

**ബ്രഹ്മാർപണം ബ്രഹ്മഹവി: ബ്രഹ്മാഗ്നൗ ബ്രഹ്മണാഹുതം**

**ബ്രഹ്മൈവ തേന ഗന്തവ്യം ബ്രഹ്മ കർമ്മസമാധിനഃ**

**അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിത:**

**പ്രാണാപാനസമായുക്ത: പചാമ്യന്നം ചതുർവിധം**

എന്ന് മന്ത്രം ചൊല്ലുക.

ആദ്യത്തെ ചോറ് നെയ്യ് കൂട്ടി നല്ലവണ്ണം കുഴച്ചതിൽ നിന്ന് ചെറിയ അംശം വീതം അമ്മ കുഞ്ഞിന്റെ വായിൽ മൂന്നു പ്രാവശ്യം കൊടുക്കുക. മകൻ/മകൾ എവിടെയായിരുന്നാലും ജീവിതത്തിലൊരിക്കലും ഭക്ഷണത്തിന് ബുദ്ധിമുട്ടുവരരുതേ എന്ന് പ്രാർത്ഥിച്ച് കുഞ്ഞിന്റെ നാവിൽ ചോറ് തൊടുവിക്കുക. ഈശ്വര പ്രാർത്ഥനയോടെ അവസാനിപ്പിച്ച്, ആചാര്യസ്ഥാനത്തിരുന്ന വ്യക്തിക്ക് ദക്ഷിണ കൊടുത്ത് നമസ്കരിക്കുക. കുഞ്ഞിന്റെ മാതാപിതാക്കളാണ് സ്വയം ഈ ചടങ്ങുകളെല്ലാം ചെയ്തതെങ്കിൽ ദക്ഷിണ വിളക്കിനു ചുവട്ടിൽ വച്ച്, പിന്നീട് ക്ഷേത്രത്തിൽ സമർപ്പിക്കുക.

ഏതെങ്കിലും ക്ഷേത്രത്തിൽ വച്ചാണ് അന്നപ്രാശനം നടത്തുന്നതെങ്കിൽ പൂജാരിക്ക് സമയവും സൗകര്യവുമുള്ള ചെറിയ ക്ഷേത്രങ്ങളിൽ, മേൽ വിവരിച്ച ആചാരാനുഷ്ഠാനത്തോടെ അന്നപ്രാശനം നടത്താൻ സാധിക്കുമെങ്കിൽ അതാണുത്തമം. അതിനു സൗകര്യമില്ലെങ്കിൽ മാത്രം മഹാക്ഷേത്രങ്ങളിൽ നടത്തുക.

## VI വിദ്യാരംഭ വിവരണം

1. മനുഷ്യൻ കർമ്മ കുശലതയും, ബുദ്ധിയും, സാമൂഹിക ജീവിതവും പഠിക്കുന്നത് അധ്യാപകരിലൂടെയും വിദ്യാലയങ്ങളിലൂടെയുമാണ്. നവീനമായ വിദ്യാധന സമ്പാദന ദിവസമാണ് വിദ്യാരംഭം. പ്രാചീനമായ



Scanned with CamScanner

കുലത്തൊഴിൽ പഠിക്കുന്നതിന്റെ ആരംഭം കുറിക്കുന്നതാണ് ഉപനയനം എന്ന ചടങ്ങ്

2. ശ്രേഷ്ഠമായ വ്യക്തികളുടെ ജന്മസ്ഥലത്തോ, ക്ഷേത്രങ്ങളിലോ, ആശ്രമങ്ങളിലോ വിദ്യാരംഭം നടത്താവുന്നതാണ്.

3. സ്വന്തം ഗൃഹത്തിൽ വെച്ചാണ് നടത്തുന്നതെങ്കിൽ ശ്രേഷ്ഠന്മാരായ ബന്ധുവിനെക്കൊണ്ടോ ആചാര്യനെകൊണ്ടോ വിദ്യാരംഭം നടത്തിക്കാം. പിതാവ് സ്വയം മക്കൾക്ക് വിദ്യാരംഭം കുറിക്കുകയുമാകാം.

4. വിജയ ദശമിയാണ് ഉത്തമ ദിവസം. അത് സാധിച്ചില്ലെങ്കിൽ വിഷു, ദീപാവലി, രാമനവമി, ചിങ്ങമാസത്തിലെ തിരുവോണം.... ഏതെങ്കിലുമൊരു ദിവസമാകാം.

## വിദ്യാരംഭ ചടങ്ങ് അനുഷ്ഠിക്കുന്ന വിധം

5. രാവിലെ കുളി കഴിഞ്ഞ്, പൂജാമുറിയിൽ രണ്ടു വിളക്കുകൾ കത്തിച്ചു വയ്ക്കുക. ഒന്നിൽ കിഴക്കു പടിഞ്ഞാറായി രണ്ടു തിരി കത്തിക്കുക. രണ്ടാം വിളക്ക് അഞ്ചു ദിശയിലേക്ക് കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക്, വടക്ക്-കിഴക്ക് മൂലയായ ഈശാന കോൺ (ഈ വിളക്ക് സരസ്വതി പൂജക്കുള്ളതാണ്.)

6. സരസ്വതി പൂജാവിളക്കിൽ കുങ്കുമം തൊടുവിച്ച്, മാലചാർത്തി, ഭംഗിയായി വെയ്ക്കുക.

മുൻ വിവരണം പോലെ ഒരു വിളക്കിൽ ഗുരുപൂജ നടത്തി, അതേ വിളക്കിൽ ഗണപതി പൂജ നടത്തി, പിന്നീട് അഞ്ചു തിരി കത്തിച്ച വിളക്കിലേക്ക് പൂജ ചെയ്യുക. ഒരു സ്വർണ്ണ മോതിരം വിളക്കിന്റെ സമീപത്ത് വയ്ക്കുക.

**ഓം സരസ്വതീ ദേവ്യൈ നമഃ** മൂന്നു പ്രാവശ്യം ചൊല്ലി പൂവിടുക.

**വിദ്യാ ദേവതായൈ നമഃ** മൂന്നു പ്രാവശ്യം പൂവിടുക.

**വാഗ് ദേവ്യൈ നമഃ** മൂന്നു പ്രാവശ്യം പൂവിടുക.

**സർവ്വ മംഗള മാംഗല്യേ ശിവേ സർവാർത്ഥ സാധികേ**
**ശരണ്യേ ത്രയംബകേ ദേവീ നാരായണീ നമോസ്തുതേ**
**ന ക്രോധോ ന ച മാത്സര്യം ന ലോഭോ**
**നാ *f* ശുഭാമതി ഭവന്തി കൃതപുണ്യാനാം**
**ഭക്താനാംശ്രീ സരസ്വതിം സതതം സ്മരേത്**
**സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണി**
**വിദ്യാരംഭം കരിഷ്യാമി സിദ്ധിർ ഭവതുമേ സദാ .**



Scanned with CamScanner

**സരസ്വതീ ദേവൈ്യ നമഃ വിദ്യാരംഭം കരിഷ്യാമി**

എന്നീ മന്ത്രങ്ങൾ ചൊല്ലി, വിളക്കു പൂജ നടത്തിക്കഴിഞ്ഞ്, കർപ്പൂരത്തട്ടിൽ കർപ്പൂരം കത്തിച്ച് ആരതി നടത്തി, എല്ലാവരും ആരതി സ്വീകരിച്ച്, വിദ്യാരംഭം നടത്തുക. സരസ്വതി ദേവിയെ നല്ല പോലെ സ്മരിച്ച് കുഞ്ഞിന്/മകന്/മകൾക്ക് വിദ്യയുടെ ലോകം കീഴടക്കുവാൻ സാധിക്കേണമേ എന്ന് പ്രാർത്ഥിക്കുക.

9. വിളക്കിന്റെ ചുവട്ടിൽ വെച്ച മോതിരം കൊണ്ട് അമ്മയുടെ മടിയിൽ കിഴക്കോട്ടു ദർശനമായിരിക്കുന്ന കുട്ടിയുടെ നാവിൽ എഴുതിക്കുക. ആചാര്യൻമാരോ, പണ്ഡിതരോ, കുട്ടിയുടെ അച്ഛനോ എഴുതണം. **ഓം ഹരി: ശ്രീ ഗണപതയേ നമഃ** കുട്ടിയോട് മൂന്നു പ്രാവശ്യം ഈ മന്ത്രം ചൊല്ലാനും പറയുക. അതിനുശേഷം കുട്ടിയെ അച്ഛന്റെ മടിയിൽ/ആചാര്യന്റെ മടിയിലിരുത്തിത്തന്നെ ഒരു താമ്പാളത്തിൽ (പ്ലേറ്റിൽ) പച്ചരിയെടുത്ത്, പരത്തി, കുട്ടിയുടെ ചൂണ്ടാണി വിരലിൽ കൈപിടിച്ച്, ഓരോ അക്ഷരമായി പറഞ്ഞും എഴുതിക്കുക.

**ഓം.............. ഹ.............. രി: ................ ശ്രീ........... ഗ.................**

**ണ.............. പ............... ത.................... യേ........... ന...............മഃ**

ആചാര്യനേയും വിളക്കിനേയും നമസ്കരിപ്പിച്ച്, അച്ഛനമ്മമാരെ നമസ്കരിപ്പിച്ചു, ആചാര്യന് ദക്ഷിണകൊടുത്ത് വിദ്യാരംഭം പര്യവസാനിപ്പിക്കാം.

വിജയദശമി ദിവസം പ്രഭാത സ്നാനം കഴിഞ്ഞ്, പൂജാമുറിയിൽ അഞ്ചുതിരിയിട്ട് കത്തിച്ച വിളക്കിന്റെ മുന്നിലിരുന്ന്,മറ്റെല്ലാ കുടുംബാംഗങ്ങളും താമ്പാളത്തിൽ (പ്ലേറ്റിൽ) അരിയെടുത്ത്, അതിൽ ഹരിശ്രീ ഗണപതയേ നമഃ എന്നെഴുതണം. മന്ത്രങ്ങളും കീർത്തനങ്ങളും ചൊല്ലുകയും വേണം.

## VII ഉപനയന വിവരണം

ഉപനയനം എന്ന പദത്തിന് രണ്ട് അർത്ഥങ്ങളുണ്ട്. ഒന്നാമത്തെ അർത്ഥം അടുത്തേക്ക് നയിക്കുക. രണ്ടാമത്തെ അർത്ഥം ഉൾക്കണ്ണ് തുറക്കുക. എല്ലാ വിഭാഗം ജനങ്ങൾക്കും അവരുടെ കുലത്തൊഴിൽ അടുത്ത തലമുറയെ പഠിപ്പിക്കുന്ന കർമ്മമായിട്ട് ഉപനയനം എന്ന ചടങ്ങ് ആചരിക്കാവുന്നതാണ്. സമൂഹത്തിന് നന്മ വിതയ്ക്കുന്ന കുലത്തൊഴിലനുഷ്ഠിക്കുന്നവർ മാത്രം ഇപ്രകാരം ചെയ്താൽ മതിയാകും. ജീവിതചര്യക്കാവശ്യമായ ധനസമ്പാദനത്തിനുള്ള പൈതൃക വിദ്യ-കുലത്തൊഴിൽ, ആചാര്യനിൽ നിന്നോ പിതാവിൽ നിന്നോ പഠിക്കുന്നതിന്റെ ആരംഭമാണ് ഉപനയനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ആചാരാനുഷ്ഠാനം കഴിഞ്ഞാൽ അടുക്കും ചിട്ടയുമുള്ള ഒരു ജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. ബ്രാഹ്മണ-ക്ഷത്രിയ



Scanned with CamScanner

ന്മാരുടെ ഉപനയന ചടങ്ങുകൾ വളരെ സങ്കീർണമായതിനാൽ അതി വിടെ വിവരിക്കുന്നില്ല. മറ്റെല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകരിക്കാവുന്ന ലഘു വിവരണമാണ് ചുവടെ ചേർക്കുന്നത്. ഉപനയനം അത്യാവശ്യമുള്ള ഒരു ചടങ്ങായി ആചരിക്കണമെന്ന് നിർബന്ധമില്ല.

## VII ഉപനയനാനുഷ്ഠാനം

1. നല്ല ദിവസം, നല്ല സമയം, നല്ല സ്ഥലം/ക്ഷേത്രാന്തരീക്ഷം തെരഞ്ഞെടുക്കണം.

2. ഗുരു പൂജയും ഗണേശപൂജയും ഭംഗിയായി നടത്തുക.

3. വിശ്വ കർമ്മാവിന് അഞ്ചു തിരിയിട്ട് (അഞ്ചു ദിശയിലേക്ക്) വിളക്കു കത്തിച്ച് പൂജ നടത്തുകയാണ് പ്രധാന ചടങ്ങ്. ഒരു തൂമ്പെലയിൽ (തുശനിലയിൽ) പച്ചരിയെടുത്ത് അതിൽ വിളക്കു കത്തിക്കണം. കുറച്ച് പൂവ്, ചന്ദനം, തുളസി ഇവ കയ്യിലെടുത്ത് **വിശ്വകർമ്മണേ നമഃ** എട്ടു പ്രാവശ്യം ചൊല്ലി പൂവിടുക.

ഓം നമോ നാരായണായ എട്ടു പ്രാവശ്യം ചൊല്ലി പൂവിടുക.

**ബ്രഹ്മാർപ്പണം ബ്രഹ്മഹവിർ ബ്രഹ്മാഗ്നൗ**

**ബ്രഹ്മണാഹുതം ബ്രഹ്മൈവ തേനഗന്തവ്യം**

**ബ്രഹ്മ കർമ്മ സമാധിനഃ**

**ഓം വിശ്വബ്രഹ്മണേ നമഃ പ്രാർത്ഥനാം സമർപ്പയാമി**

**അന്നാദ് ഭവന്തി ഭൂതാനി പർജന്യാദ് അന്നസംഭവഃ**

**യജ്ഞാത് ഭവതി പർജന്യയജ്ഞഃ കർമ്മ സമുത്ഭവഃ**

**യജ്ഞകർമ്മ പ്രാർത്ഥനാം സമർപ്പയാമി** (എന്നു പറഞ്ഞ് അർച്ചിക്കുക. പഴം, ശർക്കര ഇവ നിവേദ്യമായി അർപ്പിക്കുക.

(ഇത്രയും മന്ത്രഭാഗകർമ്മങ്ങൾ ആചാര്യനുണ്ടെങ്കിൽ അദ്ദേഹം, ആചാര്യനില്ലെങ്കിൽ കുട്ടിയുടെ പിതാവ് ചെയ്യേണ്ടതാണ്). ഉപനയനം നടക്കുന്ന കുട്ടി പറയേണ്ട മന്ത്രമാണിനി നൽകുന്നത്

**സ്മാർത്ത കർമ്മ ച സ്വധർമ്മം ച അനുഷ്ഠാന യോഗ്യതാ**

**സിദ്ധ്യർത്ഥം യജ്ഞോപവിതം, ഉത്തരീയ**

**രൂപേണ ധാരണ കർമ്മമഹം കരിഷ്യേ**

പുതിയൊരു തോർത്തമുണ്ട് ഉത്തരീയമായി ചുരുട്ടി രണ്ടഗ്രവും ചേർത്ത്കെട്ടി രണ്ടു കൈകളിലാക്കി പിടിക്കുക. കെട്ടു വരുന്ന ഭാഗം വലത്തേ കൈ കമഴ്ത്തി മുകളിലായി പിടിച്ചും, ചുവടു ഭാഗം ഇടത്തേകൈ മലർത്തി ചുവട്ടിലായും മുഖാമുഖമിരുന്ന് അച്ഛനും മകനും ചേർന്ന് പിടിക്കുക (യജ്ഞോപവീതം ധരിച്ചിരിക്കുന്ന ഏതെങ്കിലും



Scanned with CamScanner

വ്യക്തിയോട് ചോദിച്ച് മനസ്സിലാക്കാവുന്നതാണീചടങ്ങ്) ഇനി മൂന്നു പ്രാവശ്യം ഈ മന്ത്രം ചൊല്ലുക.

**യജ്ഞോപവീതം പരമം പവിത്രം**

**പ്രജാപതേ: യത് സഹജം പുരസ്താത്**

**ആയുഷ്യമുഗ്ര്യം പ്രതിമുഞ്ച ശുഭ്രം**

**യജ്ഞോപവീതം ബലമസ്തുതേജ:**

(പരമവും പവിത്രവും, ഈശ്വര കൽപ്പിതവുമായ ഈ യജ്ഞോപവീതം, ആയുസ്സിനും, ആരോഗ്യത്തിനും സർവ്വ വിധ മംഗള ഫലങ്ങൾ ലഭിക്കുവാനും, തേജസ്വിയും ബലവാനുമായിത്തീരുവാനും എന്നെ അനുഗ്രഹിക്കട്ടെ)

മൂന്നു പ്രാവശ്യം ചൊല്ലി മകന്റെ കഴുത്തിൽ ഉത്തരീയ രൂപത്തിൽ ഇടത്തേതോളിൽ നിന്ന് വലത്തേ കയ്യിൽ ചുവട്ടിൽ വരത്തക്കവിധത്തിൽ അണിയുക. (യജ്ഞോപവീതം ധരിച്ചിരിക്കുന്നവരെ നോക്കി മനസ്സിലാക്കുക) 8 പ്രാവശ്യം **ഓം നമോ നാരായണായ** എന്നു ജപിക്കുക.

വിശ്വകർമ്മാവിന്റെ ദീപത്തിന് കർപ്പൂരം കത്തിച്ച് ദീപാരാധന നടത്തി, മംഗള നീരാഞ്ജനം സമർപ്പയാമി, സുവർണ പുഷ്പം സമർപ്പയാമി എന്ന് പുഷ്പാർച്ചന നടത്തി പൂജ അവസാനിപ്പിക്കാം.

**സ്വധർമ്മാനുസാര കർമ്മാനുഷ്ഠാന യോഗ്യതാ സിദ്ധ്യർത്ഥം ഉത്തരീയ രൂപേണ യജ്ഞോപവീത ധാരണം സമ്പൂർണമസ്തു**

ഓം നമോ നാരായണായ. വിളക്കിനെ നമസ്കരിക്കുക.

**മാതൃ ദേവോ ഭവ:** അമ്മയെ നമസ്കരിക്കുക

**പിതൃ ദേവോ ഭവ:** അച്ഛനെ നമസ്കരിക്കുക

**ആചാര്യ ദേവോ ഭവ:** ആചാര്യനെ നമസ്കരിക്കുക

ബന്ധുക്കൾ സന്നിഹിതരായിട്ടുണ്ടെങ്കിൽ അവരേയും നമസ്കരിക്കുക. ഈ ചടങ്ങുകൾ കഴിഞ്ഞാൽ കുലത്തൊഴിലിനുപയോഗിക്കുന്ന ഉപകരണം പ്രതീകാത്മകമായി പിതാവ്/ആചാര്യൻ കുട്ടിയുടെ കയ്യിൽ കൊടുക്കുക. അതു സ്വീകരിച്ച് അച്ഛനേയും ആചാര്യനേയും നമസ്കരിക്കണം (അൽപം മന്ത്രമറിയാവുന്ന ഒരു പൂജാരിക്ക് ഇത് എളുപ്പത്തിൽ നടത്തിത്തരുവാൻ സാധിക്കും അല്ലെങ്കിൽ സ്വയം നല്ലവണ്ണം പഠിച്ച് എല്ലാവരേയും പഠിപ്പിക്കുക).

## VIII സമാവർത്തന വിവരണം

ഉപനയനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞ് നടത്തേണ്ടതായ ചടങ്ങാണ് സമാവർത്തനം. കുലത്തൊഴിൽ പഠനം പൂർത്തിയായി എന്നാണിതിന്റെ



Scanned with CamScanner

അർത്ഥം. ഏതെങ്കിലും നല്ല ഒരു ദിവസം സമാവർത്തനം ചെയ്യാവുന്നതാണ്. പഠിച്ചുകഴിഞ്ഞ കുലത്തൊഴിലിൽ നിന്ന് ആദ്യസമ്പാദ്യം സ്വീകരിക്കുന്നതിന് മുമ്പു വേണം സമാവർത്തനം നടത്താൻ. കുലത്തൊഴിലിന്റെ സർട്ടിഫിക്കറ്റ് സ്വീകരണം പോലുള്ള ലളിതമായ ചടങ്ങാണിത്.

## സമാവർത്തനാനുഷ്ഠാനം

1. പ്രഭാതസ്നാനം കഴിഞ്ഞ് പൂജാമുറിയിൽ ഗുരുപൂജയും ഗണപതി പൂജയും മേൽ വിവരിച്ചതുപോലെ നടത്തുക. വിദ്യാർത്ഥികൾക്ക് സ്വയം നടത്താം അല്ലെങ്കിൽ ആചാര്യനോ/പിതാവോ നടത്താം.

2. കുലത്തൊഴിലിന്റെ ഉപകരണമോ പ്രതീകാത്മകമായി എന്തെങ്കിലും ഒരു ഉപകരണ രൂപമോ ഗണപതി വിളക്കിനു മുമ്പിൽ വയ്ക്കുക.

3. **സ്വധർമ്മാനുസാര കർമ്മാനുഷ്ഠാന യോഗ്യതാ സമ്പൂർണ്ണ രൂപേണ സിദ്ധ്യർത്ഥം, സമാവർത്തന കർമ്മമഹം കരിഷ്യേ** പ്രാർത്ഥനാ നിരതനായി ഇരുന്ന് പഠിച്ചകർമ്മങ്ങൾ ചിന്തിച്ച് നന്മവരുത്തണമേ എന്ന് അപേക്ഷിക്കുക.

**സഹനാ വവതു സഹ നൗ ഭുനക്തു**

**സഹവീര്യം കരവാവഹൈ**

**തേജസ്വിനാവധീത മസ്തു**

**മാ വിദ്വിഷാവഹൈ ഓം ശാന്തി: ശാന്തി: ശാന്തി:**

**ആ നോ ഭദ്രാ: ക്രതവോ യന്തു വിശ്വത:**

എന്നു പ്രാർത്ഥിക്കുക.

**ഭദ്രം കർണേഭി : ശ്രുണുയാമ ദേവാ:**

**ഭദ്രം പശ്യേമാക്ഷഭിർ യജത്രാ:**

**സ്ഥിരൈരംഗൈ: തുഷ്ടുവാംസ**

**സ്തനൂഭിർ വ്യശേമ ദേവഹിതം യദായു:**

(നന്മ നിറഞ്ഞത് കേൾക്കുവാനിടവരട്ടെ, നന്മ നിറഞ്ഞത് കാണുവാനിടവരട്ടെ, ആരോഗ്യമുള്ള അവയവങ്ങളാൽ നിർമ്മിതമായ ശരീരം കൊണ്ട്, ജീവിച്ചിരിക്കുന്നിടത്തോളം കാലം ദൈവീകമായ നല്ല കർമ്മങ്ങളനുഷ്ഠിക്കുവാൻ ഇടവരട്ടേ) എന്നു പ്രാർത്ഥിക്കുക. തന്നെ പഠിപ്പിച്ച അച്ഛന്/ആചാര്യന് ദക്ഷിണ നൽകി, അനുഗ്രഹം സ്വീകരിക്കുക. ക്ഷേത്ര ദർശനം നടത്തുക. വർഷത്തിലൊരിക്കൽ മഹാനവമി ദിവസം സ്വന്തം കുലത്തൊഴിലിനുപയോഗിക്കുന്ന ആയുധം/ഉപകരണം പൂജിക്കുക.

ഇതോടു കൂടി സമാവർത്തന ചടങ്ങുകൾ കഴിഞ്ഞു.



Scanned with CamScanner

### ദേശ-വിദേശങ്ങളിൽ എല്ലാവിഭാഗം
### ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും
### പഞ്ചശുദ്ധിയോടുകൂടി അനുഷ്ഠിക്കാവുന്ന

# സമൂഹ വിദ്യാദേവതാപൂജ

ഓരോ പൂജയ്ക്കും ഒരു മനശാസ്ത്രമുണ്ട്. അതുപോലെ തന്നെ ഒരു കുടുംബ ബന്ധശാസ്ത്രവും സാമൂഹ്യബന്ധ ശാസ്ത്രവുമുണ്ട്. ജീവിതപ്രശ്നങ്ങൾ നമ്മെ വേദനിപ്പിക്കുമ്പോൾ ഒരു മാനസീക ആശ്രയം അന്വേഷിക്കണം. സകലചരാചരങ്ങളേയും നിയന്ത്രിക്കുന്ന ഒരു ചൈതന്യത്തെ ശാസ്ത്രദൃഷ്ടിയോടെയും ആത്മീയ ദൃഷ്ടിയോടെയും കാണുവാൻ സാധിച്ചത് ഭാരതീയർക്കു മാത്രമായിരുന്നു. നമ്മിൽ തന്നെ ഈശ്വരചൈതന്യമുണ്ടെന്ന് അസന്ദിഗ്ദമായി, അഹം ബ്രഹ്മാസ്മി, തത്വമസി, അയമാത്മാ ബ്രഹ്മാ എന്നീ മഹാവാക്യങ്ങളിലൂടെ പ്രഖ്യാപിച്ച വേദചിന്താധാരകളുടെ തുടർച്ചയാണ് ഈ പൂജാവിധികൾ. ഒരു വിളക്കിൽ, പഞ്ചപ്രാണനെ സങ്കല്പിച്ച് അഞ്ചു തിരി കത്തിച്ച് പീഠം എന്ന പത്മത്തിലിരുത്തി, നമ്മിൽ നിന്നു തന്നെ പൂവിലൂടെ ആവാഹിച്ച ചൈതന്യം നിറയ്ക്കുന്നു. ഒരു അതിഥിയെ സ്വീകരിച്ചിരുത്തി, വേണ്ടുവോളം സൽക്കരിച്ച് അതിഥി ദേവോഭവ എന്ന വരി അന്വർത്ഥമാക്കുന്നതുപോലെ, പരമാത്മ ചൈതന്യത്തിന്റെ ഭാഗമായ ജീവാത്മചൈതന്യത്തെ നിലനിർത്തുന്ന പ്രാണവായുവിലൂടെ പുഷ്പാക്ഷതങ്ങളിലേക്കും, അവിടെനിന്ന് വിളക്കിലും ആവാഹിച്ചിരുത്തി പൂജിച്ച്, നിവേദിച്ച്, ദീപാരാധന നടത്തി, തിരിച്ചയക്കണം. ഞങ്ങൾക്കും കുടുംബാംഗങ്ങൾക്കും സമൂഹത്തിനും നന്മ വരുത്താൻ ചെയ്യുന്ന പ്രപഞ്ചശക്തിയോടുള്ള പ്രാർത്ഥന, അതാണ് പൂജ. ഈ പൂജ 'നന്മയോടെ ചെയ്താലെ നന്മ ലഭിക്കൂ' എന്ന വാക്യം ഓർമ്മിച്ചുകൊണ്ട് ചെയ്യുമ്പോഴാണ് ചൈതന്യം പങ്കുവെയ്ക്കാൻ നമുക്കെല്ലാവർക്കും സാധിക്കുന്നത്.

ഡോ: എൻ. ഗോപാലകൃഷ്ണൻ



Scanned with CamScanner

# വിദ്യാദേവതാ പൂജ

എല്ലാവിഭാഗം ജനങ്ങൾക്കും എല്ലാക്കാലത്തും ശ്രദ്ധയോടെ അനുഷ്ഠിക്കാവുന്ന ഒരു പൂജാവിധിയാണ് സരസ്വതീപൂജ. കുടുംബത്തിൽ, ചെറുതും വലുതുമായ എല്ലാ മംഗളകർമ്മങ്ങൾക്കൊപ്പം ലളിതമായി വിദ്യാദേവതാ പൂജ ചെയ്യാവുന്നതാണ്. ദേശത്തും വിദേശത്തും, ഒറ്റക്കോ കൂട്ടായോ ലഭ്യമായ വസ്തുക്കളും സൗകര്യങ്ങളുമുപയോഗിച്ച് ഈ പൂജാവിധി അനുഷ്ഠിക്കാവുന്നതാണ്.

## പൂജയനുഷ്ഠിക്കുവാൻ വേണ്ടതായ ചുറ്റുപാടുകൾ

ശുദ്ധമായതും വൃത്തിയുള്ളതുമായ പൂജാമുറി/ഹാൾ

പൂജയിൽ പങ്കെടുക്കുന്നവർക്കെല്ലാം ഉണ്ടായിരിക്കേണ്ട ശാരീരിക ശുദ്ധി, വൃത്തിയുള്ള വസ്ത്രധാരണം.

പൂജക്കാവശ്യമായ വിളക്ക് വലുത് ഒന്ന്, രണ്ട് ചെറിയവിളക്കുകൾ, എണ്ണ, തിരിനൂൽ, ചന്ദനതിരി, പുഷ്പം, ചന്ദനം, ദീപാരാധനതട്ട്, ജലമെടുക്കാൻ ഗ്ലാസുപോലുള്ള ചെമ്പ്/പിത്തള പാത്രവും (പഞ്ചപാത്രം എന്നുപേര്) സ്പൂണും, പ്രധാനപൂജാരിക്ക് ഇരിക്കാൻ പലകയോ, ചെറിയ പുൽപായയോ.


പൂജ നടത്തുന്ന മുറി/ഹാൾ ചന്ദനത്തിരി കത്തിച്ച് സുഗന്ധപൂരിതമാക്കണം.

ഭക്തിയുടെ അന്തരീക്ഷം ഉണ്ടായിരിക്കുകയും വേണം.

പ്രധാന പൂജ നടത്തുന്ന വ്യക്തി കുളികഴിഞ്ഞ് നെറ്റിയിൽ ചന്ദനം തൊട്ടുവേണം പൂജക്കിരിക്കുവാൻ, വിദേശത്താണെങ്കിൽ അഥവാ വൻ നഗരങ്ങളിലാണെങ്കിൽ ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യത്തിലാണെങ്കിൽ (മാത്രം) ഷർട്ട് ധരിക്കാവുന്നതാണ്.

### പൂജാരംഭം

സ്വസ്തിപത്മം ഇടുവാൻ അറിയാവുന്നവരാണെങ്കിൽ പൂജക്ക് സ്വസ്തി പത്മം ഇടുക.






Scanned with CamScanner

മേൽക്കാണിച്ച സ്വസ്തി അടയാളവും അതിരും അരിപ്പൊടിക്കൊണ്ടാണ് വരക്കേണ്ടത്.

കിഴക്കും പടിഞ്ഞാറും A, B അരിപ്പൊടികൊണ്ടും, തെക്കും വടക്കും C,D മഞ്ഞൾപൊടികൊണ്ടും പൂരണം ചെയ്യണം.

ഈ പത്മം ഇടുവാൻ സൗകര്യമില്ലെങ്കിൽ ശുദ്ധമായ സ്ഥലത്ത് ഇലയിൽ അല്ലെങ്കിൽ ഒരു കൈ നിറയെ പൂവ് വെച്ച് അതിൽ പ്രധാന വിളക്ക് വെക്കണം.

വിളക്കിന്റെ ചുവട്ടിൽ അൽപം (20 gm) നെല്ലും അരിയും ചേർത്തിടുക. ഇല്ലെങ്കിൽ പച്ചരിമാത്രം 20 gm ഇടുക. (ഇതിനെ അക്ഷതം എന്നു പറയുന്നു)

രാവിലെ പൂജാരി കിഴക്കോട്ടും, വൈകിട്ടാണെങ്കിൽ പടിഞ്ഞാറും നോക്കിയാണ് പൂജക്കിരിക്കുന്നത്. രാവിലത്തെ പൂജയാണെങ്കിൽ പത്മത്തിന്റെ വടക്കുവശത്തും വൈകുന്നേരമാണെങ്കിൽ തെക്കുവശത്തും ഒരു ചെറിയ വിളക്ക് രണ്ടുതിരി കിഴക്ക്പടിഞ്ഞാറായി ഇട്ട് കത്തിച്ചുവെക്കുക. ഇത് നമ്മുടെ ഗുരുവിനെ സ്മരിക്കുവാനാണ്. മറുവശത്ത് ഗണപതിക്കും ഒരുവിളക്ക് ഇതേ പോലെ രണ്ടുതിരികൾ കത്തിച്ച് വെക്കണം.

പ്രധാന പൂജ നടത്തുന്ന വ്യക്തിയുടെ മുമ്പിൽ ഒരു പഞ്ചപാത്രം, സ്പൂൺ, ചന്ദനത്തട്ട് (ചന്ദനവും) വേണം. (വെള്ളികൊണ്ടോ, ചെമ്പുകൊണ്ടോ നിർമ്മിച്ച ഗ്ലാസുപോലുള്ളതും പ്രത്യേകതരം സ്പൂണുള്ളതുമാണ് പഞ്ചപാത്രം.)


**സംക്ഷിപ്തം:** പൂജനടത്തുന്നതിനുമുമ്പ് സ്വസ്തിപത്മമിട്ട്, ഇലവെച്ച്, അതിൽ അക്ഷതമിട്ട്, അതിനുമുകളിൽ വിളക്കുവെച്ച്, വിളക്കിൽ നല്ലെണ്ണയൊഴിച്ച്, അഞ്ച്തിരി (നാലുതിരി നാലു വശത്തേക്കും അഞ്ചാമത്തേത്, ഈശാനകോണിലേക്ക്- അതായത് വടക്ക് കിഴക്ക് വശത്തേക്ക്) ഇട്ടുവെക്കുക.

ഗുരുവിനും, ഗണപതിക്കും ചെറിയ വിളക്കുകൾ കിഴക്കുപടിഞ്ഞാറായി രണ്ടുവീതം തിരികൾ കത്തിച്ചുവെക്കുക.

പൂജാരിക്കുമുമ്പിൽ പഞ്ചപാത്രം, ചന്ദനതട്ട്, ഇവയുംവെച്ച്. പൂജാരി രാവിലെ കിഴക്കോട്ട് നോക്കിയും വൈകുന്നേരമുള്ള പൂജയാണെങ്കിൽ പടിഞ്ഞാറ് നോക്കിയുമിരിക്കണം. ഇത്രയുമായാൽ പൂജാരംഭക്രമീകരണമായി.



Scanned with CamScanner




1. ഗുരുവിളക്ക്
2. വലിയപൂജാവിളക്ക് സ്വസ്തിപത്മത്തിൽ പൂജാവിളക്കിനുപകരം പുസ്തകം വെച്ചും പുസ്തക പൂജ നടത്താവുന്നതാണ്
3. ഗണപതിവിളക്ക്
4. പഞ്ചപാത്രം സ്പൂൺ സഹിതം
5. ചന്ദനത്തട്ട്
6. പൂജാരിയുടെ പലക/ പുൽപായ
7. പൂപ്പാത്രം
8. നിവേദ്യം വെക്കാനുള്ള സ്ഥാനം

**പൂജയാരംഭിക്കുന്നത്... (എല്ലാപൂജകൾക്കും)**

ഭക്തിയോടെയും ശ്രദ്ധയോടെയും പൂവെടുത്ത് മനസ്സിൽ പ്രാർത്ഥനാ നിർഭരമായി മൂന്നുപ്രാവശ്യം **ശ്രീ ഗുരുഭ്യോനമഃ** എന്നു പറഞ്ഞ് ഗുരുവിന്റെ വിളക്കിലേക്കിടുക.

അതേപ്രകാരം **ശ്രീ ഗണപതയേ നമഃ** എന്നു പ്രാർത്ഥിച്ച് ഗണപതി വിളക്കിലേക്കും ഇടുക.

ഓരോ പൂവ് വീതം എടുത്ത് മൂന്നുപ്രാവശ്യം സ്വന്തം ശിരസിലേക്ക്, അവനവന്റെ ആത്മ ചൈതന്യത്തെ പൂജിക്കുന്നതായിട്ട്, സങ്കൽപിച്ച് വെക്കുക (ഇതിനെ ആത്മ പൂജ എന്നു പറയും)

**ഗംഗാജല ആവാഹനം (എല്ലാപൂജകൾക്കും)**

പൂജയ്ക്കായുള്ള ജലത്തിൽ ഗംഗാജലത്തെ ആവാഹിക്കുകയാണ് അടുത്തത്. അതിന് ഇനിപ്പറയുന്ന മന്ത്രം, ഭക്തിയോടെ കണ്ണടച്ച്, ഇടത്തേ കൈപ്പത്തി ചുരുട്ടി നെഞ്ചിൽ വെച്ച്, വലത്തേ കയ്യിൽ തുളസി

+ നെല്ല് + പച്ചരി + ചന്ദനം (നെല്ല് ഇല്ലെങ്കിൽ അരി മാത്രം മതി) എടുത്ത് മൂന്ന് പ്രാവശ്യം ചൊല്ലണം.

**ഗംഗേ ച യമുനേ ചൈവ ഗോദാവരീ സരസ്വതീ**

**നർമ്മദേ സിന്ധു കാവേരി ജലേ/സ്മിൻ സന്നിധിം കുരു**

(ഈ നദികളിലെ ജലം ഈ പഞ്ചപാത്രത്തിലെ ജലത്തിൽ വന്നു ചേരട്ടെ എന്നു പ്രാർത്ഥന) തുടർന്നുള്ള മന്ത്രം.

**ഓം ഗാം ഗംഗായൈ വിശ്വമുഖ്യായൈ സദാശിവാമൃതായൈ**
**നാരായണ്യൈ നമോ നമഃ (മൂന്നുപ്രാവശ്യം)**
**ഗംഗാ ഭഗവതി ആഗച്ഛ ആഗച്ഛ ആവാഹയാമി.**

ഇത്രയും മന്ത്രങ്ങൾ പറഞ്ഞ് കയ്യിലുള്ള പൂവ്, അക്ഷതം, അരി, ഇവ പഞ്ചപാത്രത്തിലെ വെള്ളത്തിലിടുക.

## പീഠ പൂജയും പ്രതിജ്ഞയും

(പ്രധാനവിളക്ക് കത്തിക്കുന്നതിനുമുമ്പ് ചെയ്യേണ്ടത്)

പത്മത്തിൽ/ അഥവാ ഇലയിൽ വെച്ചിരിക്കുന്ന പ്രധാന വിളക്കിന്റെ ചുവട്ടിൽ മൂന്നുപ്രാവശ്യം **ശ്രീ സരസ്വതീ ദേവ്യൈ നമഃ** എന്നു ചൊല്ലി പൂവിടുക.

**ഓം ശ്രീ സരസ്വതീ ദേവ്യൈ നമഃ ശതധാരമുത്സമുക്ഷീയ**
**മാണം വിപശ്ചിതം പിതരം വക്ത്വാനാം മേളിമ്മദന്തം**
**പിത്രോരുപസ്തേ തം രോദസി പിബൃതം സത്യവാചം.**

ഈ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ടുതന്നെ പ്രധാനവിളക്കിന്റെ ചുവട്ടിൽ വലത്തേകൈകൊണ്ട് തൊട്ടുകൊണ്ടിരിക്കണം. അതേ സമയം ഇടത്തേ കൈ ചുരുട്ടി നെഞ്ചത്ത് വെച്ചിരിക്കണം. വീണ്ടും മൂന്നുപ്രാവശ്യം **ഓം സരസ്വതീ ദേവ്യൈ നമഃ** എന്നും ചൊല്ലുക.


**പ്രധാന വിളക്കു കത്തിക്കൽ**

(എല്ലാവരും വിളക്കിന് ചുറ്റും തൊഴുതു കൊണ്ടു നിൽക്കണം) ഗഹനമായ തന്ത്രവിധി പ്രകാരമുള്ള പൂജയാണെങ്കിൽ ഓരോ തിരി കത്തിക്കുന്നതിനും ഓരോ മന്ത്രമുണ്ട്. ഇവിടെ **ഓം സരസ്വതീ ദേവ്യൈ നമഃ** എന്നു ചൊല്ലികൊണ്ട്, മുമ്പിലത്തെ തിരിയിൽ നിന്നു തുടങ്ങി ഇടത്തേക്കു പുറകിലത്തേത് എന്നീ ക്രമത്തിൽ അഞ്ചു തിരിയും കത്തിക്കുക. കൊടിവിളക്കുകൊണ്ടാണ് കത്തിക്കേണ്ടത്. അത് ഇല്ലെങ്കിൽ ലഭ്യമായ ലഘുസംവിധാനമുപയോഗിച്ച് കത്തിക്കുക.



Scanned with CamScanner

(മെഴുകുതിരി ഉപയോഗിക്കരുത്) (പുസ്തക പൂജയാണെങ്കിൽ ഈ ചടങ്ങില്ല)




**ആവാഹനം**

(കത്തിച്ചുവെച്ച വിളക്കിലേക്ക് ഈശ്വരചൈതന്യത്തെ ആവാഹിക്കുകയാണ് അടുത്ത ചടങ്ങ്.)

പ്രധാനപൂജാരി കയ്യിൽ തുളസി, ജലം, അക്ഷതം, ചന്ദനം ഇതെടുത്ത് ഇടത്തേകൈ ചുരുട്ടി നെഞ്ചിൽ വെച്ച്, കണ്ണടച്ച് ഭക്തിയോടെ ഈ സരസ്വതീ ഗായത്രിമന്ത്രം മൂന്നു പ്രാവശ്യം ഉറക്കെ ചൊല്ലണം.

**ഓം വാഗ്ദേവ്യൈ ച വിദ്മഹെ കാമരാജായ ധീമഹി**
**തന്നോ ദേവീ പ്രചോദയാത്** (മൂന്നുപ്രാവശ്യം ചൊല്ലുക)

**ശ്രീ മഹാസരസ്വതീം ആവാഹയാമി**
**അത്രാഗച്ഛ ജഗദ്വന്ദ്യേ സർവലോകൈക പൂജിതേ**
**മയാ കൃതാമിമാം പൂജാം ഗൃഹാണ ജഗദീശ്വരീ.**
**അസ്മിൻ ദീപേ ശ്രീമഹാസരസ്വതീം ആവാഹയാമി**
**സ്ഥാപയാമി, പൂജയാമി.**

(വിദ്യാർത്ഥികളെകൊണ്ട് പുസ്തപൂജ നടത്തുകയാണെങ്കിൽ ദീപേ എന്ന പദത്തിനുപകരം **അസ്മിൻ പുസ്തക മണ്ഡലേ** എന്നു ചേർത്താൽ മതി)സമൂഹപൂജയാണെങ്കിൽ എല്ലാവരും അക്ഷരശുദ്ധിയോടെ മൂന്നുപ്രാവശ്യം ഏറ്റുചൊല്ലണം.

(ശരീരശുദ്ധിയോടെ സന്നിഹിതരായവർക്കെല്ലാം ഈ അവസരത്തിൽ വിളക്കിൽ പൂവ് ഇടാവുന്നതാണ്.)

**ആവാഹിതോ ഭവ (പൂവിടുക)**
**സംസ്ഥാപിതോ ഭവ ( " )**
**സ്വാഗതോ ഭവ ( " )**
**അവ കുണ്ഡിതോ ഭവ ( " )**
**വ്യാപ്തോ ഭവ ( " )**
**സ്ഥിരോ ഭവ ( " )**
**പ്രസീദ പ്രസന്നോ ഭവ ( " )**

**ഭക്തിയോടെ വീണ്ടും പൂവിടുക. (തുടർച്ച)**

**ധ്യായാമി ധ്യാനം സമർപയാമി**



Scanned with CamScanner

**ആവാഹയാമി ആവാഹനം സമർപ്പയാമി**
**രത്ന സിംഹാസനം സമർപ്പയാമി**
**പാദയോഃ പാദ്യം സമർപ്പയാമി, അർഘ്യം സമർപ്പയാമി** (ഒരുതുള്ളി ജലം പഞ്ചപാത്രത്തിൽ നിന്നും വിളക്കിന്റെ ചുവട്ടിൽ ഒഴിക്കുക)

**ആചമനീയം സമർപ്പയാമി, മധുപർക്കം സമർപ്പയാമി, സ്നാനം സമർപ്പയാമി, വസ്ത്രം സമർപ്പയാമി, പുഷ്പാണി സമർപ്പയാമി, ദിവ്യഗന്ധാൻ സമർപ്പയാമി** (ചന്ദനം തുളസിയിലെടുത്ത് വിളക്കിന്റെ ഏറ്റവും മുകളിൽ തൊടുക) **അക്ഷതാൻ സമർപ്പയാമി** (പൂവ് / അരി ഇടുക)

**സംക്ഷിപ്തം**

ഇത്രയും ചെയ്തത്, പീഠത്തിൽ വലിയ വിളക്കിൽ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത്, വിളക്കു കത്തിച്ച്, ഈശ്വരചൈതന്യത്തെ വിളക്കിലേക്ക് ആവാഹിച്ച്, (വീട്ടിലേയ്ക്ക് വന്ന അതിഥിയെ പോലെ) ഇരിക്കാൻ ആസനം കൊടുത്ത്, സ്നാനം ചെയ്യിച്ച് തോർത്തി, വസ്ത്രവും, പുഷ്പവും, ചന്ദനവും കൊടുത്ത്, വിളക്കിൽ ഈശ്വരചൈതന്യത്തെ നിർത്തിയിരിക്കുന്നു.

ഇനി വേണ്ടത് അർച്ചനയാണ്. അറിയാവുന്ന മന്ത്രങ്ങൾ ചൊല്ലി എല്ലാവർക്കും സമൂഹമായി അർച്ചന നടത്താവുന്നതാണ്.

സരസ്വതീപൂജയ്ക്കായി ചൊല്ലി അർച്ചന നടത്താവുന്ന മന്ത്രങ്ങൾ ഈ പുസ്തകത്തിൽ അവസാനഭാഗത്തിൽ നൽകിയിട്ടുണ്ട്. 1, 11, 21, 41 പ്രാവശ്യം വീതം ഒരേ സെറ്റ് മന്ത്രങ്ങളും ചൊല്ലി അർച്ചന നടത്താം.

അർച്ചനകഴിഞ്ഞ്, നിവേദ്യം നടത്താവുന്നതാണ്. പഴം, പായസം, അപ്പം, അവൽ, മറ്റുപഴങ്ങൾ, വെറ്റില, അടക്ക തുടങ്ങി എല്ലാ നിവേദ്യവസ്തുകളും പൂജാരിയുടെ വലത്ത്, പത്മത്തിനടത്തുവെക്കണം.

**ഓം ഭൂർഭുവസ്സുവഃ തത് സവിതൃവരേണ്യം ഭർഗോ ദേവസ്യ ധീമഹിധീയോ യോ നഃ പ്രചോദയാത്** എന്ന് ചൊല്ലി നിവേദ്യപാത്രങ്ങളിലെല്ലാം ഓരോ തുളസി ഇടുക.

**മഹാനിവേദ്യം സമർപ്പയാമി** എന്ന് കൈകൂപ്പി പ്രാർത്ഥിക്കുക.

ഓരോ തുളസി വീതം നിവേദ്യത്തെ സാവധാനത്തിൽ ഉഴിഞ്ഞ് വിളക്കിൽ ഇടുക. തുളസി ഇടുമ്പോൾ ഓരോ പ്രാവശ്യവും ഇനി പ്പറയുന്ന 6 മന്ത്രം യഥാക്രമം ചൊല്ലണം.



Scanned with CamScanner

1. **ഓം പ്രാണായ സ്വാഹ**
2. **ഓം അപാനായ സ്വാഹ**
3. **ഓം വ്യാനായ സ്വാഹ**
4. **ഓം ഉദാനായ സ്വാഹ**
5. **ഓം സമാനായ സ്വാഹ**
6. **ഓം സരസ്വതീ ദേവ്യൈ നമഃ സ്വാഹ**

ഇത്രയും കഴിഞ്ഞ് കൈകൂപ്പി 10 സെക്കന്റ് സമയം ഞാൻ നിവേദിച്ചത് സ്വീകരിക്കേണമേ എന്ന് കണ്ണടച്ച് പ്രാർത്ഥിക്കുക.

അൽപം ജലം പഞ്ചപാത്രത്തിൽ നിന്നും വിളക്കിന്റെ ചുവട്ടിൽ **അമൃതാപിധാനമസി** എന്നു പറഞ്ഞുകൊണ്ട് ഒഴിക്കുക. വിളക്കിന്റെ ചുവട്ടിൽ നിന്നു പൂവെടുത്ത് ഓരോ പൂവ് **ഓം സരസ്വതീ ദേവ്യൈ നമഃ** എന്നു ചൊല്ലി നിവേദ്യപാത്രങ്ങളിലേക്ക് ഇടുക.

ഓരോന്നായി എല്ലാവരുടേയും കയ്യിലേക്ക് ബാക്കിയുള്ള പൂവ് വീതിച്ചുകൊടുത്ത് ഓരോന്നായി വിളക്കിലിടുവാൻ പറയുക.

**ഓം സരസ്വതീ ദേവ്യൈ നമഃ വേദോക്തമന്ത്ര പുഷ്പം സമർപ്പയാമി, സുവർണപുഷ്പം സമർപ്പയാമി, സമസ്ത രാജോപചാരാൻ സമർപ്പയാമി** എന്നു പറഞ്ഞ് എല്ലാവരും പുഷ്പങ്ങൾ വിളക്കിലിടുക.

ഇനി ദീപാരാധനയാണ് നടത്തേണ്ടത് : കർപ്പൂരതട്ടിൽ കർപ്പൂരമിട്ട്. പത്മത്തിനു വെളിയിൽ ചുറ്റും ആവശ്യത്തിന് കർപ്പൂരം വച്ച്, കർപ്പൂരതട്ടിലെ കർപ്പൂരം കത്തിച്ച് ഇനിപറയുന്ന മന്ത്രം ചൊല്ലി വിളക്കിന്റെ ചുവട്ടിൽ മൂന്നുപ്രാവശ്യം മധ്യത്തിൽ മൂന്നുപ്രാവശ്യം മുകളിൽ മൂന്നുപ്രാവശ്യം ചുവടു മുതൽ മുകളറ്റം വരെ മൂന്നു പ്രാവശ്യം ഉഴിയുക.




**ധ്രുവാ ദ്യൗഃ ധ്രുവാ പൃഥിവീ ധ്രുവാ സ പർവതാ ഇമേ**
**ധ്രുവം വിശ്വമിദം ജഗദ് ധ്രുവോ രാജാ വിശാമയം**
**ധ്രുവം തേ രാജാ വരുണോ ധ്രുവം ദേവോ ബൃഹസ്പതിഃ**
**ധ്രുവം ച ഇന്ദ്രശ്ചാഗ്നിശ്ച രാഷ്ട്രം ധാരയതാം ധ്രുവം**

ഈ മന്ത്രം ചൊല്ലിയാണ് ദീപാരാധന നടത്തേണ്ടത്. കർപൂരതട്ട് താഴെ വെച്ച്, കുറച്ച് പൂവെടുത്ത് കർപൂരതട്ടിലെ അഗ്നി ഉഴിഞ്ഞ് വിളക്കിലേക്ക് **മംഗള നീരാഞ്ജനം സമർപ്പയാമി, സുവർണപുഷ്പം സമർപ്പയാമി** എന്നു ചൊല്ലി ഇടുക. കർപ്പൂരതട്ട് മറ്റുള്ളവർക്ക്

കൊടുക്കുക. പൂജയുടെ അവസാനത്തെ പ്രാർത്ഥന എല്ലാവരും ചേർന്ന് അല്ലെങ്കിൽ പൂജാരിമാത്രം ചൊല്ലുക

**ഭാരതീപ്രതി ഗൃഹ്ണാതി ഭാരതീ വൈ ദദാതി ച**
**ഭാരതീ താരികോഭാഭ്യാം ഭാരത്യൈ തേ നമോ നമഃ**
**സരസ്വതീ സരസിജ കേസര പ്രഭാ**
**തപസ്വിനീ സിതകമലാസന പ്രിയാ**
**ഘനസ്തനീ കമല വിലോല ലോചനാ**
**മനസ്വിനീ ഭവതു വര പ്രസാദിനീ.**

**പാശാങ്കുശധരാ വാണീ വീണാ പുസ്തകധാരിണീ**
**മമ വക്ത്രേ വസേന്നിത്യം സന്തുഷ്ടാ$\mathcal{S}$സ്തു ച സർവദാ**

**ചതുർ ദശാസു വിദ്യാസു രമതേ യാ സരസ്വതീ**
**സാ ദേവീ കൃപയാമഹ്യം ജിഹ്വാ സിദ്ധിം കരോതു ച**

**അനേന പൂജാവിധാനേന ഭഗവതീ ശ്രീ മഹാ സരസ്വതീ**
**സുപ്രീത സുപ്രസന്നോ വരദോ ഭൂത്വാ സർവേഷാം**
**ക്ഷേമ സ്ഥൈര്യ വീര്യ വിജയ ആയുരാരോഗ്യ**
**ഐശ്വര്യാണാം അഭിവൃദ്ധി പ്രദാ സമസ്ത**
**വിദ്യാപാരംഗതത്വസിദ്ധി പ്രസാദയതു.**

**സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണീ**
**വിദ്യാരംഭം കരിഷ്യാമി സിദ്ധിർ ഭവതു മേ സദാ.**

**അപരാധ സഹസ്രാണി ക്രിയന്തേ അഹർനിശം മയാ**
**ദാസോ$\mathcal{S}$യം ഇതി മാം മത്വാ ക്ഷമസ്വ മഹേശ്വരീ.**
**പൂജാകാലേ മന്ത്ര തന്ത്ര സ്വര വർണ പ്രായശ്ചിത്താർഘ്യ**
**നാമത്രയജപം അഹം കരിഷ്യേ**
**സരസ്വതീ ദേവ്യൈ നമഃ (മൂന്നുപ്രാവശ്യം)**
**സ്വസ്തി പ്രജാഭ്യപരിപാലയന്താം**
**ന്യായേന മാർഗേണ മഹിം മഹീശാഃ**
**ഗോ ബ്രാഹ്മണേഭ്യ ശുഭമസ്തു നിത്യം**
**ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.**

**പൂജ അവസാനിപ്പിക്കൽ**

വിളക്കിൽ നിന്ന് കുറച്ച് പൂവെടുത്ത് കൈക്കുള്ളിൽവെച്ച് നെഞ്ചത്ത് ചേർത്ത് വെച്ച് ഈ മന്ത്രം ചൊല്ലുക.

**ഓം ഭൂർഭുവസ്വരോം അസ്മാത് ദീപാത് (പുസ്തകാത്)**



Scanned with CamScanner

സപരിവാരം സരസ്വതീ ദേവീം യഥാസ്ഥാനം പ്രതിഷ്ഠാപയാമി.

അതിനുശേഷം വിളക്കിലെ അഞ്ചുതിരികളും ഒരുമിച്ച് സാവധാനത്തിൽ ചേർത്ത് ഒറ്റ ദീപജ്വാലയാക്കിവെക്കുക.

പത്മത്തിലെ അരിപ്പൊടിയും മഞ്ഞൾപ്പൊടിയും, പൂവും ചന്ദനവും പ്രസാദമായി മറ്റുള്ളവർക്ക് കൊടുക്കുക.

ഇത് സരസ്വതീ പൂജയാണ്. ഇതേ ചടങ്ങുകളാണ് മറ്റെല്ലാ വിളക്കുവെച്ചു നടത്തുന്ന പൂജക്കുമുള്ളത്. ചില മന്ത്രങ്ങളും മൂല മന്ത്രങ്ങളും മാറ്റമുണ്ട് എന്നുമാത്രം. സാധാരണക്കാർക്ക് ശ്രദ്ധയോടെ ചെയ്യാനുള്ളതാണ് ഈ പൂജാവിധി. ദേശ-വിദേശങ്ങളിൽ ലഭ്യമായ പൂജാസാധനങ്ങളുപയോഗിച്ച് ഈ പൂജ ചെയ്യാവുന്നതാണ്. തന്ത്രവിധിപ്രകാരമുള്ള പൂജയിലെ പ്രധാനപ്പെട്ട ചില ഭാഗങ്ങൾ എടുത്താണ് ഇത് എഴുതിയിട്ടുള്ളത്.

പൂജ നടത്തുന്ന പൂജാരിക്ക്, തന്ത്രമറിയാവുന്നവരിൽ നിന്നോ ക്ഷേത്രങ്ങളിലെ പൂജാരിമാർ നടത്തുന്ന പൂജ വീക്ഷിച്ചോ പരിചയം നേടാവുന്നതാണ്.

അർച്ചനാ മന്ത്രങ്ങൾ സമയലഭ്യതയനുസരിച്ച് പലപ്രാവശ്യം ചൊല്ലാവുന്നതാണ്. 1, 11, 21 കൂടുതലോ പ്രാവശ്യം ചൊല്ലി പുഷ്പാഞ്ജലി അർപ്പിക്കാവുന്നതാണ്.

---

**സരസ്വതീദേവിയുടെ അർച്ചനാ മന്ത്രങ്ങൾ**

**പാഹി പാഹി ജഗദ്വന്ദ്യേ നമസ്തേ ഭക്തവത്സലേ**
**നമസ്തുഭ്യം നമസ്തുഭ്യം നമസ്തുഭ്യം നമോ നമഃ** 1

**യാ കുന്ദേന്ദുതുഷാരഹാരധവളാ യാ ശുഭ്രവസ്ത്രാവൃതാ**
**യാ വീണാവരദണ്ഡമണ്ഡിതകരാ യാ ശ്വേതപദ്മാസനാ.**
**യാ ബ്രഹ്മാച്യുതശങ്കരപ്രഭൃതിഭിഃ ദേവൈസ്സദാ പൂജിതാ**
**സാ മാം പാതു സരസ്വതീ ഭഗവതീ നിശ്ശേഷജാഡ്യാപഹാ.** 2

**ദോർഭിർയ്യുക്താ ചതുർഭിഃ സ്പടികമണിമയീം അക്ഷമാലാം ദധാനാ**
**ഹസ്തേനൈകേന പദ്മം സിതമപി ച ശുകം പുസ്തകം ചാപരേണ**
`mk mI ptµ µ pt wÇ k \ SnE aW n\ n`m `mk am\ mÝസമാനാ
**സാ മേ വാഗ്ദേവതേയം നിവസതു വദനേ സർവ്വദാ സുപ്രസന്നാ.** 3

**സുരസുരാസേവിതപാദപങ്കജാ കരേ വിരാജത്കമനീയപുസ്തകാ.**

വിരിഞ്ചിപത്നീ കമലാസനസ്ഥിതാ സരസ്വതീ നൃത്യതു വാചിമേ സദാ. 4

ശ്രീമഹാസരസ്വത്യൈ നമഃ അനന്തകോടി നമസ്കാരാൻ സമർപ്പയാമി.

## ശ്രീസരസ്വത്യഷ്ടോത്തരശതനാമാവലിഃ

1. ഓം വാഗ്ദേവ്യൈ നമഃ
2. ഓം ശാരദായൈ നമഃ
3. ഓം മായായൈ നമഃ
4. ഓം നാദരൂപിണ്യൈ നമഃ
5. ഓം യശസ്വിന്യൈ നമഃ
6. ഓം സ്തുത്യായൈ നമഃ
7. ഓം സർവ്വവിദ്യാപ്രദായിന്യൈ നമഃ
8. ഓം രഞ്ജിന്യൈ നമഃ
9. ഓം സ്വസ്തികാസനായൈ നമഃ
10. ഓം അജ്ഞാനധ്വാന്ത ചന്ദ്രികായൈ നമഃ
11. ഓം അധിവിദ്യാദായിന്യൈ നമഃ
12. ഓം കംബുകണ്ഠ്യൈ നമഃ
13. ഓം വീണാഗാനപ്രിയായൈ നമഃ
14. ഓം ശരണാഗതവത്സലായൈ നമഃ
15. ഓം ശ്രീസരസ്വത്യൈ നമഃ
16. ഓം നീലകുന്തലായൈ നമഃ
17. ഓം വാണ്യൈ നമഃ
18. ഓം സർവ്വപൂജ്യായൈ നമഃ
19. ഓം കൃതകൃത്യായൈ നമഃ
20. ഓം തത്വമയ്യൈ നമഃ
21. ഓം നാരദാദിമുനിസ്തുതായൈ നമഃ
22. ഓം രാകേന്ദുവദനായൈ നമഃ
23. ഓം യന്ത്രാത്മികായൈ നമഃ
24. ഓം നളിനഹസ്തായൈ നമഃ
25. ഓം പ്രിയവാദിന്യൈ നമഃ
26. ഓം ജിഹ്വാസിദ്ധ്യൈ നമഃ
27. ഓം ഹംസവാഹിന്യൈ നമഃ
28. ഓം ഭക്തമനോഹരായൈ നമഃ
29. ഓം ദുർഗ്ഗായൈ നമഃ
30. ഓം കല്ല്യാണ്യൈ നമഃ
31. ഓം ചതുർമ്മുഖപ്രിയായൈ നമഃ
32. ഓം ബ്രാഹ്മ്യൈ നമഃ
33. ഓം ഭാരത്യൈ നമഃ
34. ഓം അക്ഷരാത്മികായൈ നമഃ
35. ഓം അജ്ഞാനധ്വാന്ത ദീപികായൈ നമഃ
36. ഓം ബാലാരൂപിണ്യൈ നമഃ
37. ഓം ദേവ്യൈ നമഃ
38. ഓം ലീലാശുകപ്രിയായൈ നമഃ
39. ഓം ദുകൂലവസനധാരിണ്യൈ നമഃ
40. ഓം ക്ഷീരാബ്ധിതനയായൈ നമഃ
41. ഓം മത്തമാതംഗഗാമിന്യൈ നമഃ
42. ഓം വീണാഗാനവിലോലു- പായൈനമഃ
43. ഓം പദ്മഹസ്തായൈ നമഃ
44. ഓം രണത്കിങ്കിണിമേഖലാ .യൈ നമഃ

45. ഓം ത്രിലോചനായൈ നമഃ

46. ഓം അംകുശാക്ഷസൂത്ര ധാരിണ്യൈനമഃ

47. ഓം മുക്താഹാരവിഭൂഷിതായൈ നമഃ

48. ഓം മുക്താമണ്യങ്കിത ചാരുനാസായൈ നമഃ

49. ഓം രത്നവലയഭൂഷിതായൈ നമഃ

50. ഓം കോടിസൂര്യപ്രകാശിന്യൈ നമഃ

51. ഓം വിധിമാനസഹംസികായൈ നമഃ

52. ഓം സാധുരൂപിണ്യൈ നമഃ

53. ഓം സർവ്വശാസ്ത്രാർത്ഥാ വാദിന്യൈ നമഃ

54. ഓം സഹസ്രദളമധ്യസ്ഥായൈ നമഃ

55. ഓം സർവ്വതോമുഖ്യൈ നമഃ

56. ഓം സർവ്വചൈതന്യരൂപിണ്യൈ നമഃ

57. ഓം സത്യജ്ഞാനപ്രബോധിന്യൈ നമഃ

58. ഓം വിപ്രവാക്സ്വരൂപിണ്യൈ നമഃ

59. ഓം വാസവാർച്ചിതായൈ നമഃ

60. ഓം ശുഭ്രവസ്ത്രോത്തരീയായൈ നമഃ

61. ഓം വിരിഞ്ചിപത്ന്യൈ നമഃ

62. ഓം തുഷാരകിരണാഭായൈ നമഃ

63. ഓം ഭാവാഭാവവിവർജ്ജിതായൈ നമഃ

64. ഓം വദനാംബുജൈക നിലയായൈ നമഃ

65. ഓം മുക്തിരൂപിണ്യൈ നമഃ

66. ഓം ഗജാരൂഢായൈ നമഃ

67. ഓം വേദനുതായൈ നമഃ

68. ഓം സർവ്വലോകസുപൂജിതായൈ നമഃ

69. ഓം ഭാഷാരൂപായൈ നമഃ

70. ഓം ഭക്തിദായിന്യൈ നമഃ

71. ഓം മീനലോചനായൈ നമഃ

72. ഓം സർവ്വശക്തിസമന്വിതായൈ നമഃ

73. ഓം അതിമൃദുളപദാംബുജായൈ നമഃ

74. ഓം വിദ്യാധർയ്യൈ നമഃ

75. ഓം ജഗന്മോഹിന്യൈ നമഃ

76. ഓം രമായൈ നമഃ

77. ഓം ഹരിപ്രിയായൈ നമഃ

78. ഓം വിമലായൈ നമഃ

79. ഓം പുസ്തകഭൃതേ നമഃ

80. ഓം നാരായണ്യൈ നമഃ

81. ഓം മംഗളപ്രദായൈ നമഃ

82. ഓം അശ്വലക്ഷ്മ്യൈ നമഃ

83. ഓം ധാന്യലക്ഷ്മ്യൈ നമഃ

84. ഓം രാജലക്ഷ്മ്യൈ നമഃ

85. ഓം ഗജലക്ഷ്മ്യൈ നമഃ

86. ഓം മോക്ഷലക്ഷ്മ്യൈ നമഃ

87. ഓം സന്താനലക്ഷ്മ്യൈ നമഃ

88. ഓം ജയലക്ഷ്മ്യൈ നമഃ



Scanned with CamScanner

89. ഓം ഖഡ്ഗലക്ഷ്മ്യൈ നമഃ
90. ഓം കാരുണ്യലക്ഷ്മ്യൈ നമഃ
91. ഓം സൌമ്യലക്ഷ്മ്യൈ നമഃ
92. ഓം ഭദ്രകാള്യൈ നമഃ
93. ഓം ചണ്ഡികായൈ നമഃ
94. ഓം ശാംഭവ്യൈ നമഃ
95. ഓം സിംവാഹിന്യൈ നമഃ
96. ഓം സുഭദ്രായൈ നമഃ
97. ഓം മഹിഷാസുരമർദ്ദിന്യൈ നമഃ
98. ഓം അഷ്ടൈശ്വര്യ പ്രദായിന്യൈ നമഃ
99. ഓം ഹിമവത് പുത്രികായൈ നമഃ
100. ഓം മഹാരാജ്ഞ്യൈ നമഃ
101. ഓം ത്രിപുരസുന്ദര്യൈ നമഃ
102. ഓം പാശാങ്കുശധാരിണ്യൈ നമഃ
103. ഓം ശ്വേതപദ്മാസനായൈ നമഃ
104. ഓം ചാംപേയകുസുമപ്രിയായൈ നമഃ
105. ഓം വനദുർഗ്ഗായൈ നമഃ
106. ഓം രാജരാജേശ്വര്യൈ നമഃ
107. ഓം ശ്രീദുർഗ്ഗാലക്ഷ്മി സഹിതായൈ നമഃ
108. ഓം മഹാസരസ്വത്യൈ നമഃ

## ശ്രീദുർഗ്ഗാസൂക്തം

ഓം ജാതവേദസേ സുനവാമ സോമ- മരാതീയതോ നിദഹാതി വേദഃ. സ നഃ പർഷദതി ദുർഗ്ഗാണി വിശ്വാ നാവേവ സിന്ധും ദുരിതാത്യഗ്നിഃ 1

താമഗ്നിവർണ്ണാം തപസാ ജ്വലന്തീം വൈരോചനീം കർമ്മഫലേഷു ജുഷ്ടാം. ദുർഗ്ഗാം ദേവീഗും ശരണമഹം പ്രപദ്യേസുതരസിതരസേ നമഃ 2

അഗ്നേ ത്വം പാരയാ നവ്യോ അസ്മാൻ സ്വസ്തിഭിരതി ദുർഗ്ഗാണി വിശ്വാ. പൂശ്ച പൃഥ്വീ ബഹുലാ ന ഉർവ്വീ ഭവാ തോകായ തനയായ ശം യോഃ. 3

വിശ്വാനി നോ ദുർഗ്ഗഹാ ജാതവേദ-സ്സിന്ധും ന നാവാ ദുരിതാതിപർഷി.അഗ്നേ അത്രിവന്മനസാ ഗൃണാനോ്-സ്മാകം ബോധ്യവിതാ തനൂനാം. 4

പൃതനാജിതഗും സഹമാനമുഗ്ര- മഗ്നിഗും ഹുവേമ പരമാഥ് സധസ്ഥാത്. സ നഃ പർഷദതി ദുർഗ്ഗാണി വിശ്വാക്ഷാർമദ്ദേവോ അതി ദുരിതാത്യഗ്നിഃ. 5

## ശ്രീസൂക്തം (പൂർവ്വഭാഗഃ)



Scanned with CamScanner

ഓം ഹിരണ്യവർണ്ണാം ഹരണീം സുവർണ്ണരജതസ്രജാം.
ചന്ദ്രാം ഹിരണ്മയീം ലക്ഷ്മീം ജാതവേദോ മ ആവഹ. 1

താം മ ആവഹ ജാതവേദോ ലക്ഷ്മീർമനപഗാമിനീം
യസ്യാം ഹിരണ്യം വിന്ദേയം ഗാമശ്വം പുരുഷാനഹം 2

അശ്വപൂർവ്വാം രഥമദ്ധ്യാം ഹസ്തിനാദപ്രബോധിനീം
ശ്രിയം ദേവീമുപഹ്വയേ ശ്രീർമ്മാ ദേവീ ജൂഷതാം. 3

കാംസോസ്മിതാം ഹിരണ്യപ്രകാരാം
ആർദ്രാം ജ്വലന്തീം തൃപ്താം തർപ്പയന്തീം
പദ്മേ സ്ഥിതാം പദ്മവർണ്ണാം
താമിഹോപഹ്വയേ ശ്രിയം. 4

ചന്ദ്രാം പ്രഭാസാം യശസാ ജ്വലന്തീം
ശ്രിയം ലോകേ ദേവജൂഷ്ടാമുദാരാം
താം പദ്മിനീമീം ശരണമഹം പ്രപദ്യേ
അലക്ഷ്മീർമ്മേ നശ്യതാം ത്വാം വൃണേ. 5

ആദിത്യവർണ്ണേ തപസോധിജാതോ
വനസ്പതിസ്തവ വൃക്ഷോഥ ബില്വഃ.
തസ്യ ഫലാനി തപസാ നുദന്തു
മായാന്തരായാശ്ച ബാഹ്യാ അലക്ഷ്മീഃ. 6

ഉപൈതു മാം ദേവസഖഃ കീർത്തിശ്ച മണിനാ സഹ
പ്രാദുർഭുതോസ്മി രാഷ്ട്രേസ്മിൻ കീർത്തിമൃദ്ധിം ദദാതു മേ. 7

ക്ഷുത് പിപാസാമലാം ജ്യേഷ്ഠാമലക്ഷ്മീം നാശയാമ്യഹം
അഭൂതിമസമൃദ്ധിം ച സർവ്വാം നിർണുദ മേ ഗൃഹാത്. 8

ഗന്ധദ്വാരാം ദുരധർഷാം നിത്യപുഷ്ടാം കരീഷിണീം
ഈശ്വരീം സർവ്വഭൂതാനാം താമിഹോപഹ്വയേശ്രിയം 9

മനസഃ കാമമാകൂതിം വാചസ്സത്യമശീമഹി.
പശൂനാം രൂപമന്നസ്യ മയി ശ്രീഃ ശ്രയതാം യശഃ 10

കർദ്ദമേന പ്രജാ ഭൂതാ മയി സംഭവ കർദ്ദമ.
ശ്രിയം വാസയ മേ കുലേ മാതരം പദ്മമാലിനീം 11

ആപഃ സൃജന്തു സ്നിഗ്ദ്ധാനി ചിക്ലീത വസ മേ ഗൃഹേ
നി ച ദേവീം മാതരം ശ്രിയം വാസയ മേ കുലേ. 12



Scanned with CamScanner

ആർദ്രാം യഷ്ക്കരിണീം യഷ്ടിം പിങ്ഗളാം പദ്മമാലിനീം.
ചന്ദ്രാം ഹിരണ്മയീം ലക്ഷ്മീം ജാതവേദോ മ ആവഹ. 13

ആർദ്രാം പുഷ്ക്കരിണീം പുഷ്ടിം സുവർണ്ണാം ഹേമമാലിനീം.
സൂര്യാം ഹിരണ്മയീം ലക്ഷ്മീം ജാതവേദോ മ ആവഹ. 14

താം മ ആവഹ ജാതവേദോ ലക്ഷ്മീർമനപഗാമിനീം.
യസ്യാം ഹിരണ്യം പ്രഭൂതം ഗാവോ
ദാസ്യോശ്വാൻ വിന്ദേയം പുരുഷാനഹം. 15

പദ്മപ്രിയേ പദ്മിനി പദ്മഹസ്തേ പദ്മാലയേ പദ്മദളായതാക്ഷി.
വിശപ്രിയേ വിഷ്ണുമനോനുകൂലേ ത്വത്പാദപദ്മം മയി സന്നിധത്സ്വ.

മഹാദേവ്യൈ ച വിദ്മഹേ വിഷ്ണപത്ന്യൈ ചധീമഹി
തന്നോ ലക്ഷ്മീഃ പ്രചോദയാത്.

## ശ്രീസൂക്തം (ഉത്തരഭാഗം)

യഃ ശുചിഃ പ്രയതോ ഭൂത്വാ ജുഹുയാദാജ്യമന്വഹം
സൂക്തം പഞ്ചദശർച്ചം ച ശ്രീകാമഃ സതതം ജപേത് 1

പദ്മാനനേ പദ്മവിപദ്മപത്രേ പദ്മപ്രിയേ പദ്മദളായതാക്ഷി
വിശ്വപ്രിയേ വിഷ്ണുമനോനുകൂലേ ത്വത്പാദപദ്മം മയി സന്നിധത്സ്വ.
2

പദ്മാനനേ പദ്മ ഊരൂ പദ്മാക്ഷി പദ്മസംഭവേ
തന്മേ ഭജസി പദ്മാക്ഷിയേന സൌഖ്യം ലഭാമ്യഹം 3

അശ്വദായി ഗോദായി ധനധായി മഹാധനേ
ധനം മേ ജുഷതാം ദേവി സർവ്വകാമാംശ്ച ദേഹി മേ 4

പുത്രപൌത്രധനം ധാന്യം ഹസ്ത്യശ്വാദിഗവേ രഥം
പ്രജാനാം ഭവസീ മാതാ ആയുഷ്മന്തം കരോതുമേ 5

ധനമഗ്നിർധനം വായുഃ ധനം സൂർയ്യോ ധനം വസുഃ
ധനമിന്ദ്രോ ബൃഹസ്പതിർവരുണോ ധനമശ്വിനാ 6

വൈനതേയ സോമം പിബ സോമം പിബതു വൃത്രഹാ
സോമം ധനസ്യ സോമിനോ മഹ്യം ദദാതു സോമിനഃ 7

ന ക്രോധോ ന ച മാത്സര്യം ന ലോഭോ നാശുഭാ മതിഃ
ഭവന്തി കൃതപുണ്യാനാം ഭക്ത്യാ ശ്രീസൂക്തം ജപേത്



Scanned with CamScanner

സരസിജനിലയേ സരോജഹസ്തേ ധവളതരാംശുകഗന്ധമാല്യശോഭേ. 8

ഭഗവതി ഹരിവല്ലഭേ മനോജ്ഞേ ത്രിഭുവനഭൂതികരി പ്രസീദ മഹ്യം 9

വിഷ്ണുപത്നീം ക്ഷമാം ദേവീം മാധവീം മാധവപ്രിയാം
ലക്ഷ്മീംപ്രിയസഖീം ദേവീം നമാമ്യച്യുതവല്ലഭാം 10

മഹാലക്ഷ്മ്യൈ ച വിദ്മഹേ വിഷ്ണുപത്ന്യൈ ച
ധീമഹി. തന്നോ ലക്ഷ്മീഃ പ്രചോദയാത്. 11

ഋണരോഗാദി ദാരിദ്ര്യ പാപക്ഷുദ്രാപമൃത്യവഃ
ഭയശോക മനസ്താപാ നശ്യന്തു മമ സർവ്വദാ 12

ശ്രീവർച്ചസ്വമായുഷ്യമാരോഗ്യ- മാവിധാച്ഛോഭമാനം മഹീയതേ
ധാന്യം ധനം പശും സുപുത്രലാഭം ശതസംവത്സരം ദീർഘമായുഃ 13

## ശ്രീസരസ്വതീസൂക്തം

ഓം ആ നോ ദിവോ ബൃഹതഃ പർവ്വതാദാ സരസ്വതീയജതാ ഗന്തു യജ്ഞം. ഹവം ദേവീജുജുഷാണാ ഘൃതാചീ ശന്മാം നോ വാചമുശതീ ശൃണോതു. 1

പാവീരവീ കന്യാ ചിത്രായുഃ സരസ്വതീ വീരപത്നീ ധിയം ധാത്. ഗ്നാഭിരച്ഛിദ്രഗും ശരണഗും സജോഷാദുരാധർഷം ഗൃണതേ ശർമ്മ യഗുംസത്. 2

ഇമാ ജുഹ്വാനാ യുഷ്മദാ നമോഭിഃ പ്രതി സ്തോമഗ്ഗും സരസ്വതി ജുഷസ്വ. തവ ശർമ്മൻ പ്രിയതമേ ദധാനാഃ ഉപസ്ഥേ യാമ ശരണം ന വൃക്ഷം. 3

യസ്തേ സ്തനഃ ശശയോ യോ മയോഭുഃ. യേന വിശ്വാ പുഷ്യസി വാര്യ്യാണി. യോ രത്നധാ വസുവിദ്യഃ സുദത്രഃ. സരസ്വതീ തമിഹ ധാതവേ്കഃ. 4

സരസ്വത്യഭി നോ നേഷി വസ്യഃ മാപസ്ഫരീഃ പയസാ മാ ന ആധക്. ജുഷസ്വ നഃ സഖ്യാ വേസ്യാ ച. മാ ത്വത് ക്ഷേത്രാരണ്യാനി ഗന്മ. 5

ഇയഗ്ഗും ശുഷ്മേഭിർബിസഖാ ഇവാരുജത്. സാനു ഗിരീണാം തവിഷേഭിരൂർമ്മിഭിഃ പാരാവദഘ്നീമവസേ സുവൃക്തിഭിഃ സരസ്വതീ മാവിവാസേമ ധീതിഭിഃ 6

പാവകാ നസ്സർസ്വതീ വാജേഭിർവ്വാജിനീവതീ. യജ്ഞം വഷ്ടു ധിയാ വസുഃ. 7



Scanned with CamScanner

ചോദയിത്രീ സുനൃതാനാം ചേതന്തീ സുമതീനാം യജ്ഞം ദധേ സരസ്വതീ. 8

മഹോ അർണ്ണസ്സരസ്വതീ പ്രചേതയതി കേതുനാ. ധിയോ വിശ്വാ വിരാജതി. 9

പ്രണോ ദേവീ സരസ്വതീ വാജേഭിർവ്വാജിനീവതീ ധീനാമവിത്ര്യവതു. 10

ഉത നഃ പ്രിയാ പ്രിയാസു. സപ്ത സ്വസാ സുജുഷ്ടാ. സരസ്വതീ സ്തോമ്യാ്ഭുത്. 11

സക്തുമിവ തിതഉനാ പുനന്തോ യത്ര ധീരാ മനസാ വാചമക്രത. അത്രാ സഖായഃ സഖ്യാനി ജാനതേ ഭദ്രൈഷാം ലക്ഷ്മീന്നിഹിത താധി വാചി 12

## വാക്സൂക്തം

ദേവീം വാചമജനയന്ത ദേവാഃ
താം വിശ്വരൂപാഃ പശവോ വദന്തി.
സാ നോ മന്ദ്രേഷമൂർജം ദുഹാനാ.
ധേനുർവ്വാഗസ്മാനുപ സുഷ്ടുതൈതു. 1

യദ്വാഗ്വദന്ത്യവിചേതനാനി.
രാഷ്ട്രീ ദേവാനാം നിഷസാദ മന്ദ്രാ.
ചതസ്ര ഊർജ്ജം ദുദുഹേ പയാഗ്ംസി.
ക്വ സ്വിദസ്യാഃ പരമം ജഗാമ. 2

അനന്താമന്താദധി നിർമ്മിതാം മഹീം.
യസ്യാം ദേവാ അദധുർഭോജനാനി.
ഏകാക്ഷരാം ദ്വിപദാഗ്ം ഷട്പദാം ച.
വാചം ദേവാ ഉപജീവന്തി വിശ്വേ. 3

വാചം ദേവാ ഉപജീവന്തി വിശ്വേ.
വാചം ഗന്ധർവ്വാഃ പശവോ മനുഷ്യാഃ.
വാചീമാ വിശ്വാ ഭുവനാന്യർപ്പിതാ.
സാ നോ ഹവം ജുഷതാമിന്ദ്രപത്നീ. 4

വാഗക്ഷരം പ്രഥമജാ ഋതസ്യ.
വേദാനാം മാതാമൃതസ്യ നാഭിഃ.
സാ നോ ജുഷാണോപ യജ്ഞമാഗാത്.



Scanned with CamScanner

അവന്തീ ദേവീ സുഹവാ മേ അസ്തു. 5

യാമൃഷയോ മന്ത്രകൃതോ മനീഷിണഃ
അന്വൈച്ഛൻ ദേവാസ്തപസാ ശ്രമേണ.
താം ദേവീം വാചഗ്ും ഹവിഷാ യജാമഹേ.
സാ നോ ദധാതു സുകൃതസ്യ ലോകേ. 6

ചത്വാരി വാക് പരിമിതാ പദാനി.
താനി വിദുർബ്രാഹ്മണാ യേ മനീഷിണഃ.
ഗുഹാ ത്രീണി നിഹിതാ നേങ്ഗയന്തി.
തുരീയം വാചോ മനുഷ്യാ വദന്തി.

**മേൽ വിവരിച്ച മന്ത്രങ്ങൾ കൂടാതെ ലളിതാസഹസ്രനാമം, ദേവീമഹാത്മ്യം അഥവാ ദുർഗാ സപ്തശതി എന്നീ മന്ത്രങ്ങൾ ചൊല്ലിയും സരസ്വതീ ദേവിക്ക് പുഷ്പാർച്ചന നടത്താവുന്നതാണ്.**



Scanned with CamScanner

ജാതകർമ്മം, നിഷ്ക്രമണം, നാമകരണം, ചൂഡാകർണം, അന്നപ്രാശനം, വിദ്യാരംഭം, ഉപനയനം, മരണ സമയത്തും മരണാനന്തരവും ചെയ്യേണ്ട കർമ്മങ്ങൾ. കൂടാതെ സമൂഹം ചെയ്യേണ്ടതായ പൂജാവിധികൾ

ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും
നിരക്കുന്ന വിധത്തിൽ ലളിതമായും
സംക്ഷിപ്തമായും വിവരിക്കുന്നു.

ജീവിതത്തിൽ പകർത്തുക

Scanned with CamScanner